# ഉപന്യാസദീപിക.


Edited by

**JOSEPH MUNDASSERY, M. A.**

Professor of Oriental Languages.
St. Thomas' College
TRICHUR.



Published by

**M. LONA, MALIAMMAVU.**

[Price 10 As.



Copy-right to Publisher.

Printed At
THE BHARATHA VILASAM PRESS,
TRICHUR.

# വിഷയവിവരം.


1. നക്ഷത്രം. 1_7

എ. ആർ. രാജരാജവൎമ്മ, എം. ആർ, എ എസ്സ്.

2. അപരിഷ്കൃത സമുദായങ്ങളുടെ ചില ആചാരവിശേഷങ്ങൾ. 7_15

കെ. എം. ചെറിയാൻ ബി. എ. എൽ. ടി.

3. ആഖ്യായിക അല്ലെങ്കിൽ നോവൽ. 15_30

വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ.

4. മരിച്ചാലത്തെ സുഖം. 31_39

വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ.

5. നിത്യശക്തികൾ. 40_62

എം. രാജരാജവൎമ്മരാജ എം. എ, ബി ൽ.

6. ജീവശാസ്ത്രം. 63_73

ജോർജ്ജ് മത്തായി എം. എ.

7. ഭാഷാപരിഷ്കാരം. 73_89

സി. അച്യുതമേനോൻ ബി. എ.

8. നളിനി. 89_105

ഡി. പത്മനാഭനുണ്ണി എം. എ.

9. സംസ്കൃതനാടകങ്ങളുടെ അഭിനയ യോഗ്യത. 105_113

ജോസഫ് മുണ്ടശ്ശേരി എം. എ.

# നക്ഷത്രം.

നക്ഷത്രം എന്നതു ലോകത്തിൽ ഒട്ടും അപൂൎവ്വമല്ലാത്ത ഒരു സാധനമാകുന്നു എന്നു മാത്രമല്ല, ഇത്രയും ധാരാളമായി വേറെ വല്ലതും ഉണ്ടോ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. ഭൂപൃഷ്ഠം എങ്ങിനെ മണ്ണുകൊണ്ടു നിരന്തരമായിരിക്കുന്നുവോ, അങ്ങിനെ ഗഗനതലം നക്ഷത്രങ്ങളാൽ പരിപൂൎണ്ണമായിരിക്കുന്നു. 'മേഘാവരണമോ, ചന്ദ്രസാന്നിദ്ധ്യമോ, ഇല്ലാത്ത ഒരു രാത്രികാലത്തു, നീലനീരന്ധ്രമായ നഭോമണ്ഡലത്തിൽ ദൃഷ്ടിപതിപ്പിക്കുന്നതായാൽ, ഒരു തുശി കുത്താൻ പഴുതില്ലാത്തവിധം, നക്ഷത്രങ്ങൾ തിങ്ങിവിളങ്ങുന്നതു കാണാം. ചെറുത്, വലുത്, ഇടത്തരം, എന്ന പല വലുപ്പത്തിലും, വെള്ള, നീലം, ചുവന്നത് എന്ന പല നിറത്തിലും, നക്ഷത്രങ്ങളെ നാം കാണുന്നു. നീലപ്പട്ടുകൊണ്ടുള്ള അറക്കെട്ടുവിതാനത്തിന്റെ മട്ടിൽ, പലവിധ പുഷ്പങ്ങൾ പതിച്ചു, ഭൂമിക്ക് ഒരു മേൽക്കെട്ടി ഈശ്വരൻ നിൎമ്മിച്ചിരിക്കുന്നതാണോ എന്നും, സ്വൎഗ്ഗലോകത്തിന്റെ വിവിധ രത്നഖചിതമായ അടിത്തട്ടാണോ എന്നും മററും ഒരു കവിയ്ക്കു ഈ നക്ഷത്രഗണത്തെ ഉൽപ്രേക്ഷിക്കാം. നക്ഷത്രങ്ങളെല്ലാം ഒന്നുപോലെ തിളങ്ങുന്നുണ്ടെങ്കിലും, സൂക്ഷിച്ചു നോക്കിയാൽ, ചിലതു ദീപംപോലെ ഇടവിടാതെ ജ്വലിക്കുന്നുവെന്നും, വേറെ ചിലതു മിന്നാമിനുങ്ങിനെപ്പോലെ വിട്ടുവിട്ടു പ്രകാശിക്കുന്നുവെന്നും ഒരു ഭേദം കാണാം.

ഈ നക്ഷത്രമണ്ഡലംപോലെ, അതിരമണീയവും ആശ്ചൎയ്യകരവും വിനോദപ്രദവുമായ മറെറാരു കാഴ്ച, ഈശ്വരൻ നമുക്കു തന്നിട്ടില്ല. എങ്കിലും, ഇതിന്റെ ഭയങ്കരമായ സൌന്ദൎയ്യം കണ്ടഭിനന്ദിക്കുന്ന ജനങ്ങൾ നമ്മുടെ ഇടയിൽ ചുരുങ്ങും. ഭൂമിയിലുള്ള കാട്ട്, മല, അരുവി, വയൽ മുതലായ കാഴ്ചകളെപ്പോലും, പകൽ സമയം കണ്ടു രസിക്കുന്നതിനു വേണ്ടുന്ന കൌതുകരസം ഇല്ലാത്ത ഇന്നാട്ടിലെ ബാലന്മാർ, ആകാശത്തിലെ നക്ഷത്രമണ്ഡലത്തെ രാത്രികാലം നോക്കി അഭിനന്ദിക്കുന്നതെങ്ങിനെ? പ്രകൃതിയെ സമീക്ഷിക്കുന്നതിനും, അതിലുള്ള നാനാപ്രകാരമായ രാമണീയകത്തെ അനുഭവിക്കുന്നതിനും, അതിന്റെ രഹസ്യങ്ങളെ കണ്ടുപിടിക്കുന്നതിനും, ഒരു വാസന ബാലന്മാൎക്കുണ്ടാകേണ്ടതാകുന്നു. ബാല്യവയസ്സിലേപ്പോലെ മനുഷ്യനു മറെറാരു വയസ്സിലും ജിജ്ഞാസയുണ്ടാകുന്നതല്ല. അക്കാലത്ത്, പുതുതായുള്ള വസ്തുക്കൾ കാണണമെന്നും, അതുകളുടെ സ്വരൂപവും സ്വഭാവങ്ങളും ഗ്രഹിക്കണമെന്നും, തീക്ഷ്ണമായ ഒരു അഭിലാഷം മനസ്സിന്നെപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കും. അതിനെ മാതാപിതാക്കന്മാരും, വാദ്ധ്യാന്മാരും ബലപ്പെടുത്തി, വേണ്ടുംവണ്ണം ബാലന്മാൎക്കു പ്രകൃതിതത്വങ്ങൾ ഉപദേശിച്ചുകൊടുത്താൽ, ഈ മാതിരി ദുരവസ്ഥയ്ക്ക് ഇടവരികയില്ലായിരുന്നു. ശ്രീവേദവ്യാസൻ, വാല്മീകി മുതലായ മഹൎഷിമാരും, കാളിദാസൻ, ഭവഭൂതി മുതലായ മഹാകവികളും, എത്രത്തോളം പ്രകൃതിതത്വരസികന്മാരായിരുന്നുവെന്ന്, അവരുടെ ഗ്രന്ഥങ്ങൾ നമുക്കു വെളിപ്പെടുത്തിത്തരുന്നു.

ആദികാലത്ത്, നമ്മുടെ പൂർവ്വികന്മാരിൽ കവികളും വിദ്വാന്മാരും മാത്രമല്ല, സാധാരണ ജനങ്ങളും പ്രകൃതിസമീക്ഷണത്തിൽ ജാഗരൂകന്മാരായിരുന്നു. ഏഷ്യാ മഹാഖണ്ഡത്തിൻെറ മദ്ധ്യഭാഗത്തിലുള്ള മൈതാനങ്ങളിൽ, അവർ കന്നുകാലികളെ മേച്ചുകൊണ്ടു നടന്നിരുന്ന കാലങ്ങളിൽ, രാത്രിതോറും, നിത്യം നക്ഷത്രങ്ങൾ ഉദിച്ചുയൎന്ന് ഉച്ചതിരിഞ്ഞ് അസ്തമിക്കുന്നത്, അവൎക്ക് ഒരു വിനോദകരമായ ജാഗരണോപായമായിരുന്നു. നിത്യസംസൎഗ്ഗത്താൽ, നക്ഷത്രങ്ങൾ അവൎക്കു പരിചയപ്പെട്ടു. പരിചയപ്പെട്ടവയെ വേർതിരിക്കുന്നതിലേക്കായി അവർ അവയ്ക്കു പേരുകളും കല്പിച്ചു. അഗസ്ത്യൻ, ധ്രുവൻ മുതലായി ഏതാനും ചിലതുകൾ മാത്രമേ ഒററ നക്ഷത്രങ്ങളായുള്ളു; അധികമെണ്ണങ്ങളും നക്ഷത്രസമുദായങ്ങളാകുന്നു. പുഴ ഇഴഞ്ഞുണ്ടാകുന്ന രേഖ, ചിലപ്പോൾ, അക്ഷരാകൃതിയിൽ വരുന്നതുപോലെ, നക്ഷത്രങ്ങളുടെ സന്നിവേശം വല്ല ജന്തുക്കളുടെയോ വസ്തുക്കളുടെയോ ആകൃതിയിൽ വരാവുന്നതാണല്ലോ. ഇങ്ങിനെ പൂർവ്വികന്മാർ, ആട്, മാട്, ഞണ്ട്, സിംഹം, മത്സ്യം, കുതിര, മാൻ മുതലായ ജന്തുക്കളുടേയും, ത്രാസ്, കുടം, വില്ല്, കൈവട്ടക്, കട്ടിൽ മുതലായ സാമാനങ്ങളുടേയും, ആകൃതിസാമ്യം കണ്ടു നക്ഷത്രക്കൂട്ടത്തിന് അതാതു പേരുകൾ കൊടുത്തു. (മേടം (=മേഷം=ആട്), ഇടവം (വൃഷഭം=കാള) മുതലായ പന്ത്രണ്ടു രാശികളും, അശ്വതി, ഭരണി മുതലായ ഇരുപത്തേഴ് നക്ഷത്രങ്ങളും ഈ വിധം ഉണ്ടായവയാകുന്നു. ഫ്ര രാശികൾക്ക്, രാശിചക്രമെന്നും, ൨൭ നക്ഷത്രങ്ങൾക്കു നക്ഷത്രചക്രമെന്നും പേരുകൾ പറയുന്നു. ഈ ചക്ര

ങ്ങളെക്കൊണ്ടു ഭൂമിയെച്ചുററി ആകാശത്തിൽ കിഴക്കു പടിഞ്ഞാറായി ദേശവ്യവസ്ഥയ്ക്കു ഉതകുന്ന ഒരു വൃത്തം നമുക്കു ലഭിക്കുന്നു. ഒരേ വൃത്തത്തെത്തന്നെയാണ് ൩൬൦ ആയിട്ടും, ൨൭ ആയിട്ടും വിഭജിച്ചിരിക്കുന്നത്. അതിനാൽ, വൃത്തത്തിന്റെ $\frac{1}{12}$ ആയ ഒരു രാശിക്കു, രണ്ടേകാൽ നക്ഷത്രം വീതം വരുന്നു. രാശിക്കു കൂറ് എന്നും പേരുണ്ട്; അതിനാലാണ് അശ്വതിയും ഭരണിയും കാൎത്തികക്കാലും മേടക്കൂറ് ഇത്യാദിവചനങ്ങൾ ഏൎപ്പെട്ടിട്ടുള്ളത്.

ആകാശത്തിൽ ജ്വലിച്ചുകൊണ്ടു കാണുന്ന എല്ലാ പ്രകാശബിന്ദുക്കൾക്കും ഒന്നുപോലെ നക്ഷത്രം എന്നു പേർ സാധാരണക്കാർ ഉപയോഗിക്കാറുണ്ടെങ്കിലും, ജ്യോതിശ്ശാസ്ത്രത്തിൽ നക്ഷത്രം എന്നത് ഒരു പ്രത്യേക ജാതിയാകുന്നു. വാനത്തിൽ വിലസുന്ന സകല വസ്തുക്കൾക്കും പൊതുവെ ഉപയോഗിക്കാവുന്ന സാമാന്യനാമം ജ്യോതിസ്സ് എന്നാകുന്നു. ജ്യോതിസ്സുകളെപ്പററിയുള്ള ശാസ്ത്രമാകയാലാണ് ജ്യോതിഷം എന്നു ശാസ്ത്രത്തിനു പേർ സിദ്ധിച്ചത്. ജ്യോതിസ്സുകളെ, ഗ്രഹം, നക്ഷത്രം, താരകാ, കേതു. (അല്ലെങ്കിൽ വാൽനക്ഷത്രം) ഉല്ക്കാ (അല്ലെങ്കിൽ കൊള്ളിമീൻ) എന്ന് അഞ്ചുവിധമായി വിഭജിക്കാം. ചലനമുള്ള ജ്യോതിസ്സു ഗ്രഹം. ചലനംകൂടാതെ സ്ഥിരങ്ങളായി നില്ക്കുന്നവ താരകകൾ. അനേകം താരകകൾ കൂടി ഒരു വസ്തുവിന്റെ ആകൃതിയായി ചമഞ്ഞതു നക്ഷത്രം. പ്രത്യേകിച്ചും അശ്വിന്യാദി ൨൭ എണ്ണങ്ങൾക്കാണ് ഈ പേർ. വാലുള്ളതും ദീൎഘകാലത്തിലൊരിക്കൽ ദൃശ്യമാകുന്നതും ആണു് കേതു. പല കാരണങ്ങളാലും ഗോളങ്ങളുടഞ്ഞു തീക്കൊള്ളിപോലെ എരിഞ്ഞുകൊണ്ടു പായുന്നത് ഉല്ക്കാ. പ്രധാനഗ്രഹങ്ങളെന്നും മു

ഖ്യഗ്രഹങ്ങളെന്നും ഗ്രഹങ്ങൾ രണ്ടുവിധം ഉണ്ട്. കുജൻ, ബുധൻ, വ്യാഴം, ശുക്രൻ, ശനി എന്നീ നാലും പ്രധാനഗ്രഹങ്ങളാണ്. നമ്മുടെ ഭൂമിയും ഇക്കൂട്ടത്തിലൊരു ഗ്രഹമാണ് എന്നു പറയുമ്പോൾ ആശ്ചൎയ്യം തോന്നിയെന്നു വരാം. എന്നാൽ, വാസ്തവം അങ്ങിനെ ആകുന്നു. ഭൂമിയുടെ ഉപഗ്രഹമാണ് ചന്ദ്രൻ. വ്യാഴം, ശനി മുതൽപേൎക്ക് ഒന്നിലധികം ഉപഗ്രഹങ്ങൾ, അല്ലെങ്കിൽ ചന്ദ്രന്മാർ, ഉണ്ട്. ഈ ഗ്രഹങ്ങളൊക്കെയും, താന്താങ്ങളെ ചുററുന്ന ഉപഗ്രഹങ്ങളോടുകൂടെ, സൎവ്വാധാരഭൂതനായ സൂൎയ്യനെ പ്രദക്ഷിണം ചെയ്തുവരുന്നു. കേതുക്കളും സൂൎയ്യനെത്തന്നെ ചുററുന്നുവെങ്കിലും, അതുകളുടെ ഭ്രമണവൃത്തം അതിദീൎഘങ്ങളാകയാൽ അവ സൂൎയ്യനെ വിട്ട് അതിദൂരം സഞ്ചരിക്കയും ചിലപ്പോൾ തിരിച്ചുവരാതെ ശൂന്യാകാശത്തിൽ പോയ പോക്കിനു പാഞ്ഞ് അകലുകയും ചെയ്യും.

നക്ഷത്രങ്ങളിൽ അശ്വിന്യാദി ഇരുപത്തേഴുകളാണ് പ്രധാനം എന്നു പറഞ്ഞുവല്ലൊ. ചന്ദ്രൻ ഇവയിൽ ഓരോന്നുവീതം, ദിവസംപ്രതി കടന്നു സഞ്ചരിക്കും. അറബിക്കാർ ഈ നക്ഷത്രങ്ങൾക്കു ചന്ദ്രന്റെ താവളങ്ങൾ എന്നു പേർ കൊടുത്തിരിക്കുന്നു. ചന്ദ്രൻ ൨൭ ദിവസംകൊണ്ട് ആകാശത്തിൽ ഒരു ചുററു പൂൎത്തിയാക്കുന്നു അപ്പോൾ ചന്ദ്രന്റെ ഒരു ദിവസത്തെ സഞ്ചാരസ്ഥലമാണ് ഒരു നക്ഷത്രം. പുരാണങ്ങളിൽ, ഈ നക്ഷത്രങ്ങൾ ദക്ഷപ്രജാപതിയുടെ പുത്രിമാരാണെന്നും, അവരെ ചന്ദ്രനു വിവാഹം ചെയ്തുകൊടുത്തുവെന്നും, അവരിൽ ഓരോരുത്തരോടുകൂടി ഓരോ ദിവസം വാണുകൊള്ളുന്നമെ

നും ഈശ്വരൻ ആജ്ഞാപിച്ചുവെന്നും പറഞ്ഞിരിക്കുന്നു. ചന്ദ്രൻ ഏതു നക്ഷത്രത്തിൽ ഒരു ദിവസം സഞ്ചരിക്കുന്നുവോ, ആ ദിവസം ആ നക്ഷത്രം അല്ലെങ്കിൽ നാൾ എന്നു നാം വ്യവഹരിക്കുന്നു. ഒരുവൻെറ ജന്മകാലത്തിൽ ചന്ദ്രൻ നിന്ന നക്ഷത്രമാണ്, അവൻെറ പിറന്നാൾ. നക്ഷത്രങ്ങളിൽ, തിരുവാതിര, ചോതി മുതലായി ചിലത് ഒററയായിട്ടുമുണ്ട്. അഗസ്ത്യൻ, ധ്രുവൻ മുതലായി വേറെയും ചില ഒററനക്ഷത്രങ്ങളുണ്ട്. ശരൽക്കാലത്തിൻെറ ആരംഭത്തിലാണ്, അഗസ്ത്യൻെറ ഉദയം. അഗസ്ത്യരശ്മികൾ തട്ടിയാൽ ജലം നിർവ്വിഷമാകുമെന്ന് ഒരു വിശ്വാസമുണ്ട്. ധ്രുവനക്ഷത്രം, പണ്ടു കപ്പൽയാത്രക്കാക്കു ദിക്ക് അറിയുന്നതിനു ദീപസ്തംഭംപോലെ ഉപകരിച്ചിട്ടുണ്ട്.

ഗ്രഹങ്ങളും ഉപഗ്രഹങ്ങളും നാം അധിവസിക്കുന്ന ഭൂഗോളംപോലെ പ്രകാശമില്ലാത്ത ജഡവസ്തുപിണ്ഡങ്ങളാകുന്നു. അവക്ക് സൂൎയ്യരശ്മി സമ്പൎക്കത്താലാകുന്നു പ്രകാശം ലഭിക്കുന്നത്. ആ ഗ്രഹങ്ങളിൽ താമസക്കാരുണ്ടെങ്കിൽ, അവരുടെ ദൃഷ്ടിയിൽ ഭൂഗോളവും സൂൎയ്യരശ്മി ഏററു പ്രകാശിക്കും. ഭൂമിയെ ചുററിവരുന്ന ചന്ദ്രൻ, സൂൎയ്യനു നേരെ എതിരായി വരുമ്പോൾ, സ്വബിംബം മുഴുവനും സൂൎയ്യരശ്മിയാൽ പ്രകാശിതമാകുന്നതുകൊണ്ടു പൂൎണ്ണനായി കാണപ്പെടുന്നു. സൂൎയ്യനോടു ചേൎന്നു വരുന്ന സമയം, പ്രകാശം മുഴുവനും ക്ഷയിച്ച് അദൃശ്യമായിത്തീരുന്നു. മദ്ധ്യേയുള്ള സ്ഥലങ്ങളിൽ, സൂൎയ്യൻെറ ആഭിമുഖ്യത്തിന് അനുരൂപമായി, സൂൎയ്യസന്നികൃഷ്ടമായ ഭാഗത്തിൽ മാത്രം പ്രകാശിക്കുന്നു.

താരകകളും നക്ഷത്രങ്ങളും സൂൎയ്യനെപ്പോലെ സ്വയം പ്രകാശങ്ങളാകുന്നു. ഇതുകറം ഒരു പ്രകാശബിന്ദുപോലെ ചെറുതായി നമുക്കു തോന്നുന്നതു ദൂരാധിക്യത്താലാകുന്നു. ഇവയുടെ ദൂരം ഇത്ര എന്നു സംഖ്യകൊണ്ടു പരിച്ഛേദിക്കാൻ സാധിക്കുന്നതല്ല. ഇവയിൽനിന്നു പുറപ്പെടുന്ന രശ്മി, ഭൂമിയിൽ എത്തുന്നതിന് ഇത്ര സംവത്സരകാലം വേണ്ടിവരും എന്നു കണക്കാക്കിയിട്ടാണ് ജ്യോതിഷികറം ഇവയുടെ ദൂരത്തെപ്പററി വ്യവഹരിക്കപതിവ്. രശ്മികളുടെ സഞ്ചാരവേഗമാകട്ടെ, ഒരു സെക്കൻറ് കാലത്തിൽ ൧,൮൦,൦൦൦ മയിൽ വീതമാകുന്നു ഒരു നക്ഷത്രത്തിൽനിന്നു പുറപ്പെടുന്ന രശ്മിക്കു ഭൂമിയിൽ എത്തുന്നതിന് അതിദീൎഘമായ കാലം വേണ്ടിവരുന്ന സ്ഥിതിക്ക്, പുതുതായി ഒരു നക്ഷത്രം ജനിക്കയോ ഉള്ളതിൽ ഒന്നു നശിക്കയോ ചെയ്യുന്നതായാൽ, നാം ആ സംഗതി അറിയുന്നത് അനേകം സംവത്സരങ്ങറം കഴിഞ്ഞിട്ടായിരിക്കാം. താരകകളിൽ വെച്ച് ഉള്ളതിൽ അടുത്തതും ഉള്ളതിൽ ചെറുതും, ആയതാണ് നമ്മുടെ സൂൎയ്യൻ എന്ന് ജ്യോതിശ്ശാസ്ത്രകാരന്മാർ സിദ്ധാന്തിക്കുന്നു.

എ. ആർ. രാജരാജവൎമ്മ, എം. എ., എം. ആർ. എ. എസ്സ്.

---

## അപരിഷ്കൃതസമുദായങ്ങളുടെ ചില ആചാരവിശേഷങ്ങറം.

---

അപരിഷ്കൃതസമുദായങ്ങളെ സംബന്ധിച്ച വിവരണത്തിൽ, ക്ഷുദ്രപ്രയോഗം ഒഴിച്ചുകൂടാത്ത ഒരു വിഷയമത്രെ. കേവലം നിൎവ്വിചാരന്മാരായി, മിക്കവാറും മൃഗ

ങ്ങളെപ്പോലെതന്നെ, ദിവസങ്ങളെ കഴിച്ചുകൂട്ടുന്നവരാണെങ്കിലും, ക്ഷുദ്രപ്രയോഗങ്ങളെന്നുവെച്ചാൽ അപരിഷ്കൃതന്മാൎക്കു വളരെ ഭയമാണു്. എന്തെങ്കിലും ഒരു ആപത്തോ രോഗമോ ഒരുവന്നു നേരിടുന്നതു്, ശത്രുക്കൾ എന്തോ ആഭിചാരം ചെയ്യുന്നതുകൊണ്ടാകുന്നു എന്നു നിൎണ്ണയിച്ചുകൊള്ളുകയും, ആ ദോഷത്തെ പരിഹരിക്കുന്നതിനായി പ്രതിവിധി ചെയ്യുന്നതിന്നു് ആളെ അന്വേഷിക്കുകയും ചെയ്യുന്നതു് അപരിഷ്കൃതസമുദായങ്ങളിൽ ദിവസംപ്രതി കാണാവുന്ന സംഗതികളാണു്. മനുഷ്യന്നു സ്വഭാവത്താൽ മരണം എന്നൊന്നു് ഇല്ലെന്നും, വല്ലവരുടേയും അസ്ത്രമേറ്റൊ മറ്റൊ മരിച്ചുപോകുന്ന ആളുകളെ ഒഴിച്ചു ശേഷമുള്ളവരെല്ലാം ശത്രുക്കളുടെ ക്ഷുദ്രപ്രയോഗങ്ങൾകൊണ്ടു മാത്രമാണു് മരിക്കുന്നതെന്നും തീൎച്ചയായി വിശ്വസിക്കുന്ന അനേകം കിരാതവൎഗ്ഗങ്ങളുണ്ടു്. അത്ര സൎവ്വവ്യാപകമായ ഒരു ഭയമാണു് അപരിഷ്കൃതസമുദായങ്ങൾക്കു ക്ഷുദ്രപ്രയോഗങ്ങളെക്കുറിച്ചുള്ളതു്.

ക്ഷുദ്രപ്രയോഗങ്ങളെ സംബന്ധിച്ച വിശ്വാസവും ഭയവും എല്ലാ അപരിഷ്കൃതസമുദായങ്ങളിലും പ്രബലങ്ങളായിരിക്കുന്നതിന്റെ കാരണം, അപരിഷ്കൃതമനസ്സിന്നു് ആന്തരികമായുള്ള വിസ്താരക്കുറവാണു് എന്നുവേണം പറവാൻ. ഒരു സ്നേഹിതന്റെ സ്മാരകമായി അദ്ദേഹത്തിന്റെ ഛായാപടത്തേയൊ അല്ലെങ്കിൽ കുറെ തലരോമങ്ങളേയൊ നാം സൂക്ഷിക്കുന്നു എന്നിരിക്കട്ടെ; ഛായാപടത്തെ അല്ലെങ്കിൽ തലരോമങ്ങളെ കാണുമ്പോൾ, ആ മനുഷ്യനെ നാം സ്മരിക്കുന്നതിനെളുപ്പമുണ്ടു്. എന്നാൽ ഖണ്ഡിക്കപ്പെട്ട തലരോമവും ആ മനുഷ്യനും തമ്മിൽ

ഉള്ള സംബന്ധം നമ്മുടെ മനസ്സിൽ മാത്രമാകുന്നു; അ ല്ലാതെ, വാസ്തവത്തിൽ അതുകൾ തമ്മിലല്ല എന്നുള്ളതു പ്രത്യക്ഷമാണല്ലോ. ഖണ്ഡിതരോമങ്ങളെ കരിക്കുകയോ മറെറാ ചെയ്താൽ, മുമ്പ് അത് എവിടെനിന്നിരുന്നുവോ, ആ തലയ്ക്കു യാതൊരു ഹാനിയും ഉണ്ടാകുന്നില്ല. ഇതി ൻെറ കാരണം ഖണ്ഡിതരോമങ്ങളും ശിരസ്സും തമ്മിൽ വസ്തുസംബന്ധം ഇല്ലാത്തതാണു്. എന്നാൽ അതുകൾ ഒന്നോടൊന്നു സംബന്ധിതങ്ങളായി നമ്മുടെ മനസ്സിൽ വത്തിക്കുന്നതിനാൽ, തലരോമങ്ങളെ കാണുന്ന ക്ഷണ ത്തിൽ ആ ആളെക്കുറിച്ചുള്ള സ്മരണ സ്വയമേവ നമ്മു ടെ മനസ്സിലുണ്ടാകുന്നുണ്ടു്. കാഴ്ചക്കാരുടെ മനസ്സിൽ ഇ തുകൾ സംബന്ധിതങ്ങളായി വത്തിക്കുന്നുണ്ടെങ്കിലും, ഇ വിടെ വസ്തുസംബന്ധം ഇല്ലെന്നുള്ളതിനെപ്പററി പരി ഷ്കൃതന്മാക്കു വിവാദമില്ല. എന്നാൽ ഇങ്ങിനെ പരിച്ഛേദം ചെയ്യുന്നതിന് അപരിഷ്കൃതന്മാർ ശക്തിയില്ലാത്തവരാ ണു്. ഒന്നു കാണുമ്പോൾ മറെറാന്നിനെ സംബന്ധിച്ചു ള്ള സ്മരണ ഉണ്ടാകുന്നത്, ആ വസ്തുക്കൾ തമ്മിൽ എ ങ്ങിനെയൊ വസ്തുസംബന്ധം കൂടെ ഉള്ളതുകൊണ്ടാകുന്നു എന്നത്രെ നീചന്മാരായ കിരാതന്മാർ അനുമാനിക്കുന്ന തു്. കേവലം മാനസികമായ ഒരു അവസ്ഥ, വസ്തുക്കൾ തമ്മിലും ഉണ്ടെന്ന് അനുമാനിക്കുന്നതിൽനിന്നാകുന്നു അപരിഷ്കൃതസമുദായങ്ങളിൽ ആഭിചാരപ്രയോഗങ്ങൾ ജനിക്കുന്നതും വളരുന്നതും.

ഒരു മനുഷ്യൻെറ നഖമൊ മുടിയൊ തുപ്പലൊ മ റെറാ കുറെ കൈവശപ്പെടുത്തി, അതിനെ അരയ്ക്കുകയൊ

ദഹിപ്പിക്കുകയൊ ചെയ്താൽ, ആ മനുഷ്യന്നു രോഗബാധയൊ മരണമൊ മറ്റൊ ഉണ്ടാകുമെന്നു പല അപരിഷ്കൃത സമുദായങ്ങളും വിശ്വസിച്ചുപോരുന്നുണ്ടു്. ഈ വിശ്വാസത്തിന്റെ ദൃഢതനിമിത്തം ആകുന്നു, അൻറാർററിക സമുദ്രത്തിലുള്ള ചില ദ്വീപങ്ങളിലെ പ്രഭുക്കന്മാർ എവിടെപ്പോയാലും കോളാമ്പിയുംകൊണ്ടു പരിചാരകന്മാർ അടുത്തു നടന്നുകൊള്ളണമെന്നു ചട്ടമുണ്ടായിരിക്കുന്നതു്. തുപ്പൽ അല്പമെങ്കിലും നിലത്തു വീഴാതെ കോളാമ്പിയിൽ ശേഖരിച്ചു്, അതു് ആഭിചാരകന്മാരുടെ അധീനത്തിൽ വരാതിരിപ്പാൻ തക്കവണ്ണം, ഗൂഢസ്ഥലങ്ങളിൽ അവർ കുഴിച്ചുമൂടുന്നു. ന്യൂഹെബ്രസിസിൽ രോഗകാരന്മാർ എന്നൊരുകൂട്ടം ആളുകളുണ്ടു്. ഒരുവന്റെ ഉച്ഛിഷ്ടം എടുത്തു വല്ല തോലിന്നകത്തോ മറ്റോ വെച്ചു തെറുത്തു് ഒരു അററത്തു തീകത്തിച്ചു (ചുരുട്ടുപോലെ) കുറേശ്ശ ദഹിപ്പിക്കുകയാണു് ഇവർ ചെയ്യുന്നതു്. ഉച്ഛിഷ്ടം മറവു ചെയ്യാതിരുന്നാ ആ നിർഭാഗ്യമനുഷ്യൻ ക്ഷീണിച്ചു ക്ഷീണിച്ചു രോഗിയായി ക്രമംകൊണ്ടു മരിച്ചുപോകുമെന്നാണു് ആ ദിക്കുകാരുടെ വിശ്വാസം. ആക്കെങ്കിലും ദീനം പിടിച്ചാൽ, ആ ആളുടെ ഉച്ഛിഷ്ടങ്ങളെ ആഭിചാരകന്മാർ എവിടെയൊ ദഹിപ്പിക്കുന്നുണ്ടെന്നു് അവർ പരിപൂർണ്ണമായി വിശ്വസിക്കുന്നു. അഗ്നി കെടുത്തി രോഗിയെ രക്ഷിക്കണമെന്നു പ്രാർത്ഥിച്ചും, സമ്മാനങ്ങൾ തരാമെന്നു വാഗ്ദാനം ചെയ്തും, രോഗികളുടെ ചാർച്ചക്കാർ പറയടിച്ചു പ്രസിദ്ധംചെയ്യുക അവിടങ്ങളിൽ സാധാരണയാണു്. ഇങ്ങിനെയുള്ള പ്രഘോഷണങ്ങളും അട്ടഹാസങ്ങളും എല്ലാ രാത്രിയിലും കർണ്ണകഠോരമായി കേൾക്കാമാ

യിരുന്നു എന്ന്, ആ ദ്വീപത്തിൽ കുറെക്കാലം താമസി
ച്ചിരുന്ന ടർനർ എന്ന യൂറോപ്യൻ എഴുതിയിരിക്കുന്നു.

ഒരു മനുഷ്യനും അയാളുടെ ഛായാപടവും തമ്മിൽ വസ്തുസംബന്ധമുണ്ടെന്നുള്ളതു മിക്ക അപരിഷ്കൃതസമുദായങ്ങളിലും പ്രബലമായിട്ടുള്ള ഒരു അബദ്ധവിശ്വാസമത്രെ. ഛായയെ കാണുമ്പോൾ അതു കുറിക്കുന്ന മനുഷ്യനെപ്പററി ഓർമ്മയുണ്ടാകുന്നത്, ആകൃതിയിൽ അവരണ്ടും തമ്മിൽ സാമ്യമുണ്ടായിരിക്കുന്നതിനാലാണ്. എന്നാൽ അവ തമ്മിൽ ഇങ്ങിനെ സാമ്യമുണ്ടാകുന്നതു മനുഷ്യനിൽനിന്നു ഛായയിലേക്കു ജീവൻെറ ഒരു അംശം പ്രവേശിക്കുന്നതുകൊണ്ടാണെന്നും, ആയതിനാൽ ഛായാപടം എടുക്കപ്പെടുന്ന മനുഷ്യൻ ദുർബ്ബലനാകുന്നതാണെന്നും, ആകുന്നു അവരുടെ വിശ്വാസം എന്നു തോന്നിപ്പോകുന്നു. ഉപദ്രവിക്കണമെന്നുള്ള കരുതലോടുകൂടി അമേരിക്കക്കാരായ ചില കാട്ടാളന്മാർ ഒരിക്കൽ മിസ്റ്റർ കെയിൻ എന്നൊരു ധീരനെ വളഞ്ഞു. ആ കിരാതന്മാർ ഛായാപടം എടുക്കുന്നതിനെപ്പററി വളരെ ഭയം ഉള്ളവരാണെന്ന് അദ്ദേഹം അറിഞ്ഞിരുന്നതിനാൽ, "എൻെറ അടുത്തുവന്നാൽ ഞാൻ നിങ്ങളുടെ ഛായ എടുത്തുകളയും" എന്നു പറഞ്ഞ് അവരെ ഓടിച്ച്, അദ്ദേഹം തെററിയൊഴിയുന്നതിനു സംഗതിയായി.

**ചിത്രം ശത്രുക്കളുടെ കൈവശം ആവുകയും, അവർ അതിനെ കീറീട്ടോ മററോ നശിപ്പിക്കയും ചെയ്താൽ, ആ ചിത്രത്തിൻെറ മൂലപുരുഷൻ മരിച്ചുപോകുന്നതാണെന്നു നീചന്മാരായ കിരാതന്മാർക്കു വിശ്വാസമുണ്ട്.**

മിസ്റ്റർ കാററിലൻ എന്നൊരു സായ്പ് ഒരിക്കൽ മഹോഷിഗു എന്നു പേരായ ഒരു കിരാതപ്രഭുവിൻെറ പടം എഴുതി. മുഖത്തിൻെറ ഒരു പാൎശ്വംമാത്രം കാണുന്ന വിധത്തിലായിരുന്നു പടം. "ഇതുകണ്ടിട്ട്, മുഖത്തിൻെറ മറേറപാൎശ്വം ഒന്നിനും കൊള്ളരുതാത്തതാണ്; മഹോഷിഗു മുഴുപ്പുരുഷനാണെന്നു തോന്നുന്നില്ല; പാതിക്കുമാത്രമേ വിലയുള്ളു. അതറിഞ്ഞിട്ടാണ് ശീമക്കാരൻ ഇങ്ങിനെ എഴുതിപ്പിടിപ്പിച്ചത്" എന്നൊക്കയും മഹോഷിഗിൻെറ ശത്രുവായ വേറൊരു കിരാതപ്രഭു അധിക്ഷേപം പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. ഇതുമൂലം ആ രണ്ടു വൎഗ്ഗക്കാർ തമ്മിൽ ഒരു യുദ്ധം ഉണ്ടാകുന്നതിനും മഹോഷിഗ് ഒരു വെടിയുണ്ട ഏററു മരിക്കുന്നതിനും സംഗതിയായി. വെടിയുണ്ട കൊണ്ടതു ചിത്രത്തിൽ എഴുതപ്പെടാഞ്ഞ മുഖാംശത്തിലായിരുന്നു. ഇതുകൂടെ കണ്ടപ്പോഴേക്ക്, സാധുവായ മിസ്റ്റർ കാററിലിൻ ആ ദേശം വിട്ടുകളഞ്ഞതിനാൽ പ്രാണഹാനി ഉണ്ടായില്ല. എന്നാൽ മഹോഷിഗിൻെറ ആശ്രിതന്മാർ പിന്നെയും മററവരോടു യുദ്ധംചെയ്തു. അധിക്ഷേപിച്ച കിരാതപ്രഭുവിനേയും അയാളുടെ സഹോദരനേയും കൊലചെയ്തതിൻെറ ശേഷം മാത്രമേ, ആ മത്സരത്തിന് അമച്ചയുണ്ടായുള്ളു. ഇതിനൊക്കെയും കാരണം ഒരു ചിത്രമായിരുന്നു. ഇതിനു ശീമരാജ്യങ്ങളിലെങ്ങും പോകേണ്ട. നമ്മുടെ മലയാളരാജ്യത്തിലും, നാട്ടുപുറങ്ങളിൽ താമസിക്കുന്നവരിൽ അധികംപേരും, ഛായാപടം എടുക്കുന്നതിനെപ്പററി നല്ല സന്തോഷമില്ലാത്തവരാണെന്നുള്ളതു പ്രസിദ്ധമാണല്ലോ. പടത്തിനോടു ശത്രുക്കൾ ചെയ്യേക്കാവുന്ന ഉപദ്രവം ത

ങ്ങൾക്ക് അനുഭവമാകുമെന്ന് അസന്ദിഗ്ദ്ധമായ ബോധം ഇവൎക്കില്ലെന്നുവരികിലും, അസംതൃപ്തിക്കുള്ള കാരണ ത്തെ സൂക്ഷ്മമായി ആലോചിച്ചാൽ, മരണമൊ മററു ദോഷമൊ പടംമൂലമായി തങ്ങൾക്കു സംഭവിച്ചേക്കാമെ ന്ന് ഇവരുടെ മനസ്സിന്നടിയിൽ ഒരു ഭയം മറഞ്ഞുകിടക്കു ന്നുണ്ടെന്നുള്ള വാസ്തവം ഗ്രഹിക്കാവുന്നതാണ്.

ശത്രുസംഹാരംചെയ്യാൻ കൈകണ്ടതെന്നു ലങ്ക യിൽ താമസക്കാരായ തമിഴർ വിശ്വസിച്ചുവരുന്ന ഒരു ആഭിചാരപ്രയോഗം പല പുസ്തകങ്ങളിലും വിവരിക്ക പ്പെട്ടിട്ടുണ്ട്. ഈ പ്രയോഗം ചെയ്യേണ്ടതിന്ന് ആദ്യ മായി ആവശ്യമുള്ളത് ഒരു ആൺകുട്ടിയുടെ തലയോടാ ണ്. ഈ പ്രത്യേകോദ്ദേശ്യത്തിന്നായി കൊല്ലപ്പെട്ട ഒരു പ്രഥമപുത്രന്റെ തലയോടാണ് ഉത്തമപക്ഷം. തല യോടിനെ നല്ലവണ്ണം മിനുസപ്പെടുത്തി അതിന്മേൽ ചില ചിത്രങ്ങളെല്ലാം വരയ്ക്കുകയും, ആരെ ഹനിക്കണ മെന്ന് ഉദ്ദേശിക്കുന്നുവോ അയാളുടെ നാമം അതിന്മേ ലെഴുതുകയും ആകുന്നു ആഭിചാരകന്മാർ പിന്നെ ചെയ്യു ന്നതു്. ഇത്രയും തയാറാക്കിയതിന്റെ ശേഷം, ഉദ്ദിഷ്ട പുരുഷന്റെ കാലടിപതിഞ്ഞിട്ടുള്ള സ്ഥലത്തുനിന്ന് അ ല്പം മണ്ണും, ആ ആളുടെ തലരോമവും തുപ്പലും, കൂട്ടി ഇ ളക്കി ഒരു കറുത്തിയപ്പലകയിൽ വെക്കണം. ഇങ്ങിനെ തയാർചെയ്യപ്പെട്ട തലയോടും പലകയും ഒരു ശ്മശാന സ്ഥലത്തു സ്ഥാപിച്ച്, അടുത്ത നാല്പതുരാത്രികളിൽ ആഭിചാരകൻ ചില മന്ത്രങ്ങളും മററും ഉരുവിടാനുണ്ട്. ഇങ്ങിനെ ചെയ്താൽ കറുത്തിയപ്പലകയിലുള്ള കുഴമ്പ്

ഉണങ്ങുന്നതിനനുസരിച്ച്, ഉദ്ദിഷ്ടപുരുഷൻ വാടിവരണ്ട് ഉണങ്ങി മരിച്ചുപോകുന്നതാണെന്നു സംശയലേശമില്ലാതെ അവർ വിശ്വസിക്കുന്നു. വദ്ധ്യപുരുഷനോടു സംബന്ധമുള്ളവയെന്നു വിചാരിക്കപ്പെടാവുന്ന പലതും ചേൎന്നിട്ടുള്ളതുകൊണ്ടായിരിക്കാം, ഇത് ഒരു അററകയ്യായി വിചാരിക്കപ്പെടുന്നത്. കാൽപതിഞ്ഞ മണ്ണ്, മുടി, തുപ്പൽ ഇവ മൂന്നുംകൂടാതെ, തലയോടും ശ്മശാനസ്ഥലവുംകൂടെ വേണമെന്നുള്ളത്, ഇവ രണ്ടും മരണത്തെ സവിശേഷം ഓൎമ്മിപ്പിക്കുന്നതുകൊണ്ടായിരിക്കാം.

ഇൻഡ്യയിൽ നടപ്പുള്ള ഒരു പ്രയോഗവും ഇതിന് ഏകദേശം അനുസരിച്ചിരിക്കുന്നു. അശുദ്ധങ്ങളായ നരസ്ഥലങ്ങളിൽനിന്നും എടുക്കപ്പെട്ട മണ്ണും മുടിയും നഖവും മററും ചേൎത്തുതീൎത്ത ഒരു ആൾരൂപത്തിന്മേൽ വദ്ധ്യപുരുഷൻെറ നാമം ആദ്യംതന്നെ എഴുതപ്പെടണം. പിന്നെ ചില മന്ത്രങ്ങളൊക്കയും ചൊല്ലിയതിൻെറ ശേഷം, ഈ രൂപത്തെ രാകി പൊടിക്കുകയൊ, അററത്തുകിറുകയൊ ചെയ്താൽ, മനസ്സിൽ കണ്ട ആളുടെ കഥ കഴിയുമെന്നാണ് സങ്കല്പം.

ലോകത്തിൻെറ നാനാഭാഗങ്ങളിൽ നടക്കുന്ന ആഭിചാരപ്രയോഗങ്ങളെ പരിച്ഛേദിക്കുന്നതായാൽ, അവ എല്ലാം മേൽക്കണ്ടപ്രകാരം, സാരാംശത്തിൽ ഏകരീതിയിലുള്ളവയാകുന്നു എന്നു സ്പഷ്ടമാവും. ആരെ ഉപദ്രവിക്കണമെന്ന് ഉദ്ദേശിക്കുന്നുവോ, ആ ആളോടു വല്ലപ്രകാരത്തിലും സംബന്ധമുള്ള വസ്തുക്കളെ സമ്പാദിച്ച്, പല പ്രകാരങ്ങളിൽ രൂപാന്തരം ചെയ്ത് ഉണക്കുകയോ ചുടുക

യോ മററൊ ആകുന്ന എല്ലാ ആഭിചാരകന്മാരും ചെയ്യുന്നത്. വസ്തുസംബന്ധം വാസ്തവത്തിൽ ഇല്ലാത്തവയാണെങ്കിലും, അന്യോന്യം സംഘടിതങ്ങളായി മനസ്സിൽ സ്ഫുരിക്കുന്ന വസ്തുക്കൾ തമ്മിൽ സംബന്ധം തീച്ചയായും ഉണ്ടെന്നുള്ള ഭ്രമമാകുന്നു, അപരിഷ്കൃതന്മാരെ ഇങ്ങിനെ അബദ്ധത്തിൽ ചാടിക്കുന്നത്. മനസ്സിന്നു പരിഷ്കാരം വരുന്നതിനനുസരിച്ച്, കേവലം മാനുഷാന്തസ്ഥിതമായ വികാരവും വസ്തുസംബന്ധവും വിവേചിച്ചറിയുന്നതിന്നു മനുഷ്യൎക്കു കഴിവുണ്ടാകയും, ക്ഷുദ്രപ്രയോഗങ്ങളിലുള്ള വിശ്വാസം കുറഞ്ഞുകുറഞ്ഞ് ഒട്ടുവിൽ ഇല്ലെന്നാവുകയും ചെയ്യുന്നു.

കെ. എം. ചെറിയൻ ബി. എ., എൽ. ടി.

## ആഖ്യായിക അല്ലെങ്കിൽ നോവൽ.

വിദ്വാന്മാരുടെ ദരിദ്രതയും ധനവാന്മാരുടെ അപാണ്ഡിത്യവും പ്രസിദ്ധമാണെങ്കിലും, കൊടുങ്ങല്ലൂര്, കോട്ടയം, കടത്തനാട് മുതലായ രാജ്യങ്ങളിലെ രാജാക്കന്മാർ പണ്ടു പണ്ടെ മഹാ വിദ്വാന്മാരായിരുന്നു. സാമാന്യം ശ്ലോകാൎത്ഥമുള്ള പരദേശികൾ നമ്മുടെ നാട്ടിൽ വന്ന് ഓരോ തക്കിടിയും പറഞ്ഞ് അനവധി പണവും പററിച്ചുകൊണ്ടുപോകുന്ന പതിവു പണ്ടും ലേശംപോലും കുറവുണ്ടായിരുന്നില്ല. ഇതു നല്ലൊരു തരമാണെന്നു കരുതി അല്പം ലോകവ്യുല്പത്തിയുള്ള ഒരു "ശാസ്ത്രി" തഞ്ചാവൂരുനിന്നു പുറപ്പെട്ടു മലയാളത്തിലെ ഒരു രാജാവിന്റെ അടുക്കൽ വന്നു. പണ്ഡിതസംസൎഗ്ഗം ആ രാജാവിന്നു വള

രെ സന്തോഷപ്രദവുമായിരുന്നു. താൻ വലിയ ഘനപാഠിയാണ് മഹാകവിയാണെന്നൊക്കെ പറഞ്ഞു നടക്കുന്ന ഈ ശാസ്ത്രി കോവിലകത്ത് എത്തിയത് ഒരു രാത്രിയിലാണ്. അകാലമായതുകൊണ്ട് അന്നു രാജാവിനെക്കണ്ടു സംസാരിപ്പാനൊന്നും തരമായില്ല.

പിറ്റെന്നാൾ പ്രകാശത്തിന്നെഴുന്നീററു കാലും മുഖവും കഴുകി, കുളിച്ച് വേഷം കെട്ടി നനച്ചുനനച്ച് സ്വതേയുള്ള നിറം കേവലം മാറി പഴപ്പുവൎണ്ണമായിട്ടുള്ള ഒരു സോമൻകൊണ്ട് "പഞ്ചഗച്ഛം" വെച്ചുടുത്ത്, സൎവ്വാംഗം ഭസ്മവും പൂശി, കഴുത്തിൽ രുദ്രാക്ഷമാലയും ധരിച്ചു തോളിൽ ഭാണ്ഡവും എടത്തെ കയ്യിൽ വിശറിയുമായി പൂമുഖത്ത്, ചെന്നിരുന്നു. രാജാവ് പതിവുപോലെ പുറത്തെഴുന്നള്ളിയിരുന്നപ്പോൾ ശാസ്ത്രി വേഗത്തിൽ എഴുന്നീററ് "ഭോ ഭോ മഹാരാജാ" എന്ന് ഉച്ചത്തിൽ വിളിച്ചുംകൊണ്ട്,

"യം പാലയസി പാലയസി
യം യം പാലയസി പാലയസി
യം പാലയസി ധൎമ്മം ത്വം
ധൎമ്മ ധൎമ്മ ധൎമ്മം ത്വം
പാലയസി ധൎമ്മം ത്വം
ധൃത്വാ ച ധൃത്വാ ച നിയമേന ച
സവൈരാഘ, രാഘവ രാഘവശാൎദ്ദൂല
ധൎമ്മധൎമ്മ ധൎമ്മസ്ത്വാം
ത്വാമഭിരക്ഷതു"

എന്നിങ്ങിനെ ശ്വാസംവിടാതെ പടകംപൊട്ടിക്കുംപോലെ ചടപടചടപടയെന്ന് പൊടിപാറി ആശീൎവ്വാ

ദംചെയ്തു, അവിടെത്തന്നെ ഇരുന്നു. ഇതു കേട്ടപ്പോഴെക്ക നാലുപുറത്തും നിന്നിരുന്നവർ, ഇദ്ദേഹം ഒരു മഹാവിശിഷ്ടൻതന്നെയാണെന്നു ധരിച്ചുവശായി. ഈ പകിട്ടുകൊണ്ടൊന്നും രാജാവു ലേശംപോലും കുലുങ്ങിയില്ല.

ശ്ലോകം കേട്ടപ്പോൾതന്നെ രാമായണത്തിലൊ മറ്റൊ ഉള്ള ഒരു ശ്ലോകം ഈ മട്ടിൽ ചൊല്ലിയതാണെന്നു രാജാവിന്നു മനസ്സിലായിക്കഴിഞ്ഞു. എങ്കിലും പട്ടരുടെ വിഡ്ഢിത്വം എത്രമേലുണ്ടെന്നറിയണമെന്നു വിചാരിച്ച് തല്ക്കാലം ഒന്നും മിണ്ടിയില്ല. രാജാവ് ഒരു വങ്കനാണ്; വ്യുൽപ്പത്തിയുടെ ഗന്ധംപോലുമില്ല; ഇദ്ദേഹത്തിനെ എളുപ്പത്തിൽ തോല്പിക്കാമെന്നു ശാസ്ത്രിയും കരുതി. കുറേനേരം കഴിഞ്ഞപ്പോൾ, അദ്ദേഹം മുമ്പെതന്നെ ഒരോലയിൽ എഴുതി കൊണ്ടുവന്നിട്ടുള്ള ഒരു ശ്ലോകം കാഴ്ചയായി തിരുമുമ്പാകെ വെച്ചു. രാജാവ് അതെടുത്തു നോക്കിയപ്പോൾ നൈഷധത്തിലെങ്ങാൻ ഉള്ളതാണെന്നു ക്ഷണത്തിൽ ധരിച്ചുവെച്ചു. ഈ വക ആളുകൾ അത്ര അധികമൊന്നും വായിക്കയില്ലെന്നാണ് പട്ടര് ഊഹിച്ചത്. കവനം വളരെ വിശേഷമായിരിക്കുന്നു എന്നും പറഞ്ഞു പട്ടരെഴുതിയ ശ്ലോകത്തിന്ന് താഴെ ക്ഷണത്തിൽ,

ഛായാമപഹരതി കവിഃ
പദമേകം പാദമേകമർദ്ധം വാ
സകലനിബന്ധനഹർത്ത്രേ
സാഹസകർത്ത്രേ നമസ്തുഭ്യം.

എന്നും എഴുതി ഓല അങ്ങട്ടുതന്നെ മടക്കിക്കൊടുത്തു. അതു വായിച്ചപ്പോൾ പട്ടര് സാമാന്യത്തിലധികം വഷളായി എന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

കേവലം ഈവിധമല്ലെങ്കിലും ഏകദേശം ഈ മട്ടിലുള്ള വിഡ്ഢാന്മാർ ഇപ്പോഴും ധാരാളമുണ്ടെന്നു നമുക്ക് ഇയ്യെടയിലും ദൃഷ്ടാന്തമായി.

വക്കീൽ അപ്പുനെടുങ്ങാടി അവർകൾ ഉണ്ടാക്കിയ "കുന്ദലതാ" എന്ന നോവൽ സാമാന്യം നന്നായിരിക്കുന്നുവെങ്കിലും തല്ക്കാലം അതിനെ കൊണ്ടാടുവാനും പ്രശംസിക്കുവാനും ആരും ഇല്ലാതിരുന്നതിനാൽ ദുർല്ലഭം ചിലർക്കേ അതു വാങ്ങി വായിച്ചു രസിപ്പാൻ ഇടയായിട്ടുള്ളു. "ഇന്ദുലേഖാ" എന്ന പുസ്തകം ബഹുരസികനും അതിസമർത്ഥനുമാണെന്നു മുമ്പെതന്നെ പ്രസിദ്ധിയുള്ള ഒരാൾ എഴുതിയുണ്ടാക്കിയതാണെന്ന് അറിഞ്ഞപ്പോൾ അത് എല്ലാവർക്കും വായിക്കേണ്ടതിന്നുള്ള ഭ്രമം കലശലായി. എന്നുമാത്രമല്ല ആ പുസ്തകം വായിച്ചിട്ടുള്ളവർക്കൊക്കെ അസാമാന്യമായ സന്തോഷവും, രസവും ഉണ്ടാവുക നിമിത്തം ഇനിയും ഈവിധം പുസ്തകം എഴുതി ഉണ്ടാക്കിയാൽ നന്നായിരുന്നു എന്നുള്ള വിചാരം മിക്ക ജനങ്ങൾക്കുമുണ്ടായി.

അതിൽപിന്നെ നോവൽ വായിക്കാനുള്ള ഭ്രമം കലശലായതുപോലെ, ചിലക്ക് അത് എഴുതുവാനുള്ള ഭ്രമവും വർദ്ധിച്ചു. നോവൽ എഴുതി ഉണ്ടാക്കുന്നത് എളുപ്പത്തിലാവുന്ന ഒരു പ്രവൃത്തിയുടെ കൂട്ടത്തിലാണ് ചിലർ കരുതീട്ടുള്ളത്. കുറെ ശ്ലോകമോ പാട്ടോ ഉണ്ടാക്കണമെങ്കിൽ വളരെയെല്ലാം ബുദ്ധിമുട്ടുണ്ട്. പ്രാസം, വൃത്തം എന്നുവേണ്ട പലതുകൊണ്ടും ഉപദ്രവംതന്നെ. മറേറതിന് ആ വക യാതൊരു തടസ്ഥവുമില്ല. നാം തമ്മിൽ

ഓരോന്നു് സംസാരിക്കുന്ന മാതിരിയിൽ കുറെ എഴുതി ക്കൂട്ടിയാൽ ഒരു നോവൽ ആയി. ശൃംഗാരവിഷയമായ ചില ശ്ലോകങ്ങളും, പോരെങ്കിൽ മുമ്പെയുള്ള വിദ്വാന്മാർ ശ്ലോകരൂപേണ ഓരോന്നിനെപ്പററി വൎണ്ണിച്ചതു നേരെ പകൎത്തെഴുതുന്നതു കേവലം മദ്ധ്യമമാണെന്നു തോന്നുന്ന ഭാഗം, ആവക ശ്ലോകങ്ങളുടെ അന്വയാൎത്ഥത്തിൽ ചിലതു കൂട്ടിയും കിഴിച്ചും അല്പം ചില ഭേദഗതികൾ ചെയ്തു് എടയെടെ കുറെ പൊടിപ്പും തൊങ്ങലും ചേൎക്കണം.

നോവലിൽ പഴഞ്ചൊല്ലുണ്ടാവുന്നത്ര വിശേഷമാണെന്നു് ഊഹിക്കേണ്ടിവന്നിരിക്കുന്നു. സംസ്കൃതപദങ്ങൾ ഉപയോഗിക്കുന്നതിൽ പക്ഷാന്തരമുണ്ടു്. ചിലൎക്കു് അതു് അധികം പാടില്ലെന്നാണഭിപ്രായം. മററു ചിലൎക്കു് അപൂൎവ്വപദങ്ങളിട്ടു വൎഷിക്കുന്നതാണു് സാമൎത്ഥ്യമെന്നുമുണ്ടു്. നോവലിൽ ഒന്നാമതു വേണ്ടതു പരിഹാസമാണത്രെ! വേറെ രസങ്ങളൊന്നും ഇല്ലെങ്കിലും തരക്കേടില്ല. കുറെ നേരമ്പോക്കുണ്ടായാൽ വളരെ വിശേഷമായി. നായികാനായകന്മാരായി രണ്ടാളെ കൂടാതെ കഴികയില്ലല്ലൊ. അവൎക്കു് കഥകളിക്കാർ പറയുംപോലെ "ആദ്യവസാനം" ഒന്നും വേണമെന്നില്ല. ഏതെങ്കിലും വിധത്തിൽ പുസ്തകം കുറെ വലിപ്പത്തിലായിരിക്കണം. അദ്ധ്യായം ഏറുംതോറും പണിക്കെളുപ്പമുണ്ടു്. അതു് അധികമാക്കാൻ നാം വിചാരിക്കുന്നത്ര ബുദ്ധിമുട്ടമില്ല.

"കൊളത്തിൽ പോയതും നീക്കോലിനെ കണ്ടതും" ഒന്നാമദ്ധ്യായം. "കരട്ടുതം" രണ്ടാമദ്ധ്യായം. "നമ്പൂരിയുടെ വിഡ്ഢിതവും ചങ്ങനെ ചെണ്ടകൊട്ടിച്ചതും" മൂ

ന്ന്. നാലാമത്തേത് "ഒരാണ്ടിയൂട്ട്." അഞ്ചാമത്തേതു "മകൾ തിരണ്ടതും മരുമകൻ വക്കീലായതും." "കൊടുങ്ങല്ലൂര് ഭരണി" ആറാമദ്ധ്യായം. "തോക്ക് ഉണക്കിയതും രസക്കയറ് മുറിഞ്ഞതും" ഏഴ്. എട്ടാമദ്ധ്യായത്തിൽ "പറങ്ങോടിയുടെ പരിഭ്രമവും പങ്ങന്റെ പരിങ്ങലും." "പങ്ങൻ പറങ്ങോടനായത്" ഒമ്പതാമദ്ധ്യയവും കഴിഞ്ഞു. ഇങ്ങിനെ ആവശ്യംപോലെ വദ്ധിപ്പിക്കാം. അല്പം മനസ്സുവെച്ചാൽ ഈ അദ്ധ്യായങ്ങൾ തമ്മിൽ ഒരുവിധം ഘടിപ്പിപ്പാനും സാധിക്കുന്നതാണ്. അവസാനം പറങ്ങോടിക്കു ചങ്ങനും പങ്ങനും സംബന്ധം അന്വേഷിച്ചു, പങ്ങൻ കാൎയ്യം പാറിച്ചു എന്നും വരണം. അതിൽ അവൎക്കു ചാപ്പനെന്നും ചീരുവെന്നും പേരായി രണ്ടു മക്കൾ ഉണ്ടായി എന്നും അവരെല്ലാവരും "ആയുരാരോഗ്ല്യസമ്പൽക്ഷേമാദികളോടുകൂടി ചിരകാലം ജീവിച്ചിരുന്നു" എന്നും കൂടി ഉണ്ടായാൽ വളരെ വെടിപ്പായി. കഥയും കഴിഞ്ഞു. ആകപ്പാടെ ഒരു നോവലും ആയി. പുസ്തകത്തിന്നു "പറങ്ങോടീപരിണയം" എന്ന പേരും ഇട്ടേക്കണം. കാൎയ്യത്തിന് എത്ര എളുപ്പം. ഈ വിദ്യ ഇതുവരെ ആരും കണ്ടുപിടിച്ചില്ലല്ലൊ കഷ്ടം!

ഓരോ അദ്ധ്യായങ്ങൾ തമ്മിൽ അധികമായ സംബന്ധം ഒന്നും അരുത്. എന്നുതന്നെയല്ല എല്ലാ അദ്ധ്യായങ്ങളുടേയും തലവാചകം വായിച്ചുനോക്കിയാൽ ലേശംപോലും അങ്ങുമിങ്ങും സംബന്ധം ഇല്ലാതെ ശുദ്ധ പിറാട്ട്കാരൻ സംസാരിക്കുംപോലെ ഇരിക്കണം. ഒന്നു വായിച്ചു കഴിയുമ്പോഴെക്കു മറേറതു വായിക്കേണ്ടതിന്നുള്ള

ഭ്രമം ഒട്ടം ഉണ്ടാവരുത്. ഈ ഒരു ദോഷം ഇന്ദുലേഖ യിൽ ധാരാളം ഉണ്ട്. അതിൽ ഒരദ്ധ്യായം കഴിയുമ്പോ ഴേക്കു മറ്റേതിലെ വിവരം അറിയേണ്ടതിലുള്ള ധൃതി ക ലശലാവുന്നു. ഇങ്ങിനെ അവസാനംവരെ ബഹുരസ ത്തിൽ കൂട്ടിച്ചേൎത്തുകൊണ്ടുപോയിട്ടുണ്ട്. മലയാളഭാഷ യിൽ ഗദ്യരീതിയിൽ പുസ്തകങ്ങൾ അധികമില്ലാത്തതു കൊണ്ടു വല്ലതും എഴുതിക്കൂട്ടിയാൽ എളുപ്പത്തിൽ ഒരു പേരുസമ്പാദിക്കാമെന്നല്ല, അത്രമാത്രം വല്ലതും ആദാ യം കിട്ടുവാനും മതി എന്നു വിചാരിച്ചു നാളെമുതൽ ചെട്ടി പിള്ളന്മാർകൂടി "അളകാപുരി അളകാപുരി എ ന്നൊരു പട്ടണം, അളകേശ്വരൻ അളകേശ്വരൻ എ ന്നൊരു രാജാവ്, ഭട്ടി ഭട്ടി എന്നൊരു മന്ത്രി, അവൎക്ക് അതികോമളന്മാരായി രണ്ടു പുത്രന്മാരും, അങ്ങിനെ രാ ജകുമാരന്മാരും മന്ത്രികുമാരനും വളരെ സ്നേഹമായിട്ടിരി ക്കുന്ന സമയം" എന്നിങ്ങനെ അവനവന്റെ സരസ്വ തിപ്രസാദംപോലെ വല്ലതും എഴുതി കഥ നാലഞ്ചായി ഭാഗിച്ച് എടയെടെ അസംബന്ധമായി വേറെ ഓരോ ന്നു വൎണ്ണിച്ചു കുറെ അദ്ധ്യായങ്ങളാക്കി നോവൽ എഴു താൻ തുടങ്ങും. കുറെകാലം കഴിയുമ്പോൾ ജനങ്ങൾക്ക് ഈ വക കൃതിയിൽ വിരക്തി ഉണ്ടാകുമെന്നുതന്നെയല്ല, യഥാൎത്ഥത്തിൽ യോഗ്യന്മാരായിട്ടുള്ളവൎക്കു മേലിൽ നോ വൽ എഴുതാൻതന്നെ വളരെ മടിയും ഉണ്ടാകും.

കാലപ്പഴക്കത്തിൽ ഗുണമുള്ളതും ഇല്ലാത്തതും ഏ താണെന്ന് എല്ലാവൎക്കും അറിയാറാവും എന്നുള്ളതിന്നു യാതൊരാക്ഷേപവുമില്ല. ഗുണമില്ലാത്തത്, അതുണ്ടായ തുപോലെതന്നെ ക്ഷണത്തിൽ നശിച്ചുപോകുന്നതാണ്.

ഓട്ടംതുള്ളൽ ആദ്യം ഉണ്ടാക്കിയതു കുഞ്ചൽനമ്പ്യാരാണ്. ആ രീതിയിൽ ബഹുജനങ്ങൾ ഇന്നും കവിത ഉണ്ടാക്കുന്നുണ്ട്, ഇതിൽ എത്ര ദുർല്ലഭമേയുള്ളു ആ മഹാൻെറ കവിതയോടു സദൃശീകരിപ്പാൻ എന്നു നമുക്ക് അറിഞ്ഞുകൂടെ? മയൂരസന്ദേശത്തിനുശേഷം എത്രയെത്ര സന്ദേശങ്ങളുണ്ടായി. ഒന്നുപോലും ബാക്കിയില്ല. അതുകൊണ്ടു കവിത ഉണ്ടാക്കുന്നതിന്നു വിരോധമില്ല.

പക്ഷെ ഗുണദോഷനിരൂപണം ചെയ്യാൻ തക്ക സാമൎത്ഥ്യമുള്ളവര് നല്ലത് ഏതാണ്, ചീത്ത ഏതാണെന്നു ജനങ്ങൾക്കു പറഞ്ഞുകൊടുക്കണം. അതല്ലാതെ "അദ്ദേഹം ഉണ്ടാക്കിയ നോവലും വിശേഷം, ഇദ്ദേഹമുണ്ടാക്കിയതും നന്നായിരിക്കുന്നു. അല്പം ചില ദൂഷ്യങ്ങൾ ഉണ്ടാവുന്നത് അസാധാരണമല്ലെങ്കിലും പുസ്തകം ആകപ്പാടെ വിശേഷമായിരിക്കുന്നു. കഥയിൽ അസംഭവ്യങ്ങളായ ചില സംഗതികളുണ്ടെന്നുവരികിലും വാചകത്തിന്നു വളരെ പുഷ്ടിയുണ്ട്" എന്നൊക്കെ അങ്ങുമിങ്ങും തട്ടാത്തവിധത്തിൽ വഴക്കിവഴക്കി ഒരഭിപ്രായം പറയുന്നതുകൊണ്ടു യാതൊരു സാദ്ധ്യവുമില്ല. ഓരോന്നിന്ന് ഇന്നിന്ന ഗുണമുണ്ട്, ഇന്നിന്ന ദോഷമുണ്ട് എന്നവിധം തിരിച്ചുപറയാതിരുന്നാൽ യോഗ്യന്മാരായ ഗ്രന്ഥകൎത്താക്കന്മാൎക്ക് ആയതു വലുതായ ഒരു വൈമനസ്യത്തിന്നുകൂടി കാരണമായി തീരുന്നതാണ്.

നോവൽ ഉണ്ടാക്കാനായി പ്രത്യേകിച്ചു സഹജമായ ഒരു വാസനയോ, മനുഷ്യരുടേയും ലോകത്തിലുള്ള അനേകവിധ സാധനങ്ങളുടേയും ഗുണദോഷചേഷ്ടകളെ എ

ത്രയും സൂക്ഷ്മമായും കൃത്യമായും അറിയേണ്ടതിന്നുള്ള ഒരു ശക്തിയോ സ്വതസ്സിദ്ധമായ ഒരു രസികതയോ സ്വഭാവോക്തിക്കനുസരിച്ചു, സംഭവ്യങ്ങളായ സംഗതികളെപ്പറ്റി സരസമായും സരളമായും എഴുതാനുള്ള ഒരു വിശേഷസാമൎത്ഥ്യമോ യാതൊന്നും വേണമെന്നില്ല. സാമാന്യം തെറ്റുകൂടാതെ എഴുതാനും വായിക്കാനും അറിയുന്നവൎക്കൊക്കെ 'ഓരോ പുതിയ കഥ' എഴുതാമെന്നാണ് വെച്ചിട്ടുള്ളത്. ഈ വക ആളുകൾ ഒരു നോവലിന്റെ ഉദ്ദേശം എന്താണെന്നുതന്നെ മനസ്സിലാക്കീട്ടുണ്ടെന്നു തോന്നുന്നില്ല.

സാധാരണയായി മനുഷ്യൎക്ക് അറിവും പഠിപ്പും കൊടുക്കുന്ന ഗ്രന്ഥങ്ങൾ മനസ്സിനെ എല്ലായ്പോഴും വിനോദിപ്പിക്കുകയോ രസിപ്പിക്കുകയോ ചെയ്യുന്നമാതിരിയിലല്ല. എന്നാൽ, 'നോവൽ' അതേ അറിവും പഠിപ്പും എല്ലായ്പോഴും മനസ്സിനെ വിനോദിപ്പിച്ചുംകൊണ്ട് കൊടുക്കുന്നതാണ്. ഇങ്ങിനെ ഏകകാലത്തിൽതന്നെ മനസ്സിനെ വിനോദിപ്പിക്കുകയും നമുക്ക് അറിവു വൎദ്ധിപ്പിക്കുകയും ചെയ്യാത്ത ഒരു പുസ്തകത്തെ 'നോവൽ' എന്നു പറഞ്ഞുകൂടുന്നതല്ല.

ഒരു നോവൽ വായിക്കുമ്പോൾ മനസ്സിന് അവാച്യമായ ഒരാനന്ദവും സുഖവും ബുദ്ധിക്കു ഗുണവും ഉണ്ടാകേണ്ടതാണ്. മനോഗുണത്തിന്നാസ്പദമായ കൃത്യാകൃത്യബോധത്തെ ഉണ്ടാക്കുന്നത്, ഇന്നതു ചെയ്യണമെന്നും ഇന്നതു ചെയ്യരുതെന്നും സ്പഷ്ടമായി പറയുന്നതുകൊണ്ടല്ല കൃത്യാകൃത്യങ്ങളെ നമുക്ക് അനുഭവസിദ്ധങ്ങളാക്കിത്തീൎക്കുന്നതുകൊണ്ടാണ്. രാവണനെപ്പോലെയല്ല രാമനെപ്പോ

ലെയാണ് നാം പ്രവൃത്തിക്കേണ്ടത് എന്നു പറഞ്ഞതു കൊണ്ടുമാത്രം നമുക്ക് അനുഭവം തോന്നുന്നതല്ല. അനുഭവം തോന്നണമെങ്കിൽ രാമായണം വായിക്കുമ്പോൾ രാമൻെറ പ്രവൃത്തികൾക്കും വാക്കുകൾക്കും അനുകൂലമായും രാവണൻെറ പ്രവൃത്തികൾക്കും വാക്കുകൾക്കും വിരോധമായും മനോവികാരങ്ങൾ ഉണ്ടാകണം. അങ്ങിനെയുള്ള മനോവികാരങ്ങളുണ്ടാവണമെങ്കിൽ കവിതയിൽ അതാതു പ്രകൃതത്തിന് അനുരൂപമായ സ്തോഭം നല്ലവണ്ണം പുറപ്പെടണം. ഇങ്ങിനെ സ്തോഭം പുറപ്പെടുന്നതിനാണ് സാഹിത്യഗ്രന്ഥങ്ങളിൽ രസമെന്നു പറയുന്നത്. ഒരു വാക്യത്തിനു വേറെ അനേകഗുണങ്ങൾ ഉണ്ടായിരുന്നാലും, രസശൂന്യമായാൽ അതിന്നു കാവ്യതയുണ്ടെന്നു പറഞ്ഞുകൂട. അലങ്കാരം, ഗുണം മുതലായതു കവിതക്കു വളരെ ആവശ്യമായിട്ടുള്ളതാണെങ്കിലും അപരിത്യാജ്യമല്ല. കവിതയ്ക്കു കൂടിയെ കഴിയൂ എന്നു പറയത്തക്കതായിട്ടു രസം മാത്രമേ ഉള്ളു. "വാക്യം രസാത്മകം കാവ്യം" എന്നാണ് പറഞ്ഞിട്ടുള്ളത്. "കാവ്യത്തിൻെറ ജീവനായതു രസമാണ്. ഒരു വാക്യം രസാത്മകമാണെങ്കിൽ ഗദ്യരൂപമായാലും അതിനെ കാവ്യമെന്നു പറയാം" ഈ വക സംഗതികളെപ്പററിയെല്ലാം പലതവണയായി വിദ്യാവിനോദിനിയിൽ പ്രസ്താവിച്ചതു നല്ലവണ്ണം വായിച്ചു മനസ്സിലാക്കേണ്ടതാണ്.

ഏതായാലും ഗദ്യരീതിയിൽ ഈ വക ഉദ്ദേശത്തോടുകൂടിയ ഒരു ഗ്രന്ഥത്തിൽ പ്രത്യേകിച്ച് ഇംഗ്ലീഷ് നോവൽ മാതിരിയിൽ എഴുതപ്പെട്ടിട്ടുള്ള ഒരു കഥയിൽ, അ

പൂർവ്വരചനാശക്തിയെ കാണിക്കേണ്ടതിന്നു രസശൂന്യങ്ങളായ ഉപമ, ഉൽപ്രേക്ഷ, അതിശയോക്തി മുതലായ അലങ്കാരങ്ങളിട്ടു വൎണ്ണിക്കുന്നത് അത്ര ഭംഗിയാണെന്നു തോന്നുന്നില്ല. ഇങ്ങിനെയുള്ള കൃതികളിൽ അലങ്കാരം അധികമായി പ്രയോഗിക്കുന്നത്, സ്ത്രീകളുടെ ആഭരണങ്ങളായ കടകകുണ്ഡലാദികൾ പുരുഷന്മാർ അണിയുന്നതുപോലെ ആയിരിക്കും. അലങ്കാരപ്രധാനമായ കവിത വായിക്കുമ്പോൾ കവിയേയും, രസപ്രധാനമായിട്ടുള്ളതു വായിക്കുമ്പോൾ കവിതാവിഷയത്തേയുമാണ് നമുക്ക് ഓൎമ്മയുണ്ടാകുന്നതു്. അതുകൊണ്ട് ഒരു നോവലിന്റെ പ്രധാനോദ്ദേശത്തെ സാധിക്കുന്നതിനെ സംബന്ധിച്ചേടത്തോളം ഏതിനാണ് പ്രബലത അധികമുള്ളതെന്നു പറയേണ്ടതില്ലല്ലോ.

ഒരു നോവലിന്നു മുഖ്യമായിട്ടു വേണ്ടതു കഥയുടെ രചനാഭംഗിയാണ്. അതിന് അനുസരിച്ച് അതിലെ വാക്യങ്ങൾക്കു സ്പഷ്ടതയും, സരളതയും, ശക്തിയുംകൂടി വേണ്ടതാണ്.

കഥയ്ക്ക് യഥാൎത്ഥമായ ചമല്ക്കാരം വേണമെങ്കിൽ സാധാരണ സംഭവ്യാവസ്ഥകൾകൊണ്ടുതന്നെ ഉണ്ടാക്കണം. "ഒരു കാക്ക എന്തോ ശബ്ദിച്ചതുകൊണ്ടു വരാൻ പോകുന്ന ഒരു കാൎയ്യം മുഴുവൻ മനസ്സിലായി. മന്ത്രം ജപിച്ചു മദിച്ച ആനയെ പിടിച്ചുകെട്ടി, മാരണംചെയ്തു ശത്രുവെ കൊന്നു" എന്നൊക്കെ പഴെ പെണ്ണുങ്ങൾ പറയുന്ന അസംഭവ്യസംഗതികളെ കഥയുടെ അംഗങ്ങളാക്കി ഒരേടത്തും പറയരുതു്. സംഭവ്യസംഗതികൾ ചേ

ക്കുന്നതുതന്നെ യുക്തിയുക്തമായും രസകരമായും ഇരിക്കേണ്ടതാണ്. അതല്ലാതെ ഒരു "ചാപ്പൻനായരുണ്ടായിരുന്നു. അയാൾക്കു ചീരു എന്നൊരു ഭാൎയ്യയുണ്ടായിരുന്നു" എന്നുംപറഞ്ഞ്, അവർ തമ്മിൽ ദിനംപ്രതി നടന്നിരുന്ന കാൎയ്യങ്ങളേയും ഉണ്ടായ സംഭാഷണങ്ങളേയും എഴുതിക്കൂട്ടുന്നതുകൊണ്ടു യാതൊരു ഫലവും ഉണ്ടെന്നു തോന്നുന്നില്ല.

ഇങ്ങിനെ എഴുതുന്നതിൽ സ്വഭാവോക്തി എന്ന അലങ്കാരം ഉണ്ടെന്നു ധരിക്കുന്നുണ്ടെങ്കിൽ ആയതു ശുദ്ധമെ തെററാണ്. "ചാപ്പൻനായർ ചീരുവോടു സംസാരിച്ചു കിഴക്കോട്ടുനോക്കി നിന്നിട്ടാണ്. ചീരു തലമുടി അഴിച്ചിട്ടിരിക്കുന്നു. ചാപ്പൻനായരുടെ തോളിൽ ഒരു തോൎത്തുമുണ്ടുണ്ടായിരുന്നു. സംസാരിച്ചു നിന്നിരുന്ന അറയിൽ ഒരു എണ്ണക്കുററിയും തൂക്കീട്ടുണ്ടായിരുന്നു" എന്നൊക്കെ പറഞ്ഞതുകൊണ്ടു സ്വഭാവോക്ത്യലങ്കാരം ഉണ്ടാവുന്നതല്ല.

കഥ വായിക്കുമ്പോൾ അതു വായിക്കുന്നവൻെറ മനസ്സിനു പലേ സ്തോഭങ്ങളും താനെതന്നെ ജനിക്കണം. ഓരോരോ ഘട്ടങ്ങൾ വായിക്കുമ്പോൾ ആഹ്ലാദം, അത്ഭുതം, കരുണ, വ്യസനം, ക്രോധം, ആശ്ചൎയ്യം മുതലായ അനേകരസങ്ങളെ ജനിപ്പിച്ചുംകൊണ്ടേ ഇരിക്കണം. "ചാപ്പൻനായർ ചീരുവിൻെറ മുഖത്തുനോക്കി ഒന്നു ചിരിച്ചു, ചീരു ഒന്നു കരഞ്ഞു, കോരപ്പച്ചാര് ഒരു പാമ്പിനെക്കണ്ടു പേടിച്ചു, കണ്ടറമേനോൻ കള്ളന്മാരെ പിടിച്ചടിച്ചു" എന്നിങ്ങിനെ പെട്ടെന്നെഴുതിയതുകൊണ്ടു വായനക്കാരു

ടെ മനസ്സിന്നു യാതൊരു സ്തോഭങ്ങളും ഉണ്ടാവുന്നതല്ല. ഒരു കഥ പറയുമ്പോൾ അതിൽ പറയുന്ന ആളുകളുടെ മേൽ വായനക്കാൎക്കു പ്രീതിയൊ, സന്തോഷമൊ, സന്താപമൊ, വെറുപ്പൊ, വിമുഖതയൊ ഉണ്ടാക്കിത്തീൎത്തിട്ടുവേണം, അവസ്ഥാനുസരണം ഓരോരുത്തൎക്കു സംഭവിച്ച ഗുണദോഷങ്ങളെപ്പററി പറയാൻ. എന്നാൽ മാത്രമേ വായിക്കുന്നവൎക്ക് അതാതു സംഗതികൾക്കനുസരണമായ രസങ്ങൾ ഉണ്ടാകുവാൻ ഇടയുള്ളു.

നോവൽ എഴുതുന്നത് ഒരു വിഷയത്തെപ്പററി ഒരു പ്രബന്ധം എഴുതുന്നമാതിരി ആവരുത്. ഈ നാട്ടിലെ സ്ത്രീകളുടെ ചില പ്രത്യേക നടവടികൾ ചീത്തയായിട്ടുള്ളതാണെന്നു കാണിച്ച് ആ വക നടവടികളെ വിടീപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഒരു നോവൽ എഴുതുന്നതായാൽ ആ നടവടിയുടെ സ്വഭാവത്തെ മുഴുവനും വൎണ്ണിച്ച് ആയതു മഹാ ചീത്തയാണെന്ന് ഒരു "ഉപദേശിയാര്" പ്രസംഗിക്കുംപോലെ എഴുതുകയല്ല വേണ്ടത്. ആ നടവടിയുടെ സ്വഭാവത്തെ കഥാരൂപേണ കൊണ്ടുവന്ന് അതു വളരെ വഷളായിട്ടുള്ളതാണെന്നു കഥാരൂപേണതന്നെ വായനക്കാരുടെ മനസ്സിന്നു ഫലിതം വരുത്തികൊടുക്കുകയാണ് വേണ്ടത്. കഥകളി നന്നല്ല, വഷളായിട്ടുള്ളതാണെന്ന് ഒരു ഗ്രന്ഥകൎത്താവു പറവാൻ വിചാരിക്കുന്നു എങ്കിൽ, കഥകളിനിമിത്തം ഉണ്ടായ ദോഷത്തെ കഥാംഗമായി കാണിച്ചു വായനക്കാൎക്കു ബോദ്ധ്യം വരുത്തുകയാണ് വേണ്ടത്. അതിന്നുപകരം കഥകളിയുടെ ഗുണദോഷത്തെപ്പററി ഒരു 'പ്രസം'ഗമോ പ്രബന്ധമോ എഴുതുകയല്ല നല്ലത്.

ഗ്രന്ഥകൎത്താവിൻെറ ഉദ്ദേശപ്രകാരമുള്ള രസം, ആയതു വായിക്കുന്നവനുകൂടി ഉണ്ടാക്കിത്തീൎക്കണം. എന്നാൽ മാത്രമേ ആ കഥയ്ക്കു രചനാഭംഗി ഉണ്ടെന്നു പറഞ്ഞുകൂടു. ഇതിനെപ്പററി ദൃഷ്ടാന്തപൂൎവ്വം പറയുന്നതായാൽ വളരെ പറയേണ്ടിവരും.

ഒരു കഥയിലെ സംഗതികൾ രണ്ടുവിധമായിട്ടാണ്. പ്രശസ്തസംഗതികൾ, അപ്രശസ്തസംഗതികൾ. ഈ രണ്ടു സംഗതികളും അവസ്ഥാനുസരണം തരംപോലെ കൊണ്ടുപോകുന്നതിലാണ് കഥാരചനയ്ക്കുള്ള ഭംഗി ഇരിക്കുന്നത്. "പറങ്ങോടീപരിണയം" എന്ന കഥയിൽ പറങ്ങോടൻെറ ഭൃത്യൻ കോരപ്പച്ചാരുടെ കഥ പ്രസ്താവിക്കേണ്ടിവന്നാൽ, ആ കഥയ്ക്ക് ആവശ്യമുള്ളേടത്തോളമേ പറയാവു. പറങ്ങോടനെക്കുറിച്ചു പറഞ്ഞതുപോലെ കോരപ്പച്ചാരെക്കൊണ്ടും വിസ്തരിച്ചു പറയുന്നതു ആവശ്യമില്ല.

കഥാരചനയിൽ പിന്നൊന്നു സൂക്ഷിക്കേണ്ടത്, മനസ്സിന്ന് അത്യന്തം വെറുപ്പു തോന്നുന്നതായ വളരെ നിന്ദ്യമായിട്ടുള്ള സംഗതികളെ ഒരേടത്തും കാണിക്കാതിരിക്കേണ്ടതിനാണ്. നോവലിൽ ഒരുത്തനെ പരിഹസിക്കേണ്ടിവരുന്നതായാൽ അതിൽ ഗ്രന്ഥകൎത്താവിന് ഒരു സിദ്ധാന്തമൊ ഉണ്ടെന്നു തോന്നാൻതക്കവിധം എഴുതരുത്. ഇങ്ങിനെയുള്ള ഗുണങ്ങളോടുകൂടി മനസ്സിനെ വിനോദിപ്പിക്കാൻ തക്കവിധത്തിൽ വളരെ ഭംഗിയായി എഴുതീട്ടുള്ള ഒരു കഥയ്ക്ക് രചനാഭംഗിയുണ്ടെന്നു പറയാം.

ഒരു വാക്യത്തിന്നു സ്പഷ്ടത ഉണ്ടെന്നു പറയേണമെങ്കിൽ ആ വാക്യം ഒന്നാമത് ഒരു പ്രാവശ്യം വായിക്കുമ്പോൾതന്നെ അതിൻെറ താല്പര്യം വായനക്കാരന്നു മനസ്സിലാവണം. താല്പര്യം മനസ്സിലാവാൻ രണ്ടാമത് ഒന്നുകൂടി വായിപ്പാൻ എടവരുത്തരുത്. വാക്യത്തിൻെറ കൌതുകം നിമിത്തം രണ്ടുപ്രാവശ്യമൊ, നൂറുപ്രാവശ്യമൊ വായിച്ചോട്ടെ. അൎത്ഥം ഗ്രഹിക്കുന്നത് ഒരു പ്രാവശ്യം വായിക്കുന്നതുകൊണ്ടുതന്നെ ആവണം.

സരളത എന്നു പറഞ്ഞാൽ, പദങ്ങളും വാക്യങ്ങളും രചിപ്പിക്കുന്നതിൽനിന്ന് ആ വാക്യത്തിനുണ്ടാവുന്ന ഒരു സ്നിഗ്ദ്ധതയാണ്. ഇത്, എഴുതുന്നാൾക്കു ദൈവികമായി ഉണ്ടാകേണ്ടുന്ന ഒരു ഗുണമാണ്. വളരെ സംസ്കൃതപദങ്ങൾ ഉപയോഗിച്ചാലും, കേവലം പട്ടഭാഷയായി എഴുതിയാലും, എഴുതിയ വാക്യം വായിക്കുമ്പോൾ എഴുതിയവൻെറ ഉദ്ദേശം സഹൃദയഹൃദയാഹ്ലാദത്തോടെ വായിക്കുന്നവന്നു മനസ്സിലായാൽ ആ വാക്യത്തിന്നു സരളത ഉണ്ടെന്നു പറയാം.

"മണ്ടുന്ന വണ്ടുകൾ തെണ്ടിക്കൊണ്ടു കൊണ്ടൽവേണിയുടെ കചക്കൊണ്ടലിൽ ഇരിക്കുന്നതും തൊണ്ടിപ്പഴത്തിന്ന് ഇണ്ടൽ കൊടുക്കുന്ന ചുണ്ടും പണ്ടേ കണ്ട് കണ്ട് തണ്ടാർ ബാണൻ നിമിത്തം ഉണ്ടായ ഇണ്ടലിനാൽ ഹൃദയ കണ്ടം കണ്ടമായി വിണ്ടു ഞാൻ വലയുന്നു" ഈ വാക്യം ചില രസികന്മാര് "ഒന്നാംതരം വാചകമാണെന്നു പറയും. എന്നാൽ "ണ്ട," എന്ന അക്ഷരം വളരെയുള്ള ഒരു ചണ്ടിവാക്യമാണിതെന്നുള്ളതു വാക്യത്തിൻെറ സരളത അറിയുന്ന ഏവനും ക്ഷണത്തിൽ തോന്നുന്നതാണ്.

ഇതുപ്രകാരംതന്നെ സംസ്കൃതപദങ്ങൾ ഉപയോഗിപ്പാൻ ആഗ്രഹമുള്ള ചിലർ 'ദിനമണികിരണങ്ങളായ കുദ്ദാലങ്ങളാൽ വിഭിന്നമായ പങ്കജകോകരങ്ങളിൽനിന്നു മധുഗണങ്ങളെ മന്ദവായു അപഹരിച്ചുകൊണ്ടു ഗമിക്കുന്നതിനെ പ്രതിബന്ധം ചെയ്യാനോ എന്നു തോന്നും, ഗ്രഥിതസുമരജഃ കഞ്ചുകന്മാരായ മദനവിട്ടഭടന്മാർ ചഞ്ചരീകങ്ങൾ അനുദ്രവിക്കുന്നതുകണ്ടാൽ" എന്നൊക്കെ എഴുതാറുണ്ട്. ഇതിന്ന് എത്രത്തോളം സരളത ഉണ്ടെന്നു വായനക്കാർതന്നെ തീർച്ചയാക്കട്ടെ.

ഒരു വാക്യം വായിച്ചാൽ അതിൻെറ അത്ഥം അത്യന്തം തീക്ഷ്ണതയോടെ മനസ്സിൽ കടന്നു പ്രതിഫലിച്ചു മനസ്സിനെ വിടാതെ എളക്കി ലയിപ്പിച്ച് ഏകീകരിപ്പിക്കുന്ന ഗുണത്തിന്നാകുന്നു ശക്തി എന്നു പറയുന്നത്. ഏതെങ്കിലും ഒരു വസ്തുവിനേയോ ഒരു മനുഷ്യനേയൊ വൎണ്ണിച്ചതു വായിച്ചാൽ, ആ വസ്തുവൊ മനുഷ്യനൊ ഇവൻെറ കണ്ണിൽ കാണുന്നതുപോലെ ഇരിക്കണം. സുന്ദരിയായ ഒരു യുവതിയുടെ സ്വരൂപത്തേയും സ്വഭാവത്തേയും വൎണ്ണിച്ചതു വായിച്ചാൽ, അതുപ്രകാരം ജീവിച്ചിരിക്കുന്ന ഒരു സ്ത്രീയെ കണ്ടാൽ ഉണ്ടാവാൻ എടയുള്ള വികാരം വായനക്കാരനു തോന്നണം. ഇങ്ങിനെയുള്ള ആസക്തി ഉണ്ടാക്കുന്നതാണ് വാക്യത്തിൻെറ ശക്തി.

വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ.

## മരിച്ചാലത്തെ സുഖം.

ജാതസ്യ ഹി ധ്രുവോ മൃത്യുഃ ധ്രുവം ജന്മ മൃതസ്യ ച
തസ്മാദപരിഹാൎയ്യേൎത്ഥേ ന ത്വം ശോചിതുമൎഹസി.

ജനിച്ചവന്നു മരണവും മരിച്ചവന്നു ജനനവും നിശ്ചയമാകുന്നു. നിൎവ്വാഹമില്ലാത്ത ഈ കാൎയ്യത്തിൽ വ്യസനിച്ചിട്ടു ഫലമില്ല. എന്നിട്ടും മരിക്കാനുള്ള മടികൊണ്ടോ, മരിച്ചാലത്തെ സുഖാനുഭവങ്ങൾ എന്തൊക്കെയാണെന്നു നിശ്ചയമായി അറിയാത്തതുകൊണ്ടോ എത്ര പേർ കഴിയുന്നത്ര ദീൎഘായുസ്സോടുകൂടി ഇരിപ്പാൻ ഓരോ മാൎഗ്ഗങ്ങൾ അന്വേഷിച്ചുതന്നെ രാപ്പകൽ കഴിക്കുന്നു! മരണശേഷമുണ്ടാവുന്ന പ്രശാന്തസുഖത്തെപ്പററി ഇന്നുവരെ ഒരാൾക്കു പോലും എഴുതാൻ തോന്നാത്തത് എന്തൊരത്ഭുതമാണെന്നു പലപ്പോഴും ആലോചിച്ചുകഴിയുന്നതേയുള്ളു. അന്യന്മാരുടെ ഉപേക്ഷയെപ്പററി എനിയ്ക്കും ചിന്തിച്ചു വ്യസനിക്കുന്നതിനെക്കാൾ കുറച്ചൊന്നു ഞാൻതന്നെ പ്രസ്താവിച്ചേക്കാം. ചിന്താൎഹികാൎയ്യപ്രതിബന്ധഹേതുഃ എന്നുണ്ടല്ലൊ.

പ്രേതലോകാവസ്ഥകളെക്കുറിച്ച് ഇതുവരെ എഴുതിയേടത്തോളം അധികവും ഊഹാപോഹങ്ങളെ ആസ്പദമാക്കീട്ടാണ്. ആകാശക്കപ്പൽ, കമ്പിയില്ലാക്കമ്പി മുതലായ അനവധി പുതുമകൾ കണ്ടുപിടിച്ച ഈ നൂററാണ്ടിൽ,

എന്തിന്നെനിക്കിനി പുത്രനും ഭാൎയ്യയും
എന്തിന്നു മേ വൃഥാ ഭൂതലവാസവും

എന്നെല്ലാം ആലോചിച്ചു സകലതും ഉപേക്ഷിച്ച് എത്രയൊ കാലംമുമ്പെ ദേഹവിയോഗം ചെയ്തിരിക്കുന്ന യോഗ്യന്മാരായ അനവധി ഗുരുകാരണവന്മാര് തങ്ങളുടെ പുത്രമിത്രകളത്രാദികളുടെ പ്രാൎത്ഥനക്കനുസരിച്ച് അവരോടുള്ള പ്രിയമോദപ്രമോദം നിമിത്തം പ്രേതലോകത്തിൽ നിന്ന് ആവശ്യംപോലെ ദുഃഖഭൂയിഷ്ഠമായ ഈ ഭൂമിയിങ്കൽവന്ന് എല്ലാവരും പ്രത്യക്ഷത്തിൽ കാണ്കെ, തങ്ങളുടെ ബന്ധുജനങ്ങൾക്കു വേണ്ടുന്ന അനേകവിധ സഹായോപായങ്ങൾ ചെയ്തുകൊടുക്കുന്നുണ്ടെന്നറിയുമ്പോൾ ആരും വിസ്മയിച്ചുപോകും. സ്വരാജ്യമായ ബിലാത്തിയിലും ദേശാന്തരങ്ങളിലും മഹാപ്രസിദ്ധനായ ജോൺ ലോബ്ബ് (John Lobb F. R. G. S.) എന്ന മഹാൻ സരസമായി എഴുതിയ "പ്രേതസംവാദം" എന്ന പുസ്തകം വായിച്ചവൎക്കാൎക്കും പ്രേതങ്ങളെപ്പററിയും ഭൂതാവേശത്തെക്കുറിച്ചും യാതൊരു വിസംവാദമൊ ഭയമൊ ഉണ്ടാവുന്നതല്ല.

നത്വേവാഹം ജാതു നാസം നത്വം നേമേ ജനാധിപാഃ
ന ചൈവ ന ഭവിഷ്യാമഃ സൎവ്വേ വയമതഃപരം.

ഞാനും നീയും ഇവിടെ കൂടിയിരുന്നവരെല്ലാവരും ഒരു കാലത്തുമില്ലാതെയിരുന്നില്ല. ദേഹം നശിച്ചതിന്റെശേഷം നാമില്ലാതാവുകയുമില്ല. കഴിഞ്ഞുപോയ ജനനമരണാവസ്ഥകളിൽ, ഘടത്തിൽ ആകാശമെന്നപോലെ, നിത്യനായിത്തന്നെയിരുന്നു. ദേഹത്രയവിചാരംകൊണ്ടും ശ്രവണമനനനിദിദ്ധ്യാസംകൊണ്ടും ഈ പരമാൎത്ഥം സ്വാനുഭവംകൊണ്ടുതന്നെ അറിഞ്ഞാൽ മരണദുഃഖമേ ഉണ്ടാവുന്നതല്ല. എന്നാൽ സമസ്തപുരുഷാൎത്ഥ

സിദ്ധിയുണ്ടാക്കുന്ന വേദാൎത്ഥങ്ങളുടെ സാരമാകുന്ന ഗീതാശാസ്ത്രം ആലോചിക്കാനൊ, ജന്മകൎമ്മനിവാരണത്തിന്നായിക്കൊണ്ട് ആത്മോപദേശം ചെയ്വാനൊ ഞാനിപ്പൊഴ് വിചാരിക്കുന്നില്ല. സംഗതിവശാൽ അല്പം പ്രസ്താവിക്കേണ്ടിവന്നു എന്നേയുള്ളു. മരിച്ചാൽ എല്ലാവൎക്കും ഒരുപോലെ പരമപദപ്രാപ്തിയും നിസ്സാരമായ സംസാരത്തിങ്കൽനിന്നു നിവൃത്തിയും സിദ്ധിക്കുമെന്നുള്ളതും വളരെ സംശയപദത്തിലാണ്. ആവക അഭിപ്രായഭേദങ്ങളെക്കുറിച്ചും സിദ്ധാന്തങ്ങളെപ്പററിയും ഈ അവസരത്തിൽ വാദപ്രതിവാദം ചെയ്വാനും വിചാരിക്കുന്നില്ല. ഞാനിപ്പോ‌ഠം പറയാൻ ഭാവിക്കുന്ന സംഗതികളെല്ലാം അവിതൎക്കിതമായിട്ടുള്ളതാണെന്നു പണ്ഡിതപാമരന്മാരശേഷം ഐകകണ്ഠ്യേന സമ്മതിക്കുന്നതായിരിക്കും. അനാത്മാവാദികഠംപോലും നിരാക്ഷേപം തല കുലുക്കും.

നൈനം ഛിന്ദന്തി ശസ്ത്രാണി, നൈനം ദഹതി പാവകഃ
ന ചൈനം ക്ലേദയന്ത്യാപോ, ന ശോഷയതി മാരുതഃ.

എന്ന് ഭഗവാൻ ശ്രീകൃഷ്ണസ്വാമിതന്നെ പറഞ്ഞിട്ടുണ്ട്. ആയുധങ്ങഠം മുറി ഏല്പിക്കില്ല, അഗ്നി ദഹിപ്പിക്കില്ല, വെള്ളംകൊണ്ട് നനകയില്ല, വായു ശോഷിപ്പിക്കയുമില്ല—കിംബഹുനാ—ശ്വാസോച്ഛ്വാസം കഴിക്കേണ്ടുന്ന പണിതന്നേയില്ല. ശ്വാസം കഴിക്കേണ്ടെന്നു വരുമ്പോഠം അസംഖ്യങ്ങളായ രോഗബീജങ്ങഠം വ്യാപിച്ചിട്ടുള്ളതായ വായുക്കളെക്കൊണ്ടാവട്ടെ, അന്യന്മാര് ചുരുട്ടുമുതലായത് വലിക്കുമ്പോഴുള്ള ദുസ്സഹമായ പുകകൊണ്ടാവട്ടെ യാതൊരുപദ്രവവും ഉണ്ടാവുന്നതല്ല. മോട്ടോർ

കാറും ഠൌസക്ക്ളും ഓടിച്ച്  പൊടി പാററിയാലും വീണാലും ചത്താലും മൂക്കുമുറിഞ്ഞാലും ഒന്നും വിചാരിക്കാനില്ല. ആ വക സങ്കടമേ അനുഭവിക്കേണ്ടതില്ല. മണിമുട്ടുന്നതും, കാളം വിളിക്കുന്നതും ഭേകവാക്കുകളായ ജിഹ്വാപരിഷ്ക്കാരികൾ കണ്ണുക്ഷോഭം ചെയ്യുന്നതും വഴിപോകുമ്പോൾകൂടി നാടകശ്ലോകങ്ങൾ ചൊല്ലുന്നതും ഒന്നും കേട്ട് സഹിക്കേണ്ടതുമില്ല. കരിസനെണ്ണയുടെ ദുൎഗ്ഗന്ധമേ ഉണ്ടാവില്ല. പുതിയ വേഷം കെട്ടി ഞെളിയുന്നതു കൊണ്ടുണ്ടാവുന്ന വിശപ്പിൻെറ നാററമൊ ബുദ്ധിമുട്ടോ യാതൊന്നുമില്ല. തടിയനമാക്കാണ് വളരെ സുഖം. കാലത്തെ എഴുന്നീററ് മുഖത്ത് വെള്ളം പകരുന്നതിനു മുമ്പു കത്തിയും കണ്ണാടിയുമെടുത്ത് മുഖം വടിക്കേണ്ടുന്നില്ല, ബൂട്ടുസ്സമിടേണ്ട, കഴുത്തിൽ കോളറും, കണ്ഠാമാലയും, നെക്കുട്ടൈയും, ക്ലിപ്പും ഒന്നും വേണ്ട. വൎത്തമാനക്കടലാസ്സുകളിൽ വിശേഷവിധിയായി വല്ലതും ഉണ്ടെങ്കിലും ഇല്ലെങ്കിലും യാതൊന്നും വിചാരിക്കാനില്ല. അവരുടെ മുഖപ്രസംഗവും അധികപ്രസംഗവും സകലതും അലക്ഷ്യം. പിഷ്ടപേഷണന്യായേന വായിച്ചതുതന്നെ വായിക്കേണ്ടതില്ലെന്നല്ല, ഭാഗ്യവാന്മാരായ ഇപ്പോഴത്തെ ചില ചെറുപ്പക്കാരെപ്പോലെ, പുസ്തകത്തിൻെറ അപേക്ഷയേ ഇല്ല. പുസ്തകംതന്നെ വേണ്ട. ബാക്കിപ്പണത്തിനും ചോദിക്കില്ല, വി. പി. യായിട്ടും അയക്കില്ല. കടലാസ്സുകാര് സ്തുതിച്ചാലും ദ്വേഷിച്ചാലും പത്രം മുഴുവനെ പരസ്യം കൊണ്ടു നിറച്ചാലും ഒരു വസ്തു വിചാരിക്കാനില്ല. ഒന്നും വകവെക്കേണ്ട. അച്ചടിയന്ത്രത്തിൻെറ മിട്ടുക്കുകൊണ്ടോ, പാത്രാപാത്രം അറിഞ്ഞ് പ്രവൎത്തിക്കാൻ ധൈൎയ്യമില്ലാ

ത്ത ചില പത്രാധിപന്മാരുടെ പക്ഷപാതംകൊണ്ടോ, വകതിരിവില്ലാത്ത പ്രശംസകൊണ്ടോ മാത്രം എളുപ്പത്തിൽ ഒരുവക പ്രശസ്തി സമ്പാദിക്കുന്ന ക്ഷുദ്രകവികളുടെ ദുർഘടങ്ങളായ പ്രാസപ്രയോഗങ്ങളും ദുഷ്ടചനങ്ങളും കാണ്മാനും കേൾക്കാനും വായിക്കാനും അഭിപ്രായം പറയാനും ഒന്നിനും പോകണ്ട. ശീതോഷ്ണസുഖദുഃഖങ്ങൾ മാത്രമല്ല വെയിലും മഴയും സകലതും നിസ്സാരം. പങ്കയും പട്ടുകൊടയും വട്ടത്തൊപ്പിയും ഒന്നും വേണ്ട. വിസ്കിയും സോഡയും തീരെ ഉപേക്ഷിക്കാം. വിശപ്പും ദാഹവും ഇല്ലെന്നുവരുമ്പോൾ,

ഹാ പാകം ന കരോഷി പാപിനി കഥം
പാപിത്വദീയപ്പിതാ
രണ്ടേജല്പസി കിം ത്വദീയജനനീ
രണ്ടാ ത്വദീയസ്വസാ
നിർഗ്ഗച്ഛത്വമിതഃ മദീയസദനാ-
ന്നേദം ത്വദീയം ഗൃഹം
ഹാ വിശ്വേശ്വര നാഥ ദേഹി മരണം
ശപ്തം മദീയം ഗതം.

എന്നെല്ലാം ഭാര്യാഭർത്താക്കന്മാർ തമ്മിൽ കൂട്ടംകൂടാനും, ലഹളപാടാനും ഒന്നിനും പോകണ്ട. സ്ത്രീകൾക്കു സ്വാതന്ത്ര്യമേ, സ്വരാജ്യമോ, സ്വയാധികാരമോ എന്തുണ്ടായാലും ഭയപ്പെടാനും അവകാശമില്ല. വസ്ത്രംകൊണ്ടു യാതൊരാവശ്യവുമില്ലാതിരിക്കുമ്പോൾ ക്ഷണഭംഗുരമായ "മോസ്തറിന"നുസരിച്ച് ഇന്നിന്നവിധം കുപ്പായം വേണം, വാച്ചുവേണം, വടിവേണമെന്നെല്ലാം വിചാരിച്ചു

ഭൂമിക്കാനുമില്ല. പല്ലിനു സൌന്ദൎയ്യം പോരാത്തതുകൊണ്ടു പറിച്ചുവെപ്പിക്കേണമെന്നുമില്ല. ദേഹംതന്നെയില്ലല്ലോ. നമ്മുടെ നരച്ച തലക്കു താറും മഷിയും വാൎണ്ണീസും ഒന്നും തേയ്ക്കണ്ട; ദേഹംതന്നെ ഇല്ലാതിരിക്കുമ്പോൾ യാതൊരു പ്രവൃത്തിയുമെടുക്കാതെ ഉദയാസ്തമനം സ്വസ്ഥമായിരുന്നു രണ്ടും മൂന്നും നാലും നേരം—ആകണം—ഒരു പടി തിന്നുന്നതു ദഹിക്കാൻകഴിയാതെ കിടന്നു കുഴങ്ങുന്ന സമയം, കസറത്തും എടുക്കേണ്ട, കറുത്തതും വെളുത്തതും ഒന്നും കഴിക്കണ്ട; ഒരാളേയും ഭയപ്പെടേണ്ട. ലൈസൻസുണ്ടോ, പാസുണ്ടോ, പാസ്സ്പോൎട്ടുണ്ടോ, കീറിവെച്ചിരിക്കുന്നോ എന്നെല്ലാം ചോദിക്കാനും, പറയാനും ആരുമുണ്ടാവൂല്ല. വയറെളക്കാനും, ശോധനചെയ്യാനും, സ്വകാൎയ്യമായി റെപ്പോൎട്ടുചെയ്യാനും,പിടിക്കാനും, നാടുകടത്താനും പോലീസുസൂപ്രഡെണ്ടല്ല ഹേഡ്കൺസ്റ്റബൾ താൻ തന്നെ വിചാരിച്ചാലും ഒരു പുല്ലും സാധിക്കില്ല. കടക്കാരെ കാണുമ്പോൾ ഓടാനും ഒളിക്കാനും കളവുപറയാനും ലജ്ജിക്കാനും ഒന്നിനും പോകണ്ട. സമൻസല്ല വാറണ്ടുവന്നാൽകൂടി അഗണ്യം! ശത്രുമിത്രങ്ങൾ ലോഭംകൂടാതെ പ്രശംസിക്കും. മരുമക്കളോടാണ് വാത്സല്യം; മക്കളോടത്രയില്ലാ എന്നൊക്കെ നടിക്കാനും പറയാനും ഒന്നിനും ആവശ്യമില്ല; കളവും ചതിയും കേവലം ഉപേക്ഷിക്കാം. മനസ്സിലൊന്നുവിചാരിക്ക, വേറെയൊന്നു പറയുക, മറെറാന്നു പ്രവൃത്തിക്കുക ഒന്നും വേണ്ട. തറവാട്ടിൽ കാരണവന്മാര് മരിച്ചാലത്തെ സുഖവും സന്തോഷവും ഒന്നു വേറെതന്നെയാണ്. പറഞ്ഞാലവസാനിക്കില്ല. അടുത്ത അനന്തിരവനു കടംകൂടി ഉണ്ടെങ്കിൽ പി

ന്നത്തെ കഥയൊന്നും പറയണ്ട, വാചാമഗോചരം. മരിക്കുന്നതുവരെ കാരണവരെന്തുചെയ്താലും ദോഷമേ കാണുള്ളു. എന്തുകൊടുത്താലും തൃപ്തിയും സന്തോഷവുമുണ്ടാകയില്ല. അതിനുമാത്രം, സിദ്ധികൂടിയാൽ ഒരുസമയം പിണ്ഡം കഴിയുന്നവരെ കുറച്ചു പരിഹാസം പറയുമെന്നല്ലാതെ, ത്രിപക്ഷം കഴിയുന്നതിനുമുമ്പായി ശേഷക്കാരും, അടുത്ത അനന്തിരവൻ വിശേഷിച്ചും; സ്തുതിക്കാൻ ഒരു പൊടിപോലും മടിക്കില്ല. മരിച്ചാലെങ്കിലും സ്തുതിക്കുന്നതൊരാശ്വാസഹേതുകമാണല്ലോ.

അൎത്ഥാനാമാൎജ്ജനേ ദുഃഖം ആൎജ്ജിതാനാന്തു രക്ഷണേ
ആയേ ദുഃഖം വ്യയേ ദുഃഖം അൎത്ഥഃ കിം ദുഃഖഭാജനം.

എന്നതു മരണശേഷമാണ് നല്ലവണ്ണം ബോദ്ധ്യമാവുക. 'ധനമാൎജ്ജയ കാകുൽസ്ഥ ധനമൂലമിദം ജഗൽ' എന്ന പരമാൎത്ഥബോധം സ്വദേശിബഹുളം വൎദ്ധിച്ചതിനോടുകൂടി സകല സാധനങ്ങൾക്കും വില ജാസ്തിയായതുകൊണ്ടുതന്നെ പരക്കെയുണ്ടെന്നു നിശ്ചയിക്കാം. പണംകൂടാതെ ഒന്നിനും നിവൃത്തിയില്ല. വല്ലതുമൊന്നു ചോദിച്ചാൽ ഉത്തരം പറയണമെങ്കിൽകൂടി ഫീസുകൊടുക്കണം. പണം കൊടുത്താൽ എന്തിനും ഒരുക്കവുമാണു്.

യവനൈരപി നോ ദൃഷ്ടം യന്ത്രമിദ്ദൃശമത്ഭുതം
കനകേന കരേ സ്പൃഷ്ടാ ജിഹ്വാപി പരിവൎത്തതേ.

സാമാന്യംപോലെയുള്ള ഒരുപന്യാസത്തിനോ പ്രസംഗത്തിനോ പണ്ടൊക്കെ നാലും അഞ്ചും കൊടുത്താൽ എളുപ്പത്തിൽ സാധിക്കുന്നതു, രാജ്യപരിപാലനപരിഷ്കാരത്തോടുകൂടി, ആളവസ്ഥപോലെ അമ്പതും നൂറും നൂററമ്പതും ഉറുപ്പിക കൊടുത്താൽതന്നെ നല്ലതായിട്ടു കിട്ടാൻ

പ്രയാസമായിരിക്കുന്നു; കടംമേടിച്ചിട്ടെങ്കിലും കാലാവസ്ഥയ്ക്കു് ഇങ്ങിനെ ചിലതാരാനെക്കൊണ്ടു് എഴുതിച്ചു വാങ്ങി സ്വന്തമാണെന്നുള്ളനിലയിൽ പ്രയോഗിക്കാതിരുന്നാൽ പേരിന്റെ പ്രസിദ്ധിക്കും പ്രചാരത്തിനും പോര; സഭ്യനല്ലെന്നും പറയും. ആ വക ദൂഷണമോ പരിഹാസമോ ഒന്നും കേൾക്കാനെടവരില്ല. കല്യാണം കഴിക്കണം, കലശം വേണം; ആനയെ വാങ്ങണം, വ്യവഹാരം കൊടുക്കണം, കുന്നിടിക്കണം, കുളം കുഴിക്കണമെന്നിങ്ങിനെയുള്ള വിക്ഷേപങ്ങളെല്ലാം വിചാരിച്ചു വ്യസനിക്കേണ്ടതുമില്ല. ബി. എ., ബി. എൽ. ക്കാരുടെ പട്ടിക ചെയ്യാനും, നോക്കാനും, മക്കൾക്കു സംബന്ധം അന്വേഷിക്കാനും, സേവപിടിക്കാനും ഒന്നിനും പോകേണ്ട. നെല്ലിനു വിലയില്ല, വാരം പാട്ടം പിരിഞ്ഞില്ല, പണത്തിനു വളരെ ക്ഷാമം, നികുതിക്കുതന്നെ നിവൃത്തിയില്ല, എന്തൊരു പരമസങ്കടമാണ്, വാറണ്ടുവരും ജപ്തിചെയ്യും, ആദായനികുതിയും കൊടുക്കണം, എന്നെല്ലാം പറയാനും പരിതപിക്കാനും ആവശ്യമേയില്ല. പണത്തിനൊരാളും ചോദിക്കില്ല. പോകുന്നാളുടെ സ്മരണയ്ക്കോ, വരുന്നാളെ സല്ക്കരിക്കാനോ, സേനാധിപന്റെ പ്രതിമ ഉണ്ടാക്കാനോ, ദേശാധിപന്റെ രൂപംകൊത്താനോ, കാൽപയിസ്സപോലും കൊടുക്കേണ്ടതില്ലെന്നല്ല, സ്ഥാനമാനങ്ങൾ ലഭിക്കാനുള്ള മോഹംതന്നെ ഉപേക്ഷിക്കാം. അസെസ്സറാവണം, സർട്ടിഫിക്കെറ്റു വാങ്ങണം, പണം കൊടുക്കണമെന്നാരും പറയില്ല. നേരത്തെ കാലത്തെ എഴുനീല്ക്കണം, വല്ല ചപ്പോ ചവറോ കാച്ചി കുടിക്കണം, മെമ്പറാവണം, കോച്ചു വേണം, കസവുതൊപ്പി ഇടണം, ക

ടം മേടിക്കണം, ഫലനത്തിലിരിക്കണം, കാണാത്തിന്നുവെക്കണം, കണ്ടവരെയൊക്കെ ക്ഷണിക്കണം, സഭകൂടണം, പിന്താങ്ങണം, കമ്പി അടിക്കണം, ബീലുണ്ടാക്കണം, വിരുന്നുകൂട്ടണം, മംഗളപത്രം വായിക്കണം, കൊട്ടക്കണം, മറുവടി കല്പിക്കണം, പൊടിപാറണം, ഇൻസോൾവൻറാവണം എന്നിങ്ങിനെയുള്ള അനവധി പ്രാരബ്ധങ്ങളൊന്നുപോലും ലവലേശം ബാധിച്ചു എന്നു വരില്ല. വയസ്സുകാലത്തു പുതിയമട്ടുകൾ എന്തെല്ലാമാണ് നാടകമോ വേണ്ടത്, കഥകളിയോ നല്ലത്, നോവലോ എഴുതേണ്ടത്, യോഗാഭ്യാസം ശീലിക്കുകയോ ഗുണം, വേദാന്തമോ പഠിക്കേണ്ടത്, ബ്രഹ്മസമാജത്തിൽ ചേരുന്നതോ ബഹുമാനം, ആർക്കാണ് വോട്ടുചെയ്യേണ്ടത്, എപ്പഴാണ് കൈപൊന്തിക്കേണ്ടത്, എവിടെയാണ് എസ്സ് മൂളേണ്ടത്, എങ്ങിനെയാണ് ഇംഗ്ലീഷിൽ ഒപ്പിടേണ്ടത് എന്നതെല്ലാം പഠിക്കാനും ബുദ്ധിമുട്ടാനും കണ്ടവരെക്കൊണ്ടു ചിരിപ്പിക്കാനും ഒന്നിനും പോകണ്ട, പരമസുഖം. ഈവക പ്രകൃതിരഹസ്യങ്ങളെല്ലാം കേൾക്കുമ്പോൾ എനി ജീവിച്ചിരിക്കയല്ല നല്ലത്, കുടിച്ചു മരിച്ചുകളയുന്നതാണുത്തമം എന്നു വിചാരിച്ചാരും ഇന്നു വൈകുന്നേരം തന്നെ അബ്ക്കാരി നികുതി വർദ്ധിപ്പിക്കാനും ശ്രമിക്കരുത്. അതു നമ്മളാരുടെയും പരിശ്രമംകൂടാതെ പുതിയ പരിഷ്കാരത്തിന്നനുസരിച്ചു കൊല്ലംതോറും പതിവിലധികം വർദ്ധിക്കുന്നുണ്ട്. എന്റെ ഉദ്ദേശം അതല്ലെന്നു പലരുംകൂടി വായിക്കുമ്പോൾ അറിവോരറിയും.

വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ.

# നിത്യശക്തികൾ. *

പ്രകൃതിജനനി പണ്ടേ പെററ പൈതങ്ങളല്ലേ
സുകൃതിമണികളാകും മാനുഷന്മാക്ജസ്രം
വികൃതിവെടിയുമാറായ് മാനസോല്ലാസമേകി-
ത്തകൃതിയിലരുളുന്നു നന്ദനോദ്യാനസൌഖ്യം.

പണ്ടു ഭഗീരഥൻ ഗംഗയെ അവതരിപ്പിച്ചു; അഗസ്ത്യമഹർഷി സമുദ്രത്തെ മുഴുക്കെ ആചമിച്ചു; ഭാർഗ്ഗവരാമൻ കലപ്പ എറിഞ്ഞു സമുദ്രത്തിൽനിന്നും മലയാളത്തെ വീണ്ടെടുത്തു; വിക്രമാദിത്യൻ പക്ഷിമൃഗാദികളുമായി സംഭാഷണം ചെയ്തു; ഇപ്രകാരം അനേകം ദിവ്യശക്തികൾ മനുഷ്യനുണ്ടായിരുന്നതായി ഇതിഹാസപുരാണാദികൾ ഘോഷിക്കുന്നത് നമുക്ക് ആശ്ചര്യത്തെ ജനിപ്പിക്കുന്നുണ്ട്. എന്നാൽ ഇവയേക്കാൾ മഹത്തരകളായ ശക്തികൾ മനുഷ്യന്റെ പാശ്ചവർത്തിനികളാണെന്ന് പറഞ്ഞാൽ, അല്ലയോ വായനക്കാരെ! നിങ്ങൾ വിശ്വസിക്കുമോ? ഈ മഹാശക്തികൾ സ്വതന്ത്രന്മാരായ നാട്ടുവാഴികളെപ്പോലെ, തമ്മിൽ തിരക്കുള്ളവയാണെങ്കിലും, കൂടിക്കൊഴ്ചയിൽ വൈരം വെടിഞ്ഞു ലോകത്തിലെ ക്ഷേമത്തെ വർദ്ധിപ്പിക്കുന്നത് മാനുഷനേതൃത്വത്തിന്റെ ഫലമാകുന്നു.

ഒന്നുംതന്നെ തുച്ഛമെന്നു തള്ളിക്കളയാവതല്ല. സ്വകൃത്യനിർവ്വഹണത്തിൽ മനുഷ്യന് സാമർത്ഥ്യം, ഒരിക്കലും കൂടിപ്പോയി എന്നു വരികയില്ല. അവന്റെ ജീവിതകാ

* ഇംഗ്ലീഷിൽനിന്നും എടുത്തത്.

ലം സ്വല്പം; നിർവ്വഹിക്കേണ്ട കാര്യമോ അനന്തം. പ്രകൃതിശക്തികളെ വശംവദകളാക്കി സ്വകൃത്യനിർവ്വഹണത്തിൽ പ്രവർത്തിപ്പിക്കുന്നതുകൊണ്ടു വേണം, ആയുസ്സിന്റെ കുറവിനെ നികത്താൻ. അതുമാത്രം പോരാ. ആത്മാഭിമാനത്തെ വർദ്ധിപ്പിക്കണം; കായികവും മാനസികവുമായുള്ള ശക്തിയെ മനസ്സിലാക്കണം; ദുർബ്ബലനും നിർദ്ധനനുമായ മനുഷ്യന് എത്ര ഓജസ്സ്വികളും ധനികന്മാരുമായ സഹായികളുണ്ടെന്നു കാണണം. അറയിൽ കെട്ടിവെക്കുന്ന ധനത്തെ എണ്ണിത്തിട്ടപ്പെടുത്തുന്നതുകൊണ്ട് ഫലം വിശേഷിച്ചൊന്നുമില്ലായിരിക്കാം; എങ്കിലും എന്തു ദ്രവ്യശക്തിയുണ്ടെന്നും അതുകൊണ്ട് ലോകത്തിൽ എന്തെല്ലാം സാധിക്കാമെന്നും പരിഗണിക്കുന്നത് മനസ്സിന്ന് ഉന്മേഷപ്രദമാകാതിരിക്കയില്ല.

പുറത്ത് വെളിയിൽ നമുക്കു ഇറങ്ങാം. മന്ദമാരുതൻ തലോടി നമ്മെ ആനന്ദിപ്പിക്കുന്നു. ഈ വായുഭഗവാന്റെ ശക്തി എന്തുണ്ടെന്നു നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? പുറത്തു സഞ്ചരിച്ചു കാലക്ഷേപം ചെയ്യാൻ മടിക്കാത്ത ദൃഢഗാത്രനായ നിങ്ങളുടെ അയൽക്കാരനെ കാൺക. അയാൾക്ക് എത്ര കായബലം! അയാൾക്കുള്ള ഉത്സാഹമെന്ത്! പരബോധം ജനിപ്പിക്കാനുള്ള ശക്തി, സമബുദ്ധി, സൌമനസ്യം മുതലായ വിശിഷ്ടഗുണങ്ങളെത്ര!

ഭൂമിയിൽ നാം കാണുന്ന മണ്ണ് ഉരുകി പൊടിഞ്ഞ ലോഹങ്ങളാണെന്നും, സ്ഥലമയമായ ഭൂഭാഗത്തിന് ആവരണമായിരിക്കുന്ന പാറകളുടെ അർദ്ധഭാഗവും അമ്ലജന

കവാതകം (ആക്സിജൻ) ആണെന്നും ശാസ്ത്രം പ്രതിപാദിക്കുന്നു. രാപ്പകൽ എന്നുള്ള ക്രമമില്ലാതെ സൂര്യൻ സർവ്വദാ ജ്വലിച്ചുകൊണ്ടിരുന്നെങ്കിൽ നാം കാണുന്ന വൈരക്കല്ലു് പുകയായി പോകുമായിരുന്നു; ശ്ലക്ഷ്ണശിലാനിർമ്മിതകളായ ചന്ദ്രശാലകൾ ഭസ്മമാകുമായിരുന്നു. ഇതുപോലെ; ജ്യോതിസ്സ്, വിദ്യുച്ഛക്തി, ആകർഷണശക്തി മുതലായവയുടെ പ്രവൃത്തിനിമിത്തമത്രെ, വൃക്ഷലതാദികൾ മുളച്ചു ഭൂമി ഇപ്പോഴത്തെ അവസ്ഥയെ പ്രാപിച്ചിരിക്കുന്നത്. ഈ തത്വങ്ങൾ അറിയുന്നവർ എത്രപേരുണ്ട്? ഈ മഹാശക്തികൾ ഉണ്ടെന്നു പറഞ്ഞാൽ വിശ്വസിക്കുന്നവർതന്നെ ചുരുക്കം. ഒരു തുള്ളിവെള്ളത്തിൽ കടുത്ത മിന്നലിനോടൊപ്പം വിദ്യുച്ഛക്തിയുണ്ടെന്നു പ്രസിദ്ധനായ ഫാറഡേ (Paraday) എന്ന രസതന്ത്രശാസ്ത്രജ്ഞൻ പ്രസ്താവിച്ചിട്ടുണ്ട്. മാവിൽനിന്നു് പഴുത്തുപൊഴിയുന്ന മാങ്ങ പെറുക്കാൻ നാം ഓടുന്നുണ്ടല്ലൊ. ഈ മാങ്ങയ്ക്കുള്ള മണവും സ്വാദും എവിടെനിന്നുണ്ടായി? എത്ര ചതുര്യുഗകാലം വിദ്യുച്ഛക്തി മുതലായ മഹാശക്തികൾ ഭൂമിയെ പിളന്നു് അടിയിലുണ്ടായിരുന്ന മണ്ണുകളെ കിളത്തി മഴയും, കാറ്റും, തട്ടിക്കഴിഞ്ഞതിനു് മേലാണു് ഫലങ്ങൾക്കു് മണവും സ്വാദും ഉണ്ടായത്? റയിൽവണ്ടിയിലും മററും കല്ക്കരി എരിയുന്നതു നാം കണ്ടിട്ടുണ്ടല്ലൊ. പ്രളയകാലത്തിനുമുമ്പുണ്ടായിരുന്ന മരങ്ങൾ സംഗ്രഹിച്ചുവെച്ചിരുന്ന സൂര്യരശ്മികളുടെ ചൂടിനെയും വെളിച്ചത്തെയുമാണു് ഇന്നു കല്ക്കരി വെളിപ്പെടുത്തുന്നത്.

വളക്കുഴിയിൽനിന്നു ഒരു തൊട്ടി മണ്ണെടുത്തു നോക്കുക. അതിൽ എന്തുണ്ടെന്നു നാം അറിയുന്നുണ്ടോ? ഒരു

കൃഷിക്കാരനാകട്ടെ അതിൽ നല്ല മാമ്പഴം, നാരങ്ങ മുതലായ ഫലങ്ങളുണ്ടെന്നു കാണുന്നു. അവൻ ഏതാനും വിത്ത് അതിൽ വിതച്ച് കാററും മഴയും വെയിലും കൊള്ളത്തക്കവിധം വെക്കുന്നു. അചിരേണ മണ്ണിൻെറ ഗുണങ്ങൾ വെളിവാകുന്നു. നല്ല മാവും നാരകവുമുണ്ടായി ഫലഭരത്താൽ ശോഭിക്കുന്നു.

ഈ പ്രകൃതിശക്തികളെയാണ് വേദങ്ങൾ സ്തുതിക്കുന്നത്. അഗ്നി, വായു, ജലം മുതലായവയുടെ മാഹാത്മ്യത്തെയാണ് വേദമന്ത്രങ്ങൾ ഉൽഘോഷിക്കുന്നത്. അഭേദ്യത, അനശ്വരത മുതലായ ദിവ്യഗുണങ്ങൾ ഈ ശക്തികൾക്കുണ്ട്. സൂൎയ്യൻെറ ഒരു രശ്മിപോലും നശിച്ചിട്ടില്ല; ഭൂമിയുടെ ഒരു അണുപോലും ഇല്ലാതായിട്ടില്ല; ആകൎഷണശക്തി പദാൎത്ഥങ്ങളെ സദാ സംഗമിപ്പിക്കതന്നെ ചെയ്യുന്നു; ചൂട് അണുക്കളെ സൎവ്വദാ പ്രസരിപ്പിക്കുന്നു; വെളിച്ചം എപ്പൊഴും ആനന്ദപ്രദമായിത്തന്നേയിരിക്കുന്നു; കാററ് സുഖത്തെ നൽകുന്നു; ജലത്തിന് സൃഷ്ടികാലത്തുണ്ടായിരുന്ന ഔഷധിഗുണം ഇന്നുമുണ്ട്. ഒന്നിനും നാശമില്ല സ്ഥലഭേദമേയുള്ളു. ഉഷ്ണം ഇവിടെ കുറവാണെങ്കിൽ മറുദിക്കിൽ കൂടുതലുണ്ട്; മലയാളത്ത് മഴയധികമുണ്ടെങ്കിൽ പരദേശത്ത് അതിന് അത്രയും കുറവുണ്ട്; കടൽ ഒരു കരയിൽ ഇറങ്ങിയാൽ മറുകരയിൽ ഏറുന്നു.

പഞ്ചഭൂതാത്മകമായ ഈ പ്രപഞ്ചത്തിൽ മനുഷ്യന് എവിടെയാണ് അവകാശം? തൃണവും മനുഷ്യനും ഒരുപോലെ ഈ പ്രകൃതിശക്തികൾക്ക് അടിമകളത്രെ. കാററടിക്കുന്ന വഴിക്ക് കപ്പലോടുമ്പോലെ, പ്രകൃതിശക്തിക

ങ്ങളെ അനുസരിക്കയല്ലാതെ മനുഷ്യന് ഗത്യന്തരമുണ്ടോ? ഉണ്ട്, ഇവയെക്കാൾ മഹത്തരങ്ങളായ ഒരുതരം ദിവ്യ ശക്തികൾ മനുഷ്യനുണ്ട്. ഈ മാനസശക്തികൾ—എന്നുവെച്ചാൽ മനസ്സ്, ബുദ്ധി, ധർമ്മബോധം, സങ്കല്പം മുതലായവ—"തീ വെള്ളം പുക കാററിവറാ"യെപ്പോലെ ബാഹ്യേന്ദ്രിയഗോചരങ്ങളല്ലെങ്കിലും അന്തരിന്ദ്രിയങ്ങൾക്ക് വിഷയീഭവിക്കുന്നു. പ്രകൃതിശക്തികൾക്കുള്ളതുപോലെ, മാനസശക്തികൾക്കും നിയമങ്ങളുണ്ട്. മഹാകവിവചസ്സുപോലെ പ്രസന്നഗംഭീരങ്ങളായ ഈ നിയമങ്ങളെ മനസ്സിലാക്കുന്നത് അത്ര സുഖകരമല്ല.

വെളിച്ചം, ചൂട്, നീരാവി മുതലായവയെല്ലാം നാശമില്ലെന്നുള്ളതുപോലെ മനശ്ശക്തികൾക്കും ലയമില്ല പരിണാമം രണ്ടിനുമുണ്ട്. മനശ്ശക്തികളെക്കൊണ്ടു മനുഷ്യൻ പ്രകൃതിശക്തികളെ നിയമനം ചെയ്ത് സ്വാധീനപ്പെടുത്തുന്നു. ഇതരപ്രാണികൾക്ക് ഇതു സാദ്ധ്യമല്ല. മനുഷ്യനു തന്നെയും ജ്ഞാനോല്പന്നശേഷമേ ഇതു സാദ്ധ്യമാകുന്നുള്ളു. അതുവരെ, ആകർഷണശക്തികൊണ്ടു ഫലങ്ങൾ ഭൂമിയിൽ വീഴുന്നവണ്ണം, പ്രകൃതിശക്തികൾക്കു നാം വശംവദരായിരിക്കുന്നു. ജ്ഞാനം വരുന്നതിനുമുമ്പിൽ പ്രകൃതിശക്തികൾ നമ്മെ ബലാൽ ബാധിച്ചു ഫലിപ്പിക്കുന്നതിനെ തലയിലെഴുത്തെന്നും ജന്മാന്തരവാസനയെന്നും മററും നാം പേർവിളിക്കുന്നു. ജ്ഞാനശക്തി വർദ്ധിക്കുന്തോറും വിധിപ്രചം കുറയുന്നു. അപ്പോൾ നമ്മെ ബാധിക്കുന്ന മഹാശക്തികളുടെ ബലാബലത്തേയും മർമ്മത്തേയും അറിഞ്ഞ് അവയെ ഉപയുക്തമാർഗ്ഗങ്ങ

ളിൽ നയിപ്പിക്കാൻ നമുക്ക് അറിവുണ്ടാകുന്നു. മനുഷ്യൻ എത്ര ദുർബ്ബലനാണ്? നിരായുധനായ മനുഷ്യനെ പശുക്കൾക്കുപോലും തോല്പിക്കാം. അവനു മൃഗങ്ങളോടു നേരിടുന്നതിനുള്ള കൊമ്പുകളാകട്ടെ, നഖങ്ങളാകട്ടെ, വിഷപ്പല്ലുകളാകട്ടെ കായബലമാകട്ടെ ഒന്നുമില്ല; തണുപ്പിനെ അകററത്തക്ക രോമകവചമില്ല; ആകാശത്തിൽ പറന്നുകളയാനുള്ള ചിറകുകളില്ല; എന്നുവേണ്ട, ഈച്ച മുതലായ അല്പപ്രാണികൾക്കുപോലുമുള്ള ആയുധങ്ങളില്ല. എത്ര നിസ്സാരജന്തുക്കൾക്കും മനുഷ്യനെ നിത്യം ഉപദ്രവിക്കാനും, അഥവാ അവൻെറ ജീവഹാനി വരുത്താനും കഴിയും. ഇത്ര അതിദുർബ്ബലനായ മനുഷ്യൻ ഭൂലോകശക്തികളെ അടക്കി സ്വാധീനപ്പെടുത്തുന്നു; എന്നല്ല, പ്രകൃതിശക്തികൾ അവനു വേണ്ടി സൃഷ്ടിക്കപ്പെട്ടോ എന്നു തോന്നിപ്പോകുന്നു. അവൻെറ അല്ലാതെ ലോകത്തിൽ ശക്തികളൊന്നുമില്ല. എന്നാൽ അവനുണ്ടോ ശക്തി? അവൻ മുഖാന്തിരമല്ലാതെ ഒരു ശക്തിക്കും പ്രവൃത്തിമാർഗ്ഗമില്ല. അതിഗംഭീരയായി പ്രവഹിക്കുന്ന ഗംഗാനദിയെ ഒരു കുഴലിൽക്കൂടി ഒലിപ്പിക്കുമ്പോലെ, പ്രകൃതിശക്തികളെ മനുഷ്യൻ അവനിൽക്കൂടി പ്രവർത്തിപ്പിക്കുന്നു. കാക്കാലൻ കുരങ്ങിനെ കളിപ്പിക്കുമ്പോലെ മനുഷ്യൻ പ്രകൃതിശക്തികളെ കൂത്താടിക്കുന്നു. അവയോടു നേരിടാൻ അവനു ശക്തിയില്ല. അവൻെറ കപ്പലുംകൊണ്ടു സമുദ്രത്തിനോടോ കൊടുങ്കാററിനോടോ നേരിട്ടാൽ, കപ്പൽ പപ്പടംപോലെ പൊടിഞ്ഞു നാമാവശേഷമായിപ്പോകുമല്ലോ. പിന്നെ ഏതുവിധമാണ് മനുഷ്യൻ ഈ ശക്തികളെ അടക്കുന്നത്? അതിൻെറ വിധമൊന്നു വേറെതന്നെ.

തുല്യബലമുള്ള ശക്തികളെ തമ്മിൽ കൂട്ടിമുട്ടിച്ച തടസ്ഥനായിനിന്നു മനുഷ്യൻ തനിക്കുവേണ്ടുന്ന വഴിയിൽ നയിപ്പിക്കുന്നു. അവന്റെ ഈ സൂത്രധാരകൃത്യം വിസ്മയനീയംതന്നെ. അതിൽ അവന്റെ സാമർത്ഥ്യത്തിനു കണക്കം കയ്യുമില്ല. അവന്റെ ശക്തി സാക്ഷാൽ പ്രത്യക്ഷപ്പെടുന്നില്ല; ഫലത്തിൽ മാത്രമേ വെളിപ്പെടുന്നുള്ളു. കൃഷീവലനായാലും ശരി; യന്ത്രവേലക്കാരനായാലും ശരി; കൈത്തൊഴിലുകാരനായാലും ശരി; ഗായകനായാലും ശരി; ജ്യോതിഷിയായാലും ശരി; മഹാമാന്ത്യനായാലും ശരി; ഏതു പ്രവൃത്തിയിലും മനുഷ്യൻ മനശ്ശക്തി കനുകൊണ്ട്, പ്രകൃതിശക്തികളെ നിയമനംചെയ്തു രീതിപ്പെടുത്തുകയത്രേ ചെയ്യുന്നത്.

എവിടെ നോക്കിയാലും മനുഷ്യന്റെ ബുദ്ധിയുടേയും പ്രയത്നത്തിന്റേയും ഫലമല്ലാതെ കാണ്മാനുണ്ടോ? മരുസ്ഥലമായിരുന്ന ദിക്കിൽ നെല്ലു കതിരായി നില്ക്കുന്നത് എത്ര പ്രയത്നത്തെ സൂചിപ്പിക്കുന്നു? എത്രയോ ശതവർഷങ്ങൾ കഴിഞ്ഞിട്ടും കുലുക്കമില്ലാതെ നില്ക്കുന്ന കെട്ടിടത്തിൽ എത്ര പ്രയത്നം അന്തർഭൂതമായിരിക്കുന്നു? ഇക്കാണുന്ന വയ്ക്കോൽ പന്തൽ എന്തിനെ വെളിപ്പെടുത്തുന്നു? ഇതാ, ഈ തോട്ടം കാൺക: അതിലെ ഒട്ടുമാവുകൾ ഇത്തിളില്ലാതേയും, വണ്ടുകളും പുഴക്കളും തുളയ്ക്കാതേയും, പാഴായ കൊമ്പുകൾ കോതി വൃത്തിയാക്കപ്പെട്ടു, മാങ്ങ കായ്ച്ച് മനോഹരമായും നില്ക്കുന്നത് എങ്ങിനെ കാണിക്കുന്നു? നാം വെള്ളം കോരുന്ന കിണറും, അറയിൽ കിടക്കുന്ന നെല്ലും, മേൽപുരമേഞ്ഞിട്ടുള്ള ഓടും മനുഷ്യപ്രയത്നത്തിന്റെ ഫലങ്ങളല്ലേ? കാലി കേറി വിള തിന്നാതേയും,

മഴപെയ്യു വിട്ട നന്നയാതേയും മഹാമാരി പരന്നു പട്ടണങ്ങളും ഗ്രാമങ്ങളും നശിക്കാതേയും ഇരിക്കുന്നതിനും കാരണം മനുഷ്യയത്നംതന്നെ. വസ്ത്രങ്ങളിലും പടങ്ങളിലും; പാടങ്ങളിലും പണ്ടങ്ങളിലും; പടക്കപ്പലുകളിലും പീരങ്കികളിലും; മണത്തിലും വർണ്ണത്തിലും; ഗാനത്തിലും പാനത്തിലും; സുഖത്തിലും ദുഃഖത്തിലും; ശസ്ത്രത്തിലും ശാസ്ത്രത്തിലും ഒന്നുപോലെ അന്തർഭൂതമായിരിക്കുന്നതു മനുഷ്യപ്രയത്നംതന്നെ.

മനുഷ്യന്റെ ബുദ്ധിശക്തിയെത്രയുണ്ടെന്ന് ഒരുവനും കണ്ടിട്ടില്ല. ബുദ്ധി പ്രവർത്തിക്കുന്നതിലൊക്കെ കുഴപ്പങ്ങൾ തീതിപ്പെടുന്നു; തുച്ഛപദാർത്ഥങ്ങൾ ബുദ്ധിമാന്റെ ദൃഷ്ടിയിൽ സാരവത്തുക്കളാകുന്നു; ബുദ്ധിമാനു ബ്രഹ്മാവിനുള്ളതുപോലെ സൃഷ്ടിശക്തി ഉണ്ടാകുന്നു; എല്ലാ ശക്തികൾക്കും ബുദ്ധിമാൻ സ്വാമിയായിത്തീരുന്നു. ഇടപാടുകളിലുള്ള സത്യംകൊണ്ടും, കറൽകൊണ്ടും വ്യാപാരിലോകത്തിലുള്ള സാധനങ്ങളെക്കൊണ്ടു കച്ചവടം നടത്തുന്നു; അതുപോലെ ബുദ്ധികൊണ്ടു മനുഷ്യൻ പ്രകൃതിശക്തികളെവെച്ച് ഇച്ഛപോലെ വ്യാപാരം ചെയ്യുന്നു. എത്ര വായു ആവശ്യമുണ്ടോ അത്രയും എടുത്തുകൊള്ളുന്നതിന് ഒരു തടസ്ഥവുമില്ല. അതു കണ്ടാൽ ശ്വസിക്കുന്നതിനു വേറെ പ്രാണികൾ ഇല്ലെന്നു തോന്നിപ്പോകാം. വേറെ ഒരു ജലചരവുമില്ലാത്തപോലെ സമുദ്രത്തെ മുഴുക്കെ സ്വാധീനമാക്കി മനുഷ്യൻ ഉപയോഗിക്കുന്നു. ആനന്ദിപ്പിക്കാൻ ജീവികൾ വേറെ ഇല്ലെന്നു തോന്നുമാറു മനുഷ്യൻ സൂര്യകിരണങ്ങളെ സ്വായത്തമാക്കുന്നു. മനുഷ്യൻ തന്നെയാണ് സർവ്വശക്തികൾക്കും ഉടമസ്ഥൻ. എത്ര

യെത്ര ശക്തികളെ സ്വാധീനമാക്കാൻ കഴിയുന്നുവോ അ
ത്രയത്ര മനുഷ്യനു സാമത്ഥ്യവും ശേഷിയും കൂടുതലാകുന്നു.
മേധാവിത്വമെന്നതിൻെറ ലക്ഷണമെന്താണ്? എല്ലാ
ലോകശക്തികളുടേയും തത്വത്തെ ഗ്രഹിച്ച് അവയെ
സ്വാധീനപ്പെടുത്തി ഉപയുക്തമാൎഗ്ഗങ്ങളിൽ തിരിച്ചുവിടു
ന്നതിനുള്ള സാമത്ഥ്യമാകുന്നു. മനസ്സിലാക്കിയതുകൊണ്ടു
പോരാ; ഉപയോഗയുക്തങ്ങളാക്കണം. സംഗ്രഹിച്ചതു
കൊണ്ടു മാത്രമായില്ല; സംഗ്രഹിച്ചതിനെ ഫലവത്താക്കി
പുറത്തുവിടണം. സമ്പാദ്യത്തിനുള്ള പ്രയോജനവും സ
ദ്വിഷയത്തിൽ ചിലവഴിക്കുന്നതാകുന്നു. പ്രയോജനപ്പെ
ടുത്താതെ കുഴിച്ചിടുന്ന നിധി പ്രമേഹക്കുരുപോലെ ദുഷ്ട
വും ഹാനികരവുമത്രെ.

നമുക്കുള്ള സ്വത്തിൻെറ ഒരു കണക്കെടുക്കയാണെ
ങ്കിൽ അതു കുറെയുണ്ട്. എന്നാൽ നമ്മുടെ വാസ്തവസ്വ
ത്ത് നമുക്കുണ്ടായിട്ടുള്ള ജ്ഞാനമാകുന്നു. നാം കണ്ടതും
കേട്ടതുമൊക്കെ നമ്മുടെ സമ്പാദ്യമല്ല. പിന്നെയോ?
ഏതൊന്നിനെ നാം ധരിച്ചു സ്വാധീനപ്പെടുത്തി പ്രവൃത്തി
യിൽ ഫലിപ്പിക്കുന്നുവോ, അതു മാത്രമേ നമ്മുടെ ജ്ഞാന
ധനമായിത്തീരുന്നുള്ളു. സ്ഥിരയായ ജ്ഞാനഭൂമിയിൽ പി
ന്നീടു പലതും വിളയും. മനുഷ്യനു ധൎമ്മാധൎമ്മവിവേകം
എങ്ങനെയാണ് മുളയ്ക്കുന്നത്? ധൎമ്മദ്യോതകങ്ങളായ ചി
ല നിയമങ്ങൾ അനുഭവത്താൽ മനസ്സിൽ പതിയുന്നു. അ
തിൻെറ തത്വത്തെ അറിഞ്ഞു നാം സ്വാധീനപ്പെടുത്തി
പ്രവൃത്തിയിൽ ഫലിപ്പിക്കുന്നു. അവയുടെ സഹായ
ത്താൽ പല നീതിരഹസ്യങ്ങളെ നാം മനസ്സിലാക്കുന്നു.
അനേകനീതിരഹസ്യങ്ങൾ നമ്മുടെ മനസ്സിൽ ഗോചരി

ഭവിക്കുമ്പോൾ അവയെ ഒന്നിച്ചുചേൎത്തു സ്ഥിരമായ ധൎമ്മജ്ഞാനം നമുക്ക് ഉണ്ടാകുന്നു. ഈ ധൎമ്മരഹസ്യങ്ങളാണ് നമ്മുടെ മുഖ്യധനം. നാം കാശിക്കുപോയാലും, ശീമക്കുപോയാലും, അതിലും കവിഞ്ഞു വ്യാഴമണ്ഡലത്തിലൊ കുജമണ്ഡലത്തിലൊ പറന്നുപോയാലും, അതല്ല, ദേവലോകത്തിൽതന്നെ ചെന്നാലും നമ്മുടെകൂടെ വരുന്ന ധനം ജ്ഞാനവും ധൎമ്മവും മാത്രമേയുള്ളു. ഒരു തൊഴിലേൎപ്പെടുത്തുന്നതിലോ, ഒരു വിദ്യാശാല സ്ഥാപിക്കുന്നതിലോ, ഒരു അനാചാരത്തെ നീക്കിക്കളയുന്നതിലോ, ഒരു പരിഷ്കൃതസമ്പ്രദായത്തെ ആരംഭിക്കുന്നതിലോ, ഏത് ഉദ്യമത്തിലും ഉൾപ്പെടുന്നവർ, അവരുടെ നിലമോ, പുരയിടമോ, പണമോ പണ്ടമോ കൊണ്ടല്ല; ബുദ്ധിശക്തി, നിരീക്ഷണവിചക്ഷണത, രീതിപ്പെടുത്താനുള്ള സാമൎത്ഥ്യം, നടത്താനുള്ള അടുക്ക് ഇവയെകൊണ്ടാണ് സഹായിക്കുന്നത്. ഒരു സംഘത്തിൽ ചേരുന്ന ഓരോരുത്തനും ഒരു പുതിയ ശക്തിയെക്കൊണ്ടു സഹായിക്കുന്നു. എത്രത്തോളം ബുദ്ധിക്കു് അഗാധതയുണ്ടോ അത്രത്തോളം മനുഷ്യൻ ലോകത്തെ ഭരിക്കുന്നു.

ബുദ്ധിശക്തിയുടെ ഓരോ പ്രവൃത്തിയേയും വൎണ്ണിക്കാൻ തുടങ്ങിയാൽ ആശ്ചൎയ്യത്തിൽ നാം മുഴുകിപ്പോകും. അത്യഗാധമായ സമുദ്രത്തിൽ മുങ്ങി അടിയിൽ കിടക്കുന്ന മുത്ത്, പവിഴം മുതലായ രത്നങ്ങളെ എടുത്തുകൊണ്ടുവരുന്നതിന് ഒരുമാതിരി കവചമുള്ളതു പലരും കണ്ടറിഞ്ഞിരിക്കാൻ ഇടയില്ല. എന്നാൽ മനോരത്നാകരത്തിൻെറ അത്യഗാധപ്രദേശങ്ങളിൽ അടിഞ്ഞുകിടക്കുന്ന

പുരാതനജ്ഞാനരത്നങ്ങളെ ഉദ്ധരിപ്പിക്കുന്ന സ്മൃതികവചത്തെ അറിയാത്തവർ ആരെങ്കിലുമുണ്ടോ? വ്യോമയാനത്തിൽ കയറി ഉല്ലാസത്തോടെ ആകാശത്തിൽ സഞ്ചരിക്കുന്നതിനെപ്പററി പുരാണങ്ങളിലും, ഈയിടെ വർത്തമാനപത്രങ്ങളിലും വായിച്ചിട്ടുള്ളതല്ലാതെ കണ്ടോ അനുഭവിച്ചോ അറിഞ്ഞിട്ടുള്ളവർ ചുരുക്കമേയുള്ളല്ലോ. എന്നാൽ കല്പനാശക്തികൊണ്ടു സ്വപ്നത്തെക്കൂടി അധഃകരിച്ചു സുഖസഞ്ചാരണം ചെയ്തിട്ടില്ലാത്തവർ എത്രപേരുണ്ട്? സൃഷ്ടിശക്തി ബ്രഹ്മാവിന് ഒരാൾക്കുമാത്രമേ ഉള്ളതായി കേട്ടിട്ടുള്ളു. എന്നാൽ ഉല്ലേഖനശക്തികൊണ്ട് എത്ര ലോകങ്ങളെ മനുഷ്യർ സൃഷ്ടിക്കുന്നില്ല? കവിയുടെ ഉല്ലേഖനംകൊണ്ടു തുച്ഛപദാർത്ഥങ്ങളും അല്പസംഗതികളും അതിരമണീയങ്ങളായിത്തീരുന്നു. ഉല്ലേഖനശക്തിയും വിചാരണാവൈദഗ്ദ്ധ്യവും യോജിക്കുമ്പോൾ വാഗ്മിതയുണ്ടാകുന്നു. വാഗ്മിയുടെ വചസ്സുഹാൽ വിശ്വാസത്തെ ജനിപ്പിക്കുന്നതു കൂടാതെ, പാമ്പാട്ടി ഊതുന്ന ക്രമത്തിനു സർപ്പം കൂത്താടുമ്പോലെ, നമ്മുടെ മനസ്സിനെ നർത്തനം ചെയ്യിപ്പിക്കുന്നു. ഇതിൻവണ്ണം, നിരൂപണശീലം, ക്ഷമ, മനഃസ്ഥൈര്യം, പരിശ്രമം, സ്നേഹം, സത്യം, ജ്ഞാനാകാംക്ഷ ഈ ഓരോ ഗുണങ്ങളും നമുക്കു ശക്തിയേയും ആനന്ദത്തേയും നൽകുന്നു. അനശ്വരങ്ങളായും അഭേദ്യങ്ങളായുമുള്ള ഈ ഗുണങ്ങളത്രെ നമ്മെ, ജീവിതസാഗരത്തിൽ കുടിച്ചു ചാകാതെ, ഹസ്താവലംബം തന്നു കരയ്ക്കുകയററി വിടുന്നത്. ഇവയുടെ ബലമല്ലാതെ നമുക്കൊന്നുമില്ല. ദുർഘടഘട്ടങ്ങളിൽ നമ്മെ സഹായിക്കുന്നത് ഇവയത്രെ. സ്വാർത്ഥപരതയാലും, മൂഢ

ബോധത്താലും, ദുശ്ചേഷ്ടകളാലും അഭിഭൂതന്മാരായി നാം കുഴങ്ങുമ്പോൾ, സ്വകൃത്യനിൎവ്വഹണത്തിനു ശക്തിയെ തന്നും, ഗുണദോഷവിവേചനത്തിനു സാമൎത്ഥ്യമുണ്ടാക്കിയും, പ്രവൃത്തിക്കു ധൈൎയ്യത്തെ നൽകിയും, അടക്കാനുള്ള മനശ്ശക്തിവരുത്തിയും, അനുസരിക്കാനുള്ള ബുദ്ധി തോന്നിച്ചും നമ്മെ രക്ഷിക്കുന്നത് ഈ ഗുണങ്ങൾ തന്നെയാകുന്നു.

ഈ വിസ്മയാവഹകളായ ശക്തികളെക്കുറിച്ചു നിരൂപണം ചെയ്യുന്നതിൽ നമുക്കു കൌതുകം തോന്നുന്നതു് മറെറാന്നുകൊണ്ടുമല്ല; ഇവയത്രെ നമ്മുടെ ഉള്ളിലുള്ള വിദ്യുച്ഛക്തിയും, ആകൎഷണശക്തിയും. നൈരന്തൎയ്യത്തോടെ പ്രവൎത്തിക്കുന്നതിനും, പരാജയത്തെ സഹിക്കുന്നതിനും, പരിശ്രമംകൊണ്ടു വിഘാതങ്ങളെ ജയിക്കുന്നതിനും, നമുക്കുണ്ടാകുന്ന ശീലം, എത്ര നവനവമായ ആനന്ദത്തെ ജനിപ്പിക്കുന്നു! സ്ഥിരവൃത്തിയാൽ മനുഷ്യനു മനോബലം വൎദ്ധിക്കുന്നു; താൻ ആരംഭിക്കുന്ന ഉദ്യമങ്ങളിൽ വരാവുന്ന പ്രതിബന്ധങ്ങളെ എല്ലാം അവൻ മുൻകൂറായി കാണുന്നു; അവയ്ക്കുള്ള പ്രതിവിധികൾ എപ്പോഴെപ്പോൾ ചെയ്യണമെന്നും, ഏതു് അവസരത്തിൽ പ്രയത്നം ഫലിക്കുമെന്നും, ഫലിപ്പിക്കുവാനുള്ള തഞ്ചങ്ങൾ എന്തെല്ലാമെന്നും, അവൻ മനസ്സിലാക്കുന്നു. ഉയരത്തിൽനിന്നും വീഴുന്ന ഒരു ഘനപദാൎത്ഥത്തിനു കീഴോട്ടു വരുന്തോറും വേഗം കൂടുന്നതുപോലെ, ഓരോ പ്രവൃത്തികളിലുമുണ്ടാകുന്ന പരിചയം മനുഷ്യനു ശക്തിയെ വൎദ്ധിപ്പിക്കുന്നു. പ്രവൃത്തികളിൽ സ്ഥൈൎയ്യം ഒരു ഉത്തമഗു

ണമാകുന്നു. ഒരിക്കൽ ഒരാൾ കാപ്പിത്തോട്ടത്തിൽ കുറെ ധനം മുടക്കി. കാപ്പിക്കു ക്രമേണ വിലയിടിഞ്ഞു. കാപ്പിത്തോട്ടം വിററു ലാഭമുള്ള മറേറതെങ്കിലും വ്യാപാരത്തിൽ മുതലിനെ വിനിയോഗിക്കണമെന്നു സ്നേഹിതന്മാർ അവനെ ഉപദേശിച്ചു. അതുകേട്ട് അയാൾ ഇളകിയില്ല. കാപ്പി നന്നായി കൃഷിചെയ്യാനുള്ള സമ്പ്രദായം താൻതന്നെ അഭ്യസിച്ച് ആ തൊഴിലിൽതന്നേ നിരന്തരമായി പരിശ്രമിച്ചു. ക്രമേണ ഇത്ര നല്ല കാപ്പി ലോകത്തിൽ ഇല്ലെന്നു ജനങ്ങൾ ഗണിച്ചുതുടങ്ങി. അയാളുടെ തോട്ടത്തിൽ ഉണ്ടാകുന്ന കാപ്പിക്കു പ്രിയം ജനിച്ചു. അയാൾക്കു നല്ല വില കിട്ടി ധനികനായി. എന്നല്ല, ഒന്നാംതരം കാപ്പികൃഷി ചെയ്യാനുള്ള വിദ്യ ലോകത്തിൽ സ്ഥിരപ്പെടുകയും ചെയ്തു.

ബുദ്ധി എന്നത് എന്താണ്? ഏതു തുറയിൽ പ്രവൃത്തിക്കുന്നുവോ, അതിലുള്ള സംഗതികളുടെ ഗതിയെ അറിഞ്ഞ് അവയെ നിയമിച്ചു രീതിപ്പെടുത്തുന്നതിനുള്ള ശക്തിയാകുന്നു. എല്ലാസംഗതികൾക്കും പ്രകൃത്യാ നിയമങ്ങളുണ്ട്. അവയെ അറിയുന്നതിനു ബുദ്ധിമാനുമാത്രമേ കഴിയൂ. മൂത്താശാരി കെട്ടിടങ്ങളെ കെട്ടുന്നതിനുള്ള രീതിയെ അറിയുന്നു; ചിത്രമെഴുത്തുകാരൻ ചായങ്ങൾ ചേർത്ത് ഫലിപ്പിക്കുന്നതിനുള്ള നിയമങ്ങളെ അറിയുന്നു; നടൻ ഭാവങ്ങളെക്കൊണ്ടു രസവൃത്തിവരുത്താനുള്ള രീതിയെ അറിയുന്നു; നെപ്പോളിയൻ ബോണപ്പാർട്ട് എന്ന മഹാവീരൻ, കുഴൽക്കണ്ണാടിയിൽകൂടി നാം ദൂരസ്ഥങ്ങളായ പദാർത്ഥങ്ങളെ കാണുമ്പോലെ, യൂറോപ്പ് മഹാഖണ്ഡ

ത്തിലുൾപ്പെട്ട രാജ്യങ്ങളെ മനശ്ചക്ഷുസ്സുകൊണ്ടു ഗ്രഹിച്ച്, പട്ടാളങ്ങളെ യഥാക്രമം വിനിയോഗിച്ച്, ശത്രുക്കളോടു പൊരുതാനുള്ള രീതിയെ മനസ്സിലാക്കി; വലിയ തോക്കുകളിൽനിന്നും പുറപ്പെട്ട ഉണ്ടകളേക്കാൾ അദ്ദേഹത്തിൻെറ ബുദ്ധിയിൽനിന്നും പ്രസരിച്ച ശക്തികൾ ഭയങ്കരങ്ങളായിരുന്നു!

പാശ്ചാത്യനാട്ടുകളിൽ നടന്ന ഒരു സംഭവമാണിത്. ഒരിക്കൽ അതിദരിദ്രനായ ഒരുത്തൻ എന്തോ കുററംചെയ്തതിനു, കോടതി പിഴയൊടുക്കാൻ വിധിച്ചു. കുചേലനേക്കാൾ പാവമായ ഈ കുററക്കാരന് ഒരു കാശുപോലും മുതലില്ലായിരുന്നു. ബന്ധുക്കളും ആരുമില്ലായിരുന്നു. അതുകൊണ്ടു പിഴയൊടുക്കു് അവനു കഴിഞ്ഞില്ല. അതിനാൽ കോടതി അവനെ തടവിലിടാൻ കല്പനകൊടുത്തു. അവൻ പിന്നെ എന്താണ് ചെയ്തത്? അവൻെറ ചേപ്പിൽ ഇട്ടിരുന്ന ചിങ്കുഴൽ എടുത്ത് ഊതാൻ തുടങ്ങി. അതുകേട്ടു കോടതിയിലുണ്ടായിരുന്നവരെല്ലാം ആനന്ദഭരിതന്മാരായി. ഉറക്കംതൂങ്ങിയിരുന്ന ജൂറികൾ (തടസ്ഥന്മാർ) ഉണൎന്നു, പോലിസ് ഇൻസ്പെക്ടർ സ്വകൃത്യമൂഢനായി ചമഞ്ഞു; ജഡ്ജി താളംപിടിക്കാൻ തുടങ്ങി; എന്തിന്, എല്ലാവരുടേയും അനുമതിപ്രകാരം തടവുകാരൻ വിടപ്പെട്ടു. ആ തടവുകാരൻ കുറേക്കൂടി ഉച്ചത്തിൽ കുഴലൂതിയിരുന്നെങ്കിൽ നമ്മളും, എന്നുവേണ്ട, ലോകത്തിലെല്ലാവരും ഏകമനസ്സോടെ അവൻെറ പിഴ റദ്ദ് ചെയ്തു വിട്ടുവിക്കുമായിരുന്നു.

അപരിഷ്കൃതനായും ശഠനായുമുള്ള ഒരു കൃഷീവലൻ ഒരുദിക്കിൽ പാൎത്തിരുന്നു. അവൻെറ ദൌഷ്ട്യംകൊണ്ടു

മനുഷ്യർ അവനോട്ട് അടുക്കയില്ല. അവനു വില്ക്കാനു ണ്ടായിരുന്ന സാധനങ്ങളെ വാങ്ങാൻ പോകുമ്പോൾ ഒഴി കെ, ഒരുത്തരും അവനെ കാണാൻ പോകാറില്ലായിരുന്നു. ഒരുദിവസം, അവൻെറ മകൻ ഒരു നാലു വയസ്സായ പ യ്യൻ അതിമനോഹരമായ ഒരു ചെറിയ ഉന്തുവണ്ടി ത ള്ളിക്കൊണ്ടു നടന്നു കളിക്കുന്നതുകണ്ടു ചോദിച്ചപ്പോൾ, അച്ഛൻ ഉണ്ടാക്കിത്തന്നതാണെന്നു ആ ബാലൻ പറ ഞ്ഞു. അഹോ കുഞ്ഞിനെ ലാളിച്ചു വിനോദിപ്പിക്കുന്ന തിനുള്ള ആഗ്രഹം, ആ ദുർബ്ബുദ്ധിയായ കൃഷീവലൻെറ ക രകൌശലശക്തിയെ വെളിപ്പെടുത്താൻ സമത്ഥമായി തീ ന്നുവല്ലൊ! എത്ര അപരിഷ്കൃതജനങ്ങളിലും കലാവൈദ ഗ്ദ്ധ്യം പുഷ്പിതമായി കാണാവുന്നതാണു. ഇതാ നോക്കു! സൌന്ദയ്യമോ സാമത്ഥ്യമോ ഇല്ലാത്ത ഒരു പെൺകുട്ടി യെ ചുററി എത്ര ബാലികകൾ നില്ക്കുന്നു! രസമായി ക ഥകൾ പറഞ്ഞുകേൾപ്പിക്കാൻ അവൾക്കു അറിയാം. അതുകൊണ്ടു അവൾക്കു ഒരിക്കലും കൂട്ടിനു ആളില്ലാതി രിക്കയില്ല. അവളുടെ ഓമ്മയും ഫലിതവുംകൊണ്ടു മററു ള്ള കുട്ടികൾ വശീകരിക്കപ്പെട്ടുപോയി. അവൾ എവി ടെപ്പോയി എന്നു എങ്ങും അന്വേഷിച്ചുപോകേണ്ട. ചി രിച്ചും രസിച്ചുമിരിക്കുന്ന കുട്ടികളുടെ കൂട്ടത്തിൽ നോക്കി യാൽ, അവൾ അവരുടെ നടുക്കു നില്ക്കുന്നതു കാണാം.

എത്ര വിലപിടിച്ചതാണു നമ്മുടെ ജീവിതം? എത്ര വിലയേറിയ വാസനകൾ നമുക്കുണ്ടു? ഓരോന്നിൻെറയും ഗുണങ്ങൾ കാണുമ്പോൾ അതിനോളം ഉത്തമമായി മ റെറാന്നുമില്ലെന്നു തോന്നിപ്പോകുന്നു. പാട്ടുകേട്ടാൽ അ തു മതി മറെറാന്നും വേണ്ടാ എന്നു തോന്നുന്നു; നാടകം

കാണുമ്പോൾ അതിനോടു മറെറാന്നും സമാനമല്ലെന്നു
ബോധംവരുന്നു; വെള്ളംകളികാണുമ്പോൾ അതിൽപ
രം രസകരമായി വേറെ ഒന്നും ഇല്ലെന്നു നാം വിചാരി
ക്കുന്നു; വലിയ യുദ്ധങ്ങൾ ജയിച്ചു ജയഭേരിയോടെ സ്വ
രാജ്യത്തിലേക്കു തിരിച്ചുവരുന്ന സേനാധിപനെ കാണു
മ്പോൾ, അയാളെപ്പോലെ ഉത്തമപുരുഷൻ ലോകത്തി
ലില്ലെന്നു നാം ഗണിക്കുന്നു; എന്നാൽ ആ സേനാധിപ
നാകട്ടെ പാർല്ലിമെൻറുസഭയിലുള്ള കേമനായ വാഗ്മിയെ
ക്കുറിച്ചാണ് ബഹുമാനം തോന്നുന്നതു്; ഒരു വശ്യവാക്കാ
യ കവി മറെറല്ലാത്തരം വിദ്വാന്മാരേയും അധഃകരിക്കു
ന്നു. ഇപ്രകാരം ഓരോ വാസനകളുടേയും ഗുണങ്ങൾ പ്ര
ത്യക്ഷീഭവിക്കുമ്പോൾ, നാം ആനന്ദപരതന്ത്രന്മാരായി
ത്തീരുന്നു. ഋതുക്കൾ ഓരോന്നും വരുമ്പോൾ അതു മുമ്പു
വന്നതിനേക്കാൾ നല്ലതാണെന്നും, ഒരു ദിവസം കഴിഞ്ഞ
ദിവസത്തേക്കാൾ നന്നെന്നും വിചാരിച്ചു, ഷഡൃതുക്കൾ
ക്കും, ആണ്ടിൽ മുന്നൂററി അറുപത്തഞ്ചു ദിവസങ്ങൾക്കും
പ്രാധാന്യം കല്പിച്ച ഒരാളുടെ കഥ ഇവിടെ ഓർമ്മവരുന്നു.

സംഗീതത്തിൻെറ വശീകരണശക്തി അനുഭവവേ
ദ്യമാണ്. കഠിനമനസ്സുകളെ അലിയിപ്പിക്കുന്നതിനും,
വിഷണ്ണന്മാരെ ഉത്സാഹപ്പെടുത്തുന്നതിനും, ഭടന്മാരെ
പീരങ്കിക്കു നേരെനിന്നു പൊരുതിക്കുന്നതിനും അതിനു
ള്ള ശക്തി നാം കാണുമാറുണ്ടല്ലൊ. വാസനാശക്തി ക
റഞ്ഞവരിൽ അതു ചെയ്യുന്ന പ്രവൃത്തിയാണിതു്. സംഗീ
തരസികന്മാരുടെ ഹൃദയത്തിൽ അതു് ഉളവാക്കുന്ന ആന
ന്ദത്തിനു കണക്കും കയ്യുമില്ല. രണവീരനും അജയ്യനും

ഒരുവനും കീഴടങ്ങീട്ടില്ലാത്തവനും മഹാൻ എന്നു ബിരു ദം നേടിയവനുമായ അലക്സാണ്ടർ ചക്രവൎത്തിയെ, സിം ഹാസനത്തിൽ ഇരുന്നു രാജാധികാരം നടത്തുന്ന സന്ദൎഭ ത്തിൽ, നടനെപ്പോലെ വിവിധവികാരങ്ങൾ പ്രദൎശിപ്പി ച്ച് കൂത്താടിക്കാനുള്ള ശക്തി സംഗീതത്തിനു മാത്രമേയു ണ്ടായുള്ളു. ഗർഭശ്രീമാനായി നൃസിംഹതുല്യനായിരുന്ന സ്വാതിതിരുനാൾ മഹാരാജാവു, രാജസദസ്സിലെ പ്രസി ദ്ധഗായകനായിരുന്ന വടിവേലു ഒരു വേനൽകാലത്തുള്ള സായാഹ്നത്തിൽ പുറനീരു എന്ന രാഗം പാടിയപ്പോൾ, പ്രഭാതകാലമായെന്നുള്ള ബോധത്താൽ ശൈത്യംതോന്നി സാല്വകൊണ്ടു തിരുമേനി പുതച്ചതായി വയോവൃദ്ധന്മാർ പറഞ്ഞുകേട്ടിട്ടുണ്ട്. ഐഹികസുഖാസുഖങ്ങളെ വിസ്മ രിപ്പിച്ച സ്വൎഗ്ഗസുഖത്തിന്റെ ഛായ മനുഷ്യനു ചൂണ്ടി ക്കാണിക്കുന്നതു സംഗീതമാകുന്നു. ഗന്ധൎവ്വരാജന്റെ ഗാ നവും, നാരദന്റെ വീണാസ്വാനവും, ശ്രീകൃഷ്ണന്റെ വീ ക്കുഴലും, ഉൎവ്വശിയുടെ നടനവും സംഗീതമാഹാത്മ്യത്തി ന്റെ പരമകാഷ്ഠയെ ദ്യോതിപ്പിക്കുന്നു.

പ്രകൃതിവിലാസങ്ങളെ ഗ്രഹിക്കാനുള്ള ശക്തിയത്രേ മനുഷ്യന്റെ മനസ്സിനെ മഹാകാൎയ്യങ്ങളിൽ വ്യാപരിപ്പി ച്ച് അവനെ സമബുദ്ധിയും രഞ്ജനയുമുള്ളവനാക്കിത്തീ ൎക്കുന്നതു്. ആലോചനാശക്തികൊണ്ടു മനുഷ്യൻ പ്രകൃതി യുടെ ധനത്തെ സ്വാധീനമാക്കുന്നു; സ്മരണശക്തികൊ ണ്ടു പ്രകൃതിയുടെ അറപ്പുരതുറന്നു പുരാതനനിധികളെ തിരഞ്ഞെടുക്കുന്നു; ശാസ്ത്രജ്ഞാനംകൊണ്ടു പ്രകൃതിയുടെ സ്വരൂപത്തേയും പരിണാമത്തേയും മനസ്സിലാക്കുന്നു; ക വനശക്തികൊണ്ടു പ്രകൃതിയുടെ മാഹാത്മ്യത്തേയും സുഖ

ത്തേയും അറിയുന്നു. ഓരോ ശക്തികളും സിദ്ധിക്കുന്തോറും മനുഷ്യൻ ഔന്നത്യത്തെ പ്രാപിക്കുന്നു. ഒരാൾക്ക് ഈ ശക്തികൾ ഉണ്ടാകുന്നതുകൊണ്ടു മറെറാരാൾക്ക് ഇവ ഇല്ലാതെ വരുന്നില്ല. ഈ ശക്തികൾ ഓരോ അക്ഷയപാത്രങ്ങളാകുന്നു. ആൎക്കാൎക്ക് എത്രയെത്ര വേണമൊ, അവരവൎക്ക് അത്രയത്ര എടുത്ത് ഉപയോഗിക്കാം. പിന്നെയും പാത്രത്തിൽ ഒരു കുറവും വരികില്ല. ഈ ശക്തികൾ ഒരാളുടെ സ്വാന്തസമ്പാദ്യമല്ല. അവയിൽ അട്ടിപ്പേർ അവകാശം ആൎക്കുമില്ല. അനുഭവിക്കാമെന്നു മാത്രമേയുള്ളു. നാം ഉപയോഗിക്കുന്നിടത്തോളം, അവ നമ്മുടെ അധീനത്തിലിരിക്കും. ഉപയോഗിക്കാത്തപക്ഷം അവ നമുക്കു വഴിപ്പെടുകയില്ല.

മേൽവിവരിച്ച ശക്തികളെ ഉപയോഗിക്കാൻ തക്കവണ്ണം നമ്മുടെ മനസ്സ് ഉൽകൃഷ്ടമാകുമ്പോൾ, ധൎമ്മബോധത്തിൻെറ അനശ്വരതയും, ന്യായത്തിൻെറ മാഹാത്മ്യവും, സ്നേഹത്തിൻെറ ജയഭേരിയും, അതിനു വിഷയീഭവിക്കുന്നു. ഈ അവസ്ഥയിൽ എത്തിക്കഴിഞ്ഞാൽ നാം ഈ ജ്ഞാനമാൎഗ്ഗത്തെ അനുവൎത്തിക്കയല്ലാതെ അഹങ്കാരമൂഢന്മാരായി പ്രവൎത്തിക്കയില്ല. ജ്ഞാനിക്ക് ആത്മബോധമല്ലാതെ കൂട്ടുകാർ വേറെ ആവശ്യമില്ല; ആത്മാവിൽ സകലലോകങ്ങളും, അന്തർഭൂതങ്ങളായി അയാൾ കാണുന്നു.

ഈ ശക്തികൾ അനശ്വരകളാകുന്നു. ഓരോന്നിനും എല്ലാററിൻേറയും കൂടിയ ബലമുണ്ട്. അവ പരസ്പരസഹായികളായിരിക്കുന്നതിനാലത്രേ ലോകം നിലനില്ക്കുന്നത്. അവയെ അറിഞ്ഞ് അവയുടെ നിയമങ്ങളെ

അനുസരിച്ചു പ്രവർത്തിക്കുന്നതിലാണ് മനുഷ്യന്റെ ബലമിരിക്കുന്നത്. അനുസരണശീലമുള്ളവനല്ലാതെ ആജ്ഞാശക്തിയുണ്ടാകയില്ലല്ലൊ. കമ്പിത്തപാലിൽകൂടി ലോകമൊട്ടുക്ക വർത്തമാനങ്ങൾ സഞ്ചരിക്കുമ്പോൾ, ഇടയ്ക്കുള്ള ആപ്പീസ്സിൽ കൂട്ടിത്തൊടുത്തിട്ടുള്ള കമ്പിയിൽകൂടി വർത്തമാനമെല്ലാം അവിടെ വെളിപ്പെടുമ്പോലെ, ത്രൈലോക്യമൊട്ടുക്ക നിറഞ്ഞിരിക്കുന്ന സർവ്വനിയന്താവിന്റെ മാഹാത്മ്യങ്ങളെ അല്പനായ മനുഷ്യൻ 'ജ്ഞാനതന്തി' യിൽകൂടി മനസ്സിലാക്കുന്നു.

രണ്ടു കരാറിന്മേലാണ് ഈശ്വരൻ ലോകത്തെ മനുഷ്യന് കൊടുത്തിരിക്കുന്നത്. ഒന്നാമത്, അത് ഒരാളുടെ സ്വന്തമല്ല; എല്ലാവർക്കും ഒരുപോലെയുള്ള സ്വത്താകുന്നു; അവനവന്റെ ബുദ്ധിവലുപ്പമനുസരിച്ച് അനുഭവിച്ചുകൊള്ളാം. രണ്ടാമത്, അതു കളിക്കാനുള്ള സാധനമല്ല; അതിന്റെ നിയമങ്ങളറിയാതെ ഇടപെട്ടുപോകരുത്; അതിന്റെ ശക്തികളോരോന്നും അതാതിന്റെ നിയതപഥത്തിൽകൂടി പ്രവർത്തിക്കുന്നതല്ലാതെ, ഒരുത്തരുടേയും സൌകര്യത്തെ നോക്കുകയില്ല; അതിനാൽ ആ നിയമങ്ങളറിയാതെ പ്രവർത്തിക്കുന്നവൻ വിഷമിക്കും.

എന്നാൽ മനുഷ്യരുടെ പ്രയത്നമൊക്കെ ലോകത്തെ സ്വാധീനപ്പെടുത്താനാണ്. സ്ഥലവും ജലവും കാററും ഫലങ്ങളുമെല്ലാം കരസ്ഥമാക്കണമെന്നാണ് മനുഷ്യരുടെ മോഹം. പുതുതായി ഒരു സാധനമുണ്ടാക്കിയാൽ അതിന് ഉടനേ പേറെൻറ് (Patent) എന്നുവെച്ചാൽ, അന്യന്മാർ തന്റെ അനുമതികൂടാതെ അതുപോലെ ഒന്നി

ന്നെ ഉണ്ടാക്കാൻ പാടില്ലെന്നുള്ള നിബന്ധനയോടെ സ ക്കാരിൽനിന്നും റജിസ്റ്റർചെയ്തുകൊടുക്കുന്ന കല്പന—സ മ്പാദിക്കയായി. ഒരു കവിത എഴുതിയുണ്ടാക്കിയാൽ അ തിൻെറ പകപ്പവകാശം റജിസ്റ്ററാക്കയായി. പ്രകൃതിസി ദ്ധങ്ങളായ മാഗ്ഗങ്ങളെ ഉല്ലംഘിച്ചുനടക്കുന്നതിലാണ് മനുഷ്യക്ക് ആഗ്രഹം. വീരനായ സേനാനായകൻ ശത്രു ക്കളിൽനിന്നും സ്വരാജ്യത്തെ രക്ഷിക്കുന്നതിനു പകരം, രാജ്യഭരണാധികാരികളുമായി കക്ഷിചേന്ന് പാർല്ലി മേൻറ് സഭയിൽ വാഗ്വാദം നടത്തുന്നു. വിദഗ്ദ്ധനായ വൈദ്യൻ ജനങ്ങളെ ചികിത്സിച്ച് അരോഗികളാക്കി ത്തീക്കുന്നതിന്നു പകരം ന്യായാധിപനായോ മന്ത്രിയാ യോ ഉദ്യോഗം ഭരിക്കുന്നതിന്നുവേണ്ടി പ്രയത്നിക്കുന്നു. ഇപ്രകാരം അവനവൻെറ, ബുദ്ധിക്ക് അനുസരണമല്ലാ ത്തവിധം പ്രവത്തിക്കുന്നവക്ക് വാസ്തവമായ ജ്ഞാനവും ബുദ്ധിശക്തിയും ക്ഷയിച്ചുപോകുന്നതുതന്നെ നല്ല ശിക്ഷ യായി തീരുന്നു.

നിത്യശക്തികളെപ്പററിയുള്ള ഈ ചിന്തയും മനസ്സി ലുള്ള ക്ലേശങ്ങളെ അകററി നമ്മെ ആശ്വസിപ്പിക്കുന്നു. എന്തെന്നാൽ, ഈ ലോകം അചേതനമല്ലെന്നും, അതി ൻെറ ഗതിക്ക് വേണ്ടുംവണ്ണമുള്ള നിയമങ്ങളുണ്ടെന്നും, അതിൻെറ നീതി മലിനപ്പെടുത്തത്തക്കതല്ലെന്നും നമു ക്ക് വെളിവാകുന്നു. പ്രകൃതിയുടെ സ്വത്ത് കളവുചെ യ്യാനൊ, ധമ്മത്തെ അസൽപഥത്തിൽ ചരിപ്പിക്കാനോ കഴിയുന്നതല്ല. സത്യത്തെ സംരക്ഷിക്കുന്നതിന്ന് എത്ര കോട്ട കെട്ടിയുറപ്പിച്ചിട്ടുണ്ടെന്നും, ദൈവത്തിൻെറ കാരു

ന്യം എത്ര മഹത്താണെന്നും നാം അറിയുന്നു. നാം പ്രയത്നശീലമുള്ളവരായിരിക്കണമെന്നു ശിക്ഷിതന്മാരാകുന്നു. നേർവഴിയിൽ നടക്കണമെന്നും, സാധാരണസംഗതികളെ അറിഞ്ഞു നടക്കുന്നതിലാണ് മഹാമനസ്കത പ്രത്യക്ഷപ്പെടുന്നതെന്നും' അപ്രകാരം നടക്കുന്നവൎക്ക് ദൈവസഹായമുണ്ടായി ഇച്ഛാഭംഗത്തിന്ന് ഇടയാകയില്ലെന്നും നമുക്കു മനസ്സിലാകുന്നു. പരിശ്രമശാലിക്ക് മാത്രമേ ലോകം വശപ്പെടുകയുള്ളൂ. അതു നിയമങ്ങളുടെ കൂടാകുന്നു. ആ നിയമങ്ങളെ വേർതിരിച്ചറിഞ്ഞ് ഓരോന്നിന്റെയും അനശ്വരതയും ശക്തിയും അറിയുന്നതിനൊപ്പം ക്ഷേമകരമായ ജ്ഞാനം മനുഷ്യന് ഒന്നുമില്ല. ഈ ലോകനിയമങ്ങളെ എല്ലാം കോൎത്തുകെട്ടുന്ന ചരട് സൽഗുണമാകുന്നു. സൽഗുണത്തെത്തന്നെയാണ് ബ്രഹ്മമെന്നു പറയുന്നത്. സൽഗുണമല്ലാതെ ലോകത്തിൽ ഒന്നുമില്ല. ഏതു പദാൎത്ഥവും സൽഗുണത്തെ വെളിപ്പെടുത്തുന്നു. പ്രകൃതി ഒരു സൽഗുണോപദേഷ്ടാവാകുന്നു.

നമുക്ക് പററുന്ന ദോഷങ്ങളെല്ലാം നാം മുമ്പിൽ ചെയ്തിട്ടുള്ള അധൎമ്മത്തിന്റെ ഫലങ്ങളാകുന്നു. ഒരു കെട്ടിടത്തിന്റെ ഒരു ഭാഗത്ത് വിള്ളൽ കണ്ടാൽ അടിസ്ഥാനത്തിന് ഇരുത്തലുണ്ടെന്നല്ലേ നാം ഗണിക്കുന്നത്? ഒരു കാൎയ്യം നിശ്ചയംതന്നെ. ന്യായബോധമില്ലാത്തവൻ എന്നും അസ്വതന്ത്രനായിട്ടേ ഇരിക്കയുള്ളൂ. ഏതെതു രാജ്യത്തിലോ, സമുദായത്തിലോ, ജനങ്ങളിലോ, ന്യായബോധം കുറയുന്നു ആ രാജ്യവും, സമുദായവും, ജനങ്ങളും ക്ഷയോന്മുഖദശയെ പ്രാപിക്കുന്നു. മനുഷ്യനുള്ള ബുദ്ധി

വലിപ്പത്തിൽ പാതിയും ധൈര്യമാകുന്നു. ന്യായബോധമൊന്നുകൊണ്ടല്ലാതെ ധൈര്യമുണ്ടാകയില്ല. ഭയം ജീവിതസുഖത്തെ നശിപ്പിക്കുന്നു. ആത്മാഭിമാനം ഇല്ലാതെയായാൽ, ഇതരന്മാരുടെ ബഹുമാനത്തിന് മനുഷ്യൻ എങ്ങിനെ പാത്രമാകും? സർവ്വനിന്ദ്യനായി ജീവിച്ചിരിക്കുന്നതിനേക്കാൾ മരിക്കുന്നതാണ് ഉത്തമം. ഭയത്തിനേക്കാൾ ഭയപ്പെടാൻ മറ്റൊന്നുമില്ലെന്ന് ഒരു വിദ്വാൻ പറഞ്ഞിരിക്കുന്നത് സത്യമാകുന്നു.

ഈ ലോകം ഒരു പോർക്കളമത്രെ. ഓരോ കാര്യവും നമ്മെ പോരിനു വിളിക്കുന്നു. അടങ്ങി ഒതുങ്ങി കാലക്ഷേപം ചെയ്യാനാരും കരുതേണ്ട. എല്ലാവരുടെ ധൈര്യവും ഇവിടെ പരീക്ഷിക്കപ്പെടുന്നു. ഓരോ സംഗതികളും നേരിടുന്നത് നമ്മേ പരീക്ഷിക്കാനാണ്. പ്രപഞ്ചംതന്നെ മായയാണ്; അതിനുള്ളിൽ കിടന്ന് മനുഷ്യൻ ധർമ്മത്തെ മറച്ച് എന്ത് വ്യാജമാണ് കാണിക്കുന്നത്! ധർമ്മം ഒന്നുകൊണ്ടല്ലാതെ ലോകം നിലനില്ക്കുമോ? അതുകൊണ്ടുതന്നെയല്ലേ മനുഷ്യന് ഓജസ്സും, തേജസ്സും, ധനവും, മാനവും എല്ലാമുള്ളത്? എങ്കിലും ന്യായം നടത്താൻ അവൻ ഭയപ്പെടുന്നു! ധർമ്മത്തെ ധിക്കരിക്കുന്നതിന് പഠിച്ച പണിയെല്ലാം അവൻ നോക്കുന്നു! അഥവാ ഒരുവൻ ന്യായം നടത്താൻ തുടങ്ങിയാൽ, ജാതിഭ്രഷ്ടനെപ്പോലെ അവനെ നാം ഭ്രാന്തനെന്നു സങ്കല്പിക്കുന്നു!

നാം ചെയ്യുന്നതും അനുഭവിക്കുന്നതുമെല്ലാം ക്ഷണികങ്ങളാണ്. എന്നാൽ ന്യായവും സത്യവും അനശ്വര

ങ്ങളാകുന്നു. അധൎമ്മങ്ങളും വ്യാജങ്ങളും താൽക്കാലികങ്ങളായ സുഖാഭാസങ്ങളെ ജനിപ്പിക്കുമെങ്കിലും, ക്ഷണഭംഗുരങ്ങളാണ്. ധൎമ്മമാൎഗ്ഗസഞ്ചരണത്തിൽ അനേകക്ലേശങ്ങൾ നേരിട്ടാലും പരിണാമത്തിൽ ഗുണമല്ലാതെ വരികയില്ല. ഏതു കഷ്ടപ്പാടും ധൎമ്മാഭിവൃദ്ധിക്കായി നാം സഹിക്കേണ്ടതാണ്. കോപം, അസൂയ, ദംഭം മുതലായ ദോഷങ്ങൾ ക്ഷണപ്രഭാചഞ്ചലങ്ങളാകുന്നു. ദുഷിച്ച ജലം കെട്ടിനില്ക്കുന്ന കുളങ്ങളും കുല്യകളും ചിറകളുമെല്ലാം പ്രവാഹകാലത്തിൽ മാഞ്ഞുപോകുമ്പോലെ, ജ്ഞാനപ്രവാഹത്തിൽ ഈ ദുൎഗ്ഗുണങ്ങൾ നീങ്ങിപ്പോകും. ജ്ഞാനശക്തി എവിടെനിന്ന് ഉത്ഭവിക്കുന്നു? സൎവ്വാത്മസ്വരൂപനായ ഭഗവാൻെറ മാഹാത്മ്യം, മനുഷ്യരുടെ ബുദ്ധിയിൽക്കൂടി പ്രവഹിക്കുന്നതാകുന്നു. ഈ ജ്ഞാനത്തിലാണ് ലോകം സ്ഥിതിചെയ്യുന്നത്. ജ്ഞാനങ്ങളിലേക്ക് ഉത്തമമായിട്ടുള്ളത് ധൎമ്മജ്ഞാനമാകുന്നു. ഇതാണ് സൎവ്വത്തിൻെറയും രഹസ്യം. മേഘങ്ങൾക്കു മേൽമേഘങ്ങൾ എങ്ങിനേയോ, ഹിമത്തിനുമേൽ ഹിമമെങ്ങിനേയോ, വായുമണ്ഡലത്തിൽ അണ്ഡജങ്ങളെങ്ങിനേയോ, സൂൎയ്യചക്രത്തിൽ ഗ്രഹങ്ങളെങ്ങിനേയോ, അതിൻവണ്ണം, ജ്ഞാനശക്തിയിലാണ് ജനസമുദായങ്ങളും അവയുടെ സകല ഏൎപ്പാടുകളും സ്ഥിതിചെയ്യുന്നതു്.

എം. രാജരാജവൎമ്മ രാജാ എം. എ., ബി. എൽ.

# ജീവശാസ്ത്രം.*
## (BIOLOGY)

ജീവനുള്ള സകല വസ്തുക്കളേയും പററി പ്രതിപാദിക്കുന്നതാണ് ജീവശാസ്ത്രം (Biology). ജീവിയെന്നും നിർജ്ജീവിയെന്നും രണ്ടു വകുപ്പുകളിലായിട്ടാണ് ജഗത്തിലുള്ള സകല വസ്തുക്കളും സ്ഥിതിചെയ്യുന്നത്. അതായത്, ജന്തുസസ്യജാലങ്ങളെ ഒഴിച്ചുള്ളവയെല്ലാം നിർജ്ജീവവസ്തുക്കളാണെന്നു ആദ്യംമേതന്നെ പറയാം. ജന്തുക്കളിലെല്ലാം ജീവനുണ്ടെന്നത്, സന്ദേഹമെന്യേ, ആരും സമ്മതിക്കും. സസ്യങ്ങൾക്കും ഇപ്രകാരം ജീവനുണ്ടോ എന്നു തീർത്തുപറയുന്നതിൽ ശങ്കയും വരാം.

സസ്യങ്ങൾക്കും ജീവനുണ്ടെന്നതിനു വല്ല ലക്ഷ്യങ്ങളുമുണ്ടോ? ജന്തുക്കളെപ്പോലെ അങ്ങുമിങ്ങും അവ ചരിക്കുന്നില്ല. നേരെമറിച്ച്, ഒരേസ്ഥാനത്തുതന്നെ പ്രായേണ നില്ക്കുന്നു. സ്പർശിച്ചാൽ അവ ഗ്രഹിക്കുന്നില്ല. നാം ഒരു മരം മുറിക്കുന്നതായാൽ, വേദന സഹിക്കുന്നതായി യാതൊരു ലക്ഷ്യവും അതു കാണിക്കാതെ കണ്ടു, കല്ലുപോലെ നിലത്തു പതിക്കുന്നു.

ഇങ്ങിനെയാണെങ്കിൽ എന്തുകൊണ്ടാണ് സസ്യങ്ങൾക്കു ജീവനുണ്ടെന്നു നാം പറയുന്നത്? ഒരു കല്ലിനെക്കാളും എന്തു വിശേഷമാണ് അവയ്ക്കുള്ളത്? പകലിനും അന്ധകാരത്തിനും മദ്ധ്യേയുള്ള പിളപ്പ് എത്രമാത്രമോ അത്രതന്നെ വിസ്താരമുണ്ട് ഒരു ചെടിക്കും ഒരു ശിലയ്ക്കും

---

* മിസ്റ്റർ പി. എ. വർഗ്ഗീസ് തർജ്ജമ ചെയ്തതു്.

മദ്ധ്യെയുള്ള പിളപ്പുമെന്നു ജീവശാസ്ത്രജ്ഞന്മാർ കല്പിക്കുന്നു.

ഇത് ആലോചിക്കുമ്പോൾ 'ജീവൻ' എന്നത് എന്താണെന്നൊരു ചോദ്യം ഉള്ളിൽ അങ്കുരിക്കുന്നു. എങ്കിലും, അതെന്താണെന്ന് ആരും ഇതേവരേയും ശരിയായി വിവരിച്ചിട്ടില്ല. ഏതെല്ലാം വസ്തുക്കളുടെ സംഘടനത്താലാണ് അത് ഉണ്ടാവുന്നതെന്നു ഗ്രഹിക്കുന്നതിന്, അതിനെ പരിഗ്രഹിപ്പാൻ നമ്മാൽ സാധിക്കയില്ല. എന്നിരുന്നാലും, ജീവൻ എന്തെന്നു നമുക്ക് അറിയാം. നമ്മിൽ അതു വ്യാപരിക്കുന്നുവെന്നു നമുക്കുതന്നെ അറിയാം; അന്യരിൽ വ്യാപരിക്കുന്നുവെന്നുള്ളത് അതിൻെറ ലക്ഷണങ്ങൾകൊണ്ടും അറിയാം. ഈ ലക്ഷണങ്ങൾ ഏവ?

തങ്ങൾതന്നെ വളരുന്നതിനും, സ്വജാതിയെ ആവൎത്തിച്ചു വൎദ്ധിപ്പിക്കുന്നതിനുമുള്ള ശക്തി, ജീവജാലത്തിനു പരക്കേയുണ്ട്; നാം പാകിയ ഒരു വിത്തിൻെറ സ്ഥാനത്ത്, കുറേനാൾ കഴിഞ്ഞ്, അതിൽനിന്നും ഒരു ചെറിയ മുള ഉത്ഭവിച്ചുകാണാം. അതിനു വേണ്ട പോഷകസാധനങ്ങൾ ആ വിത്തിൽനിന്നും, പുറമേ വായുവിൽനിന്നും അതു ശേഖരിച്ചും ദിനംപ്രതി മേല്പോട്ടു വളരുകയും, നാലുപാടും ചെറിയ കൊമ്പുകളെ വ്യാപിപ്പിക്കുകയും ചെയ്ത്, ഒടുവിൽ വലിയൊരു വൃക്ഷമായിത്തീരുന്നു. അനന്തരം ഈ മരം പൂക്കളെ ധരിക്കുന്നു. ഇവയ്ക്കുള്ളിൽ കായകൾ ഉണ്ടാകുന്നു. ഇവ, തങ്ങളുടെ മുറയ്ക്കു, മാതൃതരുവിനു സമമായ അന്യതരുക്കൾക്കും കാരണങ്ങളാകുന്നു. ഈ അവസ്ഥതന്നെ, സൂക്ഷിച്ചാൽ, ജന്തുക്കളുടെ മദ്ധ്യേയും കാണാം.

ദൃഷ്ടാന്തമായി, ഒരു കോഴിക്കുഞ്ഞിനെത്തന്നെ എടുക്കാം. അതൊരു ചെറിയ പറവയാണ്. അതു തീററിയും തിന്നു പ്രായപൂൎത്തിയിങ്കലുളവാകുന്ന വലിപ്പത്തെ പ്രാപിക്കുന്നു. പിന്നീടു മുട്ടകൾ ഇടുന്നു. ഇവ, തക്കതായ ചില വ്യവസ്ഥകളുടെ ഫലമായി വെളിയിൽ വിരിഞ്ഞിറങ്ങുന്നു. അനന്തരം ഈ കുഞ്ഞുങ്ങൾ ക്രമത്തിൽ, തള്ളയുടെ സാദൃശ്യത്തിലായ്ത്തീരുകയും ചെയ്യുന്നു. ജന്തുക്കൾക്കും സസ്യങ്ങൾക്കുമേ ഈ അവസ്ഥ കാണുന്നുള്ളു. അതുമൂലം നാം അവയെ 'ജീവിക'ളെന്നു വിളിക്കുന്നു. മററു പുറമേയുള്ള വസ്തുക്കൾക്ക് ഈ ഗുണങ്ങളില്ലായ്കയാൽ അവയെ നാം 'നിൎജ്ജീവിക'ളെന്നും സങ്കല്പിക്കുന്നു. ജീവനു 'ഹാനി' വന്നു കൂടുന്നതോടുകൂടി, ജന്തുക്കളുടെയായാലും, സസ്യങ്ങളുടെയായാലും, സകല ജീവവ്യാപാരങ്ങളും നിലയ്ക്കുന്നു: ഈ പതനമാകുമ്പോൾ ചൈതന്യവസ്തുക്കൾക്കും അചേതനങ്ങൾക്കും തമ്മിൽ വ്യത്യാസം യാതൊന്നുമില്ല.

ഇനി ചിന്തിക്കേണ്ടതു ജന്തുക്കളും സസ്യങ്ങളും ഏതു വിധത്തിലാണ് തങ്ങളെത്തന്നെ പോഷിപ്പിക്കുന്നതെന്നാണ്. അംഗാരം (Carbon) അമ്ലജനകം (Oxygen) ജലബാഷ്പം (Hydrogen) ലവണവായു (Nitrogen) എന്നു പ്രധാനമായി നാലു മൂലപദാൎത്ഥങ്ങളുടെ (Elements)സംയോഗംകൊണ്ടാണ് ഈ രണ്ടു ജീവിവൎഗ്ഗങ്ങളും ഉണ്ടായിരിക്കുന്നത്. അങ്ങിനെയെങ്കിൽ, അവയുടെ പോഷണദ്രവ്യങ്ങളും ഈ നാലു ധാതുക്കളും ചേൎന്ന സാധനങ്ങളാണെന്നനുമാനിക്കാം. പരമാൎത്ഥവും അതുതന്നെയാണ്. എങ്കിലും, ജന്തുക്കളും സസ്യങ്ങളും ഒരേമാ

തിരിയിലുള്ള സാധനങ്ങൾ വഴിയായി, ഈ ധാതുക്കളെ അകമേ കൈക്കൊള്ളുന്നില്ല. അതായത്, ഈ രണ്ടു വർഗ്ഗങ്ങളുടേയും ആഹാരസ്വീകരണരീതി ഒന്നുതന്നെയല്ല എന്നാണ്.

ജന്തുക്കൾ എങ്ങിനെയാണ് 'ഭക്ഷിക്കുന്ന'തെന്ന് ആദ്യം ആലോചിക്കാം. മുൻപറഞ്ഞ പോഷകധാതുക്കൾ ചേൎന്ന ദ്രാവകങ്ങളോ, കട്ടിയുള്ള സാധങ്ങളോ ആണ് അവയുടെ ഭക്ഷണം. ഇതു ശരീരത്തിൻെറ അംശമായ്ത്തീരുന്നതിനുമുമ്പേ, ഉള്ളിൽചെന്നു ദഹിക്കേണ്ടിയിരിക്കുന്നു. ഇതിൻെറ ഫലമായി, തീയിലിരിക്കുന്ന തങ്കത്തിൽനിന്നു കറയെല്ലാം അകലുന്നതുപോലെ, ഭക്ഷണദ്രവ്യങ്ങളിൽനിന്നും പോഷകങ്ങളല്ലാത്തവ അകലുന്നു.

ജന്തുക്കൾക്കു ഭക്ഷണം എന്തിനാണ് എന്ന് ഒരു ചോദ്യം വരാം. അവയുടെ ശരീരത്തിൽ സദാ ക്ഷയം സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് ഇതിൻെറ ഉത്തരം. ജന്തുക്കൾ പൊതുവേ ചൊടിപ്പുള്ളവയാകയാൽ, ഈ ചൈതന്യത്തിനു കാരണമായി, സ്വതേതന്നെ തങ്ങളിൽ ഒരു ശക്തി (Energy) സ്ഥിതിചെയ്യേണ്ടത് അത്യാവശ്യമാണ്. ഈ ശക്തിയെ (Energy) അവ തങ്ങളുടെ ശരീരത്തിൽ സംഭരിച്ചുവയ്ക്കുകയും ചെയ്യുന്നു. ഇങ്ങിനെ സംഭരിക്കുന്നതു ഭക്ഷണസാധനങ്ങളിൽനിന്നാണ്. അതിനാൽ അതാതു ദിവസത്തിൽ ഉള്ള 'വേല' യ്ക്കു വേണ്ട ശക്തിക്കു, തീററി എന്നത് അവയ്ക്ക് ആവശ്യമാകുന്നു.

ഘനപദാൎത്ഥങ്ങൾ (Solid food-stuffs) സസ്യങ്ങൾക്ക് ആഹാരസാധനങ്ങളായ്ത്തീരുന്നില്ല ദ്രാവകങ്ങളും,

വായുമയവുമായ (Gaseous) സാധനങ്ങളാണ് അവയ്ക്ക് ആഹാരം. ഇവയിൽനിന്ന് അവ, അംഗാരം(Carbon) അമ്ലജനകം (Oxygen) ജലജബാഷ്പം (Hydrogen) ലവണവായു(Nitrogen)എന്നീ മൂലധാതുക്കളെ നേടുന്നു. മേല്പറഞ്ഞതിൽ ഒടുവിലെ 3 ധാതുക്കളേയും, വേരുകൾ വഴിയായി നിലത്തു നിന്നത്രേ അവ ഗ്രഹിക്കുന്നത്. നിലത്തിൽനിന്ന് അവ ജലത്തെ വലിച്ചെടുക്കുന്നു. ജലത്തിൽ, അമ്ലജനകം, ജലജബാഷ്പം ഇവ രണ്ടുമുണ്ട്. ഇതു കൂടാതെ ലവണവായു ചേൻറ മററു ചില സാധനങ്ങളും ഇതിൽ കലൎന്നിട്ടുണ്ട്.

'അംഗാരം' എന്നതു സസ്യങ്ങൾക്കു കൂടിയേതീരു. ഇതിനെ അതു ചമെച്ചെടുക്കുന്ന രീതി കുറെ രസകരവുമാണ്. അംഗാരാമ്ലവായു (Carbonic acid gas) എന്നും, ഒരു വസ്തു വായുവിൽ എപ്പോഴുമുണ്ട്. ഇതൊരു ബാഷ്പമാണ്. ഇതിൽ അംഗാരവും, അമ്ലവായുവും (Oxygen) അടങ്ങിട്ടുണ്ട്. ഇതിനെ ഉള്ളിലേക്കു സ്വീകരിച്ചു, രണ്ടു മൂലധാതുക്കളേയും വേറെയാക്കുന്നതിനുള്ള ശക്തി, സസ്യങ്ങൾക്ക് ഒന്നു വേറെതന്നെയാണ്. അംഗാരത്തെ സ്വന്ത ഉപയോഗത്തിനായി അവ ഉള്ളിൽ ശേഖരിച്ച്, അമ്ലവായുവിനെ (Oxygen) വായുവിലേക്കുതന്നെ വിടുകയും ചെയ്യുന്നു. ഈ വേർതിരിവ് വരുത്തിക്കൂട്ടുന്നതിൽ അവയേ സഹായിക്കുന്നതിനു വേറെ ഒരു വസ്തുവുമുണ്ട്. അതിൻെറ നിറം പച്ചയാണ്. സസ്യങ്ങൾക്കു സ്വതേയുള്ള പച്ചനിറത്തിന് ഇതാണ് കാരണം എങ്കിലും ഈ വേർതിരിവു വരുത്തുന്നതിനുള്ള ശക്തി സൂൎയ്യപ്രകാശമുള്ളപ്പോഴേ സസ്യങ്ങൾക്ക് ഉണ്ടാകയുള്ളൂ. അതിനാലാണ്,

മൂടലിൽ നട്ട ചെടി തഴയ്ക്കാതെ കണ്ടിരിക്കുന്നത്. സൂര്യകിരണങ്ങരം വേണ്ടുംവണ്ണം തങ്ങളുടെ ഇലകളിൽ തട്ടാതെ അവ പുഷ്ടിപിടിക്കുകയില്ല.

മേൽകാണിച്ചതിൽനിന്നു കാർബൺ, (Carbon) ഓക്സിജൻ, (Oxygen) ഹൈഡ്രോജൻ, (Hydrogen) നൈട്രോജൻ (Nitrogen) എന്ന 4 മൂലധാതുക്കളേയും സ്വീകരിക്കുന്നതിൽ പ്രാണിവർഗ്ഗം ഒരു രീതിയേയും, സസ്യവർഗ്ഗം മറ്റൊരു രീതിയേയും അനുകരിക്കുന്നുവെന്നു കാണാം. ദഹനമെന്നതു ചെടികഠക്കാവശ്യമില്ല. കാരണം, അത്രയ്ക്കു ലഘുതരപദാർത്ഥങ്ങളാണ് വേരുകഠ വഴിയായി ചെല്ലുന്ന അവയുടെ ഭക്ഷണദ്രവ്യങ്ങഠ. എന്നാൽ ജന്തുവർഗ്ഗം ഈ ധാതുക്കളെ ചമയ്ക്കുന്നതു ലാഘവങ്ങളല്ലാത്ത ഘനപദാർത്ഥങ്ങളിൽനിന്നു, (Complex Solid Food Stuffs) നേരേതന്നെയാണ്. അതാണ് അവയ്ക്കു ദഹനം ആവശ്യമായത്.

ഇനിയും ആലോചിക്കേണ്ടതു, പ്രാണിവർഗ്ഗത്തിന് ആഹാരമായ ഘനപദാർത്ഥങ്ങഠ എവിടെനിന്നു വരുന്നുവെന്നാണ്. അത് ഏതുകൊണ്ടുനോക്കിയാലും, സസ്യങ്ങളിൽനിന്നുതന്നെയാണ്. ഇവ മുൻപറഞ്ഞ നാലു മൂലധാതുക്കളേയും ചേർത്തുംകൊണ്ടു ഘനപദാർത്ഥങ്ങളെ ഉണ്ടാക്കുന്നു. ഇങ്ങിനെ സസ്യങ്ങഠ ഉണ്ടാക്കിത്തീർത്ത സാധനങ്ങളെ ജന്തുക്കഠ ഭക്ഷിക്കയും ചെയ്യുന്നു.

ഇതുകൂടാതെ വേറൊരു വിധത്തിലും സസ്യങ്ങഠ നമുക്കുപകാരപ്രദങ്ങളാകുന്നു. അംഗാരാമ്ലബാഷ്പത്തിൽ നിന്ന് അവ അമ്ലജനകത്തെ വേർതിരിച്ചു, തിരികെ വാ

യുവിങ്കലേക്കുതന്നെ വിട്ടയക്കുന്നുവെന്നു നാം കണ്ടുവല്ലൊ. നമ്മുടെ ജീവസന്ധാരണത്തിന് അംഗാരാമ്ലം അത്യാവശ്യമാണ്. നാം സദാ ഉള്ളിലേക്കു വായുവിനെ ശ്വസിച്ചുകൊണ്ടിരിക്കുന്നു. ഇതു വായുവിൽ അധിവസിക്കുന്ന അമ്ലജനകത്തിനായിട്ടാണ്. നമ്മുടെ ശരീരത്തിൽ സംഭരിതമായിരിക്കുന്ന ശക്തിക്ക് ഈ അമ്ലജനകം 'അയവു' കൊടുക്കുന്നു. ഈ ശക്തിയെ നമുക്കു പലതരം വേലയ്ക്കുമുപകരിക്കാം. അതുകൊണ്ട് ഈ ശക്തിയുടെ ഭണ്ഡാരത്തിന് കാക്സിജൻ ഒരു താക്കോലാണെന്നു നമുക്കു പറയാം. അയഞ്ഞുവരുന്നതോടുകൂടി, അംഗാരാമ്ലവായു, ($CO_2$) മേഹം (Urine) ഇത്യാദിവസ്തുക്കൾ ഉണ്ടായ്ത്തീരുകയും, ഇവ നമ്മുടെ ശരീരത്തിനു യാതൊരുപകാരവുമില്ലാത്തതിനാൽ വെളിക്കു ത്യജിക്കപ്പെടുകയും ചെയ്യുന്നു.

നാം നിശ്വസിക്കു (Expire)മ്പോഴൊക്കെയും, അംഗാരാമ്ലബാഷ്പത്തെ വായുവിലേക്കുവിടുന്നു. ഇങ്ങിനെ മലിനമായ്പ്പോകുന്ന വായുവിനെ ശുദ്ധീകരിപ്പാൻ നിവൃത്തിമാർഗ്ഗമില്ലാഞ്ഞാൽ അത് ആകെ ദൂഷിക്കുന്നതിനും, ശുദ്ധാമ്ലവായുവില്ലാതെ നാം ശ്വാസംമുട്ടി മരിക്കുന്നതിനും ഇടവരും. ഇപ്രകാരം വായുവിൽനിന്ന് അംഗാരാമ്ലബാഷ്പത്തെ നീക്കംചെയ്യുന്നതായ ഈ ശുദ്ധീകരണജോലിയെ നിർവ്വഹിക്കുന്നതു സസ്യങ്ങളാണ്. എന്നാൽ, സസ്യങ്ങളെ സംബന്ധിച്ചിടത്തോളം, ഇതൊരു വെറും ശുദ്ധീകരണജോലിമാത്രമല്ല. കാരണം, തങ്ങളുടെ ജീവസന്ധാരണത്തിനുതന്നെ അംഗാരാമ്ലവായു അവയ്ക്ക് അത്ര അത്യാവശ്യമാണ്. എന്നാൽ അംഗാരം(C) മാത്രമേ അവ അതിൽനിന്നും പരിഗ്രഹിക്കുന്നുള്ളവെന്നതു നാം മുമ്പുകണ്ടുവല്ലോ.

അനന്തരം, അല്ലവായുവിനെ (O) വായു വഴിയായി നമുക്ക് അവ ദാനംചെയ്യുന്നു. അതുകൊണ്ടു ചുരുക്കിപ്പറഞ്ഞാൽ, നാം സസ്യങ്ങളുടെ ഉപകാരത്തിനായി അവയ്ക്കു അംഗാരത്തേയും, അവ നമുക്കായി, നമുക്കു വേണ്ടുന്ന അല്ലവായുവേയും, സകല ഭക്ഷണപദാൎത്ഥങ്ങളേയും ദാനംചെയ്യുന്നു. ഇങ്ങിനെ സസ്യങ്ങളും പ്രാണികളും പരസ്പരം ആശ്രയിച്ചുനില്ക്കുന്നുവെന്നു തെളിയുന്നു. മൃഗങ്ങളെ കൂടാതെ സസ്യങ്ങൾക്കും, സസ്യങ്ങളെക്കൂടാതെ മൃഗങ്ങൾക്കും ജീവിക്കുക അസാദ്ധ്യമാണ്.

കരയ്ക്കും വെള്ളത്തിലുമായിട്ടാണ് ജീവജന്തുക്കളുടെ അധിവാസം. ജലജന്തുക്കളിൽ ചിലതു ശുദ്ധജലത്തിലും, ചിലതു ലവണജലത്തിലും വസിക്കുന്നു. 'തവളകൾ' മുതലായ ചില ജീവികളെ ഒഴിച്ച്, ഒരേ ജന്തുവിനു തന്നെ കരയിലും വെള്ളത്തിലും ഒരുപോലെ അധിവാസം സാധിക്കുന്നില്ല. അപ്രകാരംതന്നെ, ശുദ്ധജലത്തിൽ കണ്ടുവരുന്ന മിക്കജന്തുക്കൾക്കും ആഴിയിലെ അധിവാസവും സാദ്ധ്യമല്ല. കരയിലുള്ള ജന്തുക്കളിൽ ഒരു ഭാഗത്തെ, ഉയൎന്നപ്രദേശങ്ങളിലേ നാം കാണുന്നുള്ളു. മറെറാരു ഭാഗത്തെ, താണഭൂമികളിലുമേ കാണുന്നുള്ളുതാനും. ചില ജന്തുക്കൾ വാനത്തിൽ സഞ്ചരിക്കുന്നു. ഇതിനു ദൃഷ്ടാന്തം, മിക്ക ശലഭങ്ങളും, മിക്ക പക്ഷികളുമാണ്. ജന്തുക്കൾ പ്രായേണ, ശീതോഷ്ണാവസ്ഥയെ അനുസരിച്ച്, ഒരു ക്ലിപ്തമായ രീതിയിൽ, ലോകത്തിൻെറ നാനാദിഗന്തരങ്ങളിലുമായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഉഷ്ണമേഖലയിലെ ജന്തുക്കൾ, പ്രായേണ ശീതമേഖലയിൽ ജീവിക്കയില്ല. ദ

ഷ്ടാന്തമായി, നാം സാധാരണ കണ്ടുവരുന്ന ആനകളെ യൂറോപ്പിൽ കാണുക എന്നത് അസാദ്ധ്യമാണ്.

ഭൂമുഖത്തു മുമ്പ് അധിവസിച്ചിരുന്ന അനവധി പ്രാണികളേയും സസ്യങ്ങളേയും നാം ഇപ്പോൾ കാണുന്നില്ല. അവയ്ക്കു കാലാന്തരംകൊണ്ടു നാശം വന്നുകൂടിയെന്നു ഭൂമിയിൽനിന്നു കുഴിച്ചെടുത്തുകൊണ്ടിരിക്കുന്ന അവയുടെ അവശിഷ്ടങ്ങളിൽനിന്നു നാം ഗ്രഹിക്കുന്നു. അന്നുണ്ടായിരുന്ന പല ജന്തുക്കളുടെയും അസ്ഥികൾ കുഴിച്ചെടുത്തു കിട്ടീട്ടുണ്ട്. കല്ക്കരി എന്നതു മുമ്പു വളന്നിരുന്ന അനവധി വൃക്ഷങ്ങളുടേയും അവശിഷ്ടമത്രെ. ഭൂമുഖത്തു സംഭവിച്ചുകൊണ്ടിരുന്ന പല അവസ്ഥാന്തരങ്ങളുടേയും ഫലമായി, ഇവ മണ്ണിൽ മൂടപ്പെട്ടു താണുപോകയും, കാലക്രമംകൊണ്ടു കല്ക്കരിയായി പരിണമിക്കയും ചെയ്യുന്നു.

പ്രാണികുലത്തിന് ആധാരമായ 'ജീവൻ' എന്നതു ഏതൊരു കാലത്തുത്ഭവിച്ചുവെന്നു കൃത്യമായി ആക്കും പറഞ്ഞുകൂടാ. ഇന്നപ്പോളെന്നു ഗണിക്കാൻ കഴിയാത്ത ഒരു കാലത്ത് അതുത്ഭവിച്ചുവെന്നും, അതുമുതൽ ഭംഗമെന്ന്യേ ഇന്നും തുടന്നുകൊണ്ടിരിക്കുന്നുവെന്നുമേ പറഞ്ഞുകൂടു. എങ്കിലും, അതു് ഏററവും ചെറിയതും ലഘുക്കളുമായ ജീവികളിലാണ് ആദ്യമായി ആരംഭിച്ചതെന്നും, അവയിൽനിന്നും അനേക കാലങ്ങൾകൊണ്ടു വലിയവയും 'അടിക്കടി' വിഷമമായവയുമായ (More & more Complex) ജന്തുക്കൾ പ്രകൃത്യാ ഉണ്ടായ്വന്നുവെന്നും നമുക്കു നിർണ്ണയിക്കാം. അതിൻെറ ഫലമായിട്ടാണ് ഇപ്പോൾ നമ്മുടെ ഭൂഗോളത്തിൽ നാനാതരത്തിൽ അസംഖ്യം ജന്തുക്കളെ നാം കാണുന്നതു്. ഇപ്രകാരം, മുമ്പു ജീവിച്ചിരുന്നവയും,

ഇപ്പോൾ 'കുലമറുതിവന്നു'പോയവസ്തുമായ ജന്തുക്കളിൽ പലതും, തങ്ങളുടെ പിൻഗാമികളായി ഇക്കാലത്തു സന്ത തികളെ ശേഷിപ്പിച്ചിട്ടില്ല.

ജീവനുള്ളവയിൽനിന്നല്ലാതെ ജീവികൾ ഉണ്ടാകയി ല്ല എന്ന വലിയ ന്യായവുംകൂടെ ഇവിടെ പറയാം. ഇതു പരിശോധനചെയ്തു (Experimentally) കണ്ടറിഞ്ഞിരി ക്കുന്നുവെന്നുള്ളതു ജീവശാസ്ത്രത്തിലുള്ള ഒരു തത്വമാണു്. അചേതനവസ്തുവിൽനിന്നു ചൈതന്യവസ്തുവുണ്ടാകയെ ന്നതു് അസാദ്ധ്യമാണു്. എങ്കിലും, ജനങ്ങളിൽ പരക്കേ യുള്ള വിശ്വാസം അതു സാദ്ധ്യമാണെന്നാണു്. പുഴുക്ക ളെ ഉണ്ടാക്കുന്നതു് അഴുകുന്ന സാധനങ്ങളാണെന്നു് അ വർ വിശ്വസിക്കുന്നു. ഇതു് എത്രതന്നെ വിശ്വാസനീയ മെന്നു തോന്നിയാലും, പരമാൎത്ഥം അങ്ങിനെയല്ല. എ ന്നാൽ, ഇവ ഉത്ഭവിക്കുന്നതു് അഴുകുന്ന സാധനങ്ങളിൽ നിന്നല്ലെന്നും, നേരമറിച്ചു് അദൃശ്യമായ പല ചെറിയ മുട്ടകളിൽനിന്നാണെന്നും, ഈ മുട്ടകൾ അവിടെ ഇടുന്ന തു് അവിടെ വന്നു അധിവസിക്കുന്ന പലതരം ഈച്ചക ളാണെന്നുമുള്ള പരമാൎത്ഥം ഇക്കാലത്തു നമുക്കു മനസ്സി ലാക്കാം.

ഈ സംഗതിയെക്കുറിച്ചു് ഒരു കാലത്തു വളരെ അ ഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നു. അതിൻെറ ഫല മായി, പലരും പല പരീക്ഷകളും തുടരെത്തുടരെ കഴിക്കു ന്നതിനിടയായി. അതുമൂലം മുമ്പുണ്ടായിരുന്ന അഭിപ്രാ യങ്ങളെല്ലാം അടിസ്ഥാനമററവയെന്നു തെളിഞ്ഞു. അ തിൻെറ ഫലമായി, നിൎജ്ജീവിയിൽനിന്നു ജീവി ഉണ്ടാകു ന്നതല്ലെന്നുള്ള ജീവശാസ്ത്രതത്വം വെളിപ്പെട്ടു. ഇവയ്ക്കു

രണ്ടിനും തമ്മിൽ അത്രക്ക വലിയ ഒരു പിളപ്പുണ്ടെന്നും നമുക്ക മനസ്സിലായി. ചൈതന്യവസ്തുക്കളിൽനിന്നേ ചൈതന്യവസ്തുക്കളുണ്ടാവൂ. അതായത്, ജീവനത്രെ ജീവന്റെ ഉല്പത്തിസ്ഥാനം, എന്നു തെളികയും ചെയ്തു.

ജോർജ്ജ് മത്തായി എം. എ.

## ഭാഷാപരിഷ്ക്കാരം. *

'ഭാഷാപോഷിണി' സഭയുടെ ഉദ്ദേശ്യങ്ങൾ എന്തെല്ലാമാണെന്നു സഭാനിയമങ്ങളിൽ സാമാന്യമായി പറഞ്ഞിട്ടുണ്ടെങ്കിലും, ഉദ്ദേശ്യസിദ്ധിക്കവേണ്ട പ്രവൃത്തികൾ ആരംഭിക്കത്തക്കവിധത്തിൽ അവയെ ഇതുവരെ ആരും വിശദീകരിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. സഭയുടെ പ്രധാനോദ്ദേശ്യങ്ങൾ, 'ഗദ്യപദ്യങ്ങൾക്ക സാർവ്വത്രികമായ ഐകരൂപ്യം വരുത്തുകയും ഉത്തമരീതിയിലും ഉപയോഗമുള്ളവയായിട്ടും കഴിയുന്നതും ഗദ്യാകൃതികളായിട്ടുള്ള പുസ്തകങ്ങൾ നടപ്പാക്കുകയും' ആകുന്നു എന്നു നിയമങ്ങൾകൊണ്ടു കാണുന്നു. എന്നാൽ, ഐകരൂപ്യം വരുത്തുക എന്നു വെച്ചാലെന്താണെന്നും, അതു് എത്രത്തോളം വരുത്തുവാൻ സഭ വിചാരിക്കുന്നുണ്ടെന്നും, ഏതുമാതിരി ഗദ്യപുസ്തകങ്ങളെയാണു് സഭ തൽക്കാലം ഉപയോഗമുള്ളവയെന്നു വിചാരിക്കുന്നതെന്നും, ഏതു ഭാഷയ്ക്കാണു് സഭ ഉത്തമരീതിത്വം കല്പിച്ചിരിക്കുന്നതെന്നും മററുമുള്ള സംഗ

* തിരുവനന്തപുരത്തുകൂടിയ 'ഭാഷാപോഷിണിസഭ'യിൽ വായിച്ചതു്.

തികളെപ്പററി സഭ തീരുമാനപ്പെടുത്തീട്ടില്ലെന്നുതന്നെയ ല്ല, ഒരു യോഗത്തിൽ വെച്ചെങ്കിലും, അതിനുവേണ്ട ആ ലോചനകഠം നടത്തുകകൂടി ചെയ്തിട്ടില്ല. ഈ സംഗതി കളേപ്പററി പല അഭിപ്രായഭേദങ്ങഠം ഉണ്ടാവാൻ ധാരാ ളം അവകാശം ഉണ്ട്. എന്നാൽ പല അഭിപ്രായങ്ങളു ടെ സമ്മേളനത്തിൽനിന്നല്ലാതെ സർവ്വസമ്മതമായ ഒരു തീരുമാനം ഉണ്ടാകുവാൻ മാർഗ്ഗവുമില്ല. അങ്ങിനെ ഒരു തീരുമാനം ഉണ്ടാകുന്നതിന്നു, മാന്യന്മാരായ മററു സാമാ ജികന്മാരുടെ അഭിപ്രായങ്ങഠം പുറത്തുവരുവാൻവേണ്ടി മാത്രം, ഞാൻ എന്റെ അഭിപ്രായം വളരെ താഴ്മയോടുകൂ ടി ഇവിടെ പറഞ്ഞുകൊള്ളുന്നതാകുന്നു. അതല്ലാതെ, എന്റെ അഭിപ്രായം എല്ലാവരും സ്വീകരിക്കുമെന്നോ, സ്വീകരിക്കണമെന്നോ എനിക്കു ലേശംപോലും അഭിമാ നമില്ലെന്നു പ്രത്യേകം സദസ്യന്മാരെ അറിയിച്ചുകൊ ള്ളുന്നു.

ദേശഭാഷകളെ ഉന്മൂലനംചെയ്തു കണ്ണൂർ മുതൽ ക ന്യാകുമാരിവരേയുള്ള ജനങ്ങഠം സംസാരിച്ചുവരുന്ന ഭാഷ ക്ക് ഐകരൂപ്യം വരുത്തുന്നത് അസാദ്ധ്യമാണെന്ന് എ ല്ലാവരും സമ്മതിക്കുന്നതാണ്. അതുകൊണ്ടു ഗ്രന്ഥങ്ങ ളിൽ ഉപയോഗിക്കുന്ന ഭാഷയ്ക്കുമാത്രം ഐകരൂപ്യം വ രുത്തുന്നതിനേ നാം ശ്രമിച്ചിട്ട് ആവശ്യമുള്ളു. എന്നാൽ, ഭാഷയുടെ ഐകരൂപ്യമെന്നു വെച്ചാലെന്താണ്? കേര ളത്തിൽ ചില ഭാഗങ്ങളിൽ ഉപയോഗിച്ചുവരുന്ന ചില പദങ്ങഠം മററുചിലേടങ്ങളിൽ ഉപയോഗിക്കുന്നില്ലെന്ന് എല്ലാവൎക്കും അറിയാമല്ലൊ. ഇതു ഭാഷയുടെ ഐകരൂ പ്യത്തിനു ബാധകമാണൊ? ഇങ്ങിനെയുള്ള പദങ്ങളെ

ഭാഷയിൽനിന്നു തീരേ നിരാകരിക്കുന്നതിനോ അല്ലെങ്കിൽ അവയെ എല്ലായിടത്തും ഒരുപോലെ നടപ്പാക്കുന്നതിനോ നാം ശ്രമിക്കേണമെന്നുണ്ടോ? ഉണ്ടെങ്കിൽ നാം ഏതു ദിക്കിലെ പദങ്ങളെയാണു നിരാകരിക്കേണ്ടത്? ഏതു പദങ്ങളെയാണ് സ്വീകരിക്കേണ്ടത്? ഇങ്ങിനെ കാരോന്നായി, പദങ്ങളുടെ ഗ്രാഹ്യതയേയോ ത്യാജ്യതയേയോപ്പററി സഭയിൽവെച്ചു വാദിച്ചു തീച്ചയാക്കുവാൻ വിചാരിക്കുന്നപക്ഷം, ഈ വാദം എല്ലാവരും സമ്മതിക്കത്തക്കവിധത്തിൽ 'കൽക്യവതാര'ത്തിനു ഏറെ മുമ്പായി കലാശിക്കുമെന്നു തോന്നുന്നില്ല. എന്നുതന്നെയുമല്ല, ശബ്ദങ്ങൾക്കു സൌലഭ്യമില്ലാത്ത നമ്മുടെ ഭാഷയിൽനിന്നു യാതൊരു പദത്തേയും ഉപേക്ഷിക്കുന്നതു ശരിയല്ലെന്നാകുന്നു എൻെറ അഭിപ്രായം. മറെറല്ലാസംഗതികൾകൊണ്ടും ശ്ലാഘ്യമായ ഒരു പുസ്തകത്തിൽ വടക്കോ തെക്കോ മാത്രം നടപ്പുള്ള ചില വാക്കുകൾ ഉപയോഗിച്ചതുകൊണ്ട് അതിനു ന്യൂനത കല്പിക്കുന്നതു വിദ്വത്സമ്മതമാകുമെന്നു തോന്നുന്നില്ല. അങ്ങിനെ ഉപയോഗിക്കുന്നതുകൊണ്ട് ആ പദങ്ങൾക്കു കാലക്രമത്താൽ എല്ലായിടത്തും പ്രചാരമുണ്ടാകുവാനാണ് വഴിയുള്ളതു്. അതുകൊണ്ടു ക്ഷുദ്രങ്ങളായ ശാഠ്യങ്ങളെ ആദരിക്കാതെ, അശ്ലീലങ്ങളല്ലാത്ത ഏതു പദങ്ങളേയും ഉപയോഗിക്കുന്നതിൽ യാതൊരു ഹാനിയും ഇല്ലെന്നാണു് എനിക്കു തോന്നുന്നതു്. മലയാളികളുടെ ഇടയിൽ ഗ്രന്ഥപാരായണാഭിരുചിയും സ്വഭാഷാപാണ്ഡിത്യവും അന്യോന്യസമാഗമവും വർദ്ധിച്ചുവരുംതോറും ദേശഭാഷയിലുള്ള അസഹിഷ്ണുത കുറഞ്ഞുവരികയും ചെയ്യുന്നതാണു്. ഇപ്പോൾ വടക്കർമാത്രം ഉ

പ്രയോഗിക്കുന്നതായ പദങ്ങളും, ആ അൎത്ഥത്തെത്തന്നെ കുറിക്കുന്നതിന്ന തെക്കർമാത്രം ഉപയോഗിക്കുന്ന പദങ്ങളും കാലക്രമംകൊണ്ട് എല്ലാവരും സ്വീകരിക്കുന്നവയായ പദങ്ങളായിത്തീരുമെന്നാണ് എനിക്കു തോന്നുന്നത്.

അത്രതന്നെയുമല്ല—തുച്ഛങ്ങളായ ചില ശബ്ദഭേദങ്ങൾകൊണ്ടു ഭാഷയുടെ ഐകരൂപ്യത്തിന്ന ഹാനിവരുന്നതല്ല. പ്രത്യയഭേദങ്ങൾകൊണ്ടു മാത്രമേ ഭാഷക്കു രൂപഭേദമുണ്ടാവാൻ വഴിയുള്ളു. തമിഴ്, തെലുങ്ക്, കൎണ്ണാടകം, മലയാളം എന്നീ നാലുഭാഷകളിലുമുള്ള മിക്ക ദ്രാവിഡശബ്ദങ്ങളും സംസ്കൃതശബ്ദങ്ങളും അന്യോന്യസാധാരണങ്ങളായിരുന്നിട്ടും, അതുകൾക്ക് ഏകരൂപത്വം ലേശംപോലും ഇല്ലാത്തതു പ്രത്യയങ്ങളുടെ നാനാത്വംകൊണ്ടാണെന്ന് അല്പം ആലോചിച്ചാൽ ആൎക്കും സ്പഷ്ടമാകുന്നതാണ്. മിക്ക പ്രകൃതികളും ഈ നാലുഭാഷക്കാൎക്കും ഒരുപോലെ പരിചയമുള്ളവയാകുന്നു. എന്നാൽ പ്രത്യയങ്ങൾ ചേരുമ്പോൾ, അവക്ക് അന്യോന്യം മനസ്സിലാകാത്തവിധത്തിൽ, പദങ്ങൾക്കു നാനാത്വം വന്നുപോകുന്നു. അതുകൊണ്ടു ഭാഷക്ക് ഐകരൂപ്യം വരുത്തണമെന്നു വിചാരിക്കുന്നവർ മുഖ്യമായി ചെയ്യേണ്ടതു, പ്രത്യയങ്ങൾക്ക് അഭേദംവരുത്തുവാൻ ശ്രമിക്കുകയാകുന്നു. മലയാളപ്രത്യയങ്ങളെ സംബന്ധിച്ചേടത്തോളം ഈ ശ്രമം എളുപ്പത്തിൽ സാധിക്കത്തക്കതാണെന്നു തോന്നുന്നു. ദേശഭേദംകൊണ്ടു ഭിന്നതവന്നിട്ടുള്ള മലയാളപ്രത്യയങ്ങൾ വളരെയില്ല. 'ആളുടെ, ആളിൻെറ, ആളിടെ,' 'അന്യായക്കാർ, അന്യായക്കാരർ,' 'കുട്ടിയെ, കുട്ടിയുടെ, കുട്ടിയിനെ, കുട്ടിയിൻെറ,' ഇത്യാദികളായ ചുരുക്കംചില വ്യ

ത്യാസങ്ങൾ ഉള്ളവയിൽ സ്വീകാരയോഗ്യമായിട്ടുള്ളത് ഏതേതെന്നു് ഈ സഭക്കാർ സാവധാനമായി തീർച്ചയാക്കിയാൽ അതു പ്രബലമായിവരാതെ ഇരിക്കയില്ല. എന്തുകൊണ്ടെന്നാൽ, മലയാണ്മയിൽ പാണ്ഡിത്യംകൊണ്ടോ ഗ്രന്ഥനിർമ്മാണംകൊണ്ടോ പ്രസിദ്ധിസമ്പാദിച്ചിട്ടുള്ളവരിൽ അധികംപേരും ഈ സഭയുടെ അംഗങ്ങളാകകൊണ്ടു, നമ്മുടെ നിശ്ചയം സാധാരണജനങ്ങൾ തല്ക്കാലം അംഗീകരിച്ചില്ലെങ്കിലും, മേലാലുണ്ടാകുന്ന ഗ്രന്ഥങ്ങളിൽ പ്രതിഫലിച്ചുകാണാതിരിക്കയില്ല.

ഭാഷയുടെ ഐകരൂപ്യത്തിനു വാസ്തവത്തിൽ ഇതിലും എത്രയോ അധികം ബാധകമായ ഒരു സംഗതിയുള്ളതിനേപ്പററി ഇതുവരെ സഭയിൽ ആരും പ്രസ്താവിക്കകൂടി ഉണ്ടായിട്ടില്ല. പ്രത്യയഭേദംകൊണ്ടാണ് ഭാഷയുടെ ഐകരൂപ്യത്തിനു ഹാനിവരുന്നതു് എങ്കിൽ, ഭാഷാകവിതയിൽ സംസ്കൃതപ്രത്യയങ്ങൾ ധാരാളമായി ഉപയോഗിക്കുന്നതിനാൽ ഉണ്ടാകുന്നതുപോലെ മറെറന്തുകൊണ്ടെങ്കിലും അതിനു ഹാനിവരുവാൻ മാർഗ്ഗമുണ്ടോ? നാലഞ്ചു ഭാഷാപ്രത്യയങ്ങളെ മാററി ഭാഷക്ക് ഐകരൂപ്യം വരുത്തണമെന്നു വിചാരിക്കുന്നവർ, യഥേച്ഛമായി എത്രയെങ്കിലും സംസ്കൃതപ്രത്യയങ്ങൾ ഭാഷയിൽ ഉപയോഗിക്കുന്നതിനെ വിരോധിക്കയല്ലേ മുമ്പിൽ ചെയ്യേണ്ടതു്? മലയാളികൾക്ക് അന്യോന്യം മനസ്സിലാകുന്നതിനു ബാധകമല്ലാത്ത അല്പങ്ങളായ ദേശഭാഷാഭേദങ്ങളെക്കുറിച്ചു് അസഹിഷ്ണുത കാണിക്കുന്നവർ, നൂറിൽ തൊണ്ണൂററൊമ്പതുപേക്കും മനസ്സിലാകാത്ത സംസ്കൃതപ്രത്യയങ്ങളെക്കുറിച്ചു് എത്രതന്നെ അസഹിഷ്ണുക്കളായിരിക്കേണ്ടതാണ്?

സ്വതേ സംബന്ധമില്ലാത്ത സംസ്കൃതത്തിൽനിന്നെടുത്ത 'വക്ഷ്യാമി' എന്ന പദം ഭാഷയിൽ ഉപയോഗിക്കുന്നതു വിഹിതമാണെങ്കിൽ, സ്വസ്വഭാഷയായ തെലുങ്കിൽനിന്നു 'വചിസ്താനു' എന്ന പദം സ്വീകരിക്കുന്നതിന്ന് എന്താണ് ദോഷം? സംസ്കൃതപ്രത്യയമാകുന്ന മഹാഗജത്തെ നിഷ്പ്രയാസമായി ഗ്രസിച്ചിട്ടു, നാമിപ്പോൾ, ദേശഭാഷാഭേദമാകുന്ന മശകത്തെ വിഴുങ്ങുന്നതിൽ ആയാസപ്പെടുകയല്ലേ ചെയ്യുന്നത്.

ഈ സംഗതിയേപ്പററി സഭയുടെ അഭിപ്രായം അറിവാൻ എനിക്കു വളരെ ആഗ്രഹമുണ്ട്. ഇതിൽ വളരെ അഭിപ്രായഭേദം ഉണ്ടായിരിക്കുമെന്നു നിസ്സംശയമാണ്. കേരളത്തിനും, പ്രത്യേകിച്ച് ഈ സഭക്കും അലങ്കാരഭൂതനായ അദ്ധ്യക്ഷൻ അവർകൾതന്നേയും ഈ അഭിപ്രായത്തോടു യോജിക്കുമോ എന്നു സംശയിക്കുന്നു. എന്റെ മുഖ്യമായ അഭിമാനം, സാഹിത്യസംബന്ധമായ മറെറല്ലാസംഗതികളിലും അവിടത്തെ വിനീതശിഷ്യനും അനുയായിയുമാണെന്നായിരിക്കെ, ഈ ഒരു സംഗതിയിൽ മാത്രം എന്റെ ദുർഭാഗ്യവശാൽ ഗുരുദ്രോഹം ചെയ്യേണ്ടിവന്നേക്കുമോ എന്ന വിചാരം എനിക്ക് അനിർവ്വചനീയമായ വ്യസനത്തിന്നു കാരണമായിരിക്കുന്നു എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. എങ്കിലും ഭാഷയിൽ സംസ്കൃതപ്രത്യയപ്രയോഗവും നമ്മുടെ ഐകരൂപ്യവാദവും തമ്മിൽ യോജിപ്പിക്കുന്നതിന്നു യാതൊരു മാർഗ്ഗവും കാണാത്തതുകൊണ്ടും, മററു ചില കാരണങ്ങൾകൊണ്ടും ഇങ്ങിനെ മക്കടമുഷ്ടി പിടിക്കേണ്ടിവരികയും ചെയ്തിരിക്കുന്നു.

ഭാഷാകവിതയിൽ സംസ്കൃതപ്രത്യയം ഉപയോഗി ക്കാമെന്ന വാദത്തെ പൂൎവ്വകവിപ്രയോഗം പ്രബലമായി സമൎത്ഥിക്കുന്നുണ്ടെന്നു ഞാൻ നല്ലവണ്ണം അറിയുന്നുണ്ട്. എന്നാൽ, ഭാഷാകവികളിൽ പ്രാമാണികത്വംകൊണ്ടും മററും നിസ്സംശയമായി ഒന്നാമനായ തുഞ്ചത്തെഴുത്തച്ഛ ന്റെയും രണ്ടാമനായ കുഞ്ചൻനമ്പ്യാരുടേയും കൃതികളിൽ നിന്നുള്ള അനുമാനം ഈ വാദത്തിനു വിരുദ്ധമാണെന്നു തോന്നുന്നു. എഴുത്തച്ഛന്റെ ആദ്യകൃതിയും അനുപദത ൎജ്ജമയുമായ രാമായണത്തിൽ ചിലേടത്തെല്ലാം സംസ്കൃ തപ്രത്യയങ്ങൾ പ്രയോഗിച്ചു കാണുന്നുണ്ടെങ്കിലും, അദ്ദേ ഹത്തിന്റെ പ്രജ്ഞക്കും വാസനക്കും പക്വത വന്നതി ന്റെശേഷം ഉണ്ടാക്കപ്പെട്ടതെന്നു വിചാരിപ്പാൻ ന്യായ മുള്ളതായ ഭാഗവതത്തിലും ഭാരതത്തിലും അതുകൾ എ ത്രയോ ചുരുക്കമായിട്ടേ കാണുന്നുള്ളു. അതുപോലെത ന്നെ, നമ്പ്യാരുടെ ആദ്യകൃതിയായ കൃഷ്ണചരിതമണിപ്ര വാളത്തിലൊഴിച്ചു മററുള്ള കൃതികളിൽ ഈ മാലിന്യം തീരെ ഇല്ലെന്നുതന്നെ പറയാം. ഈ മഹാകവികളുടെ വിവേകത്തിനു മൂപ്പുവന്നതോടുകൂടി, അവക്കു ഭാഷാകവി തയിൽ സംസ്കൃതപ്രത്യയങ്ങൾ ഉപയോഗിക്കുന്നതു ശരിയ ല്ലെന്നുള്ള ബോധം വന്നുതുടങ്ങി എന്നാണല്ലോ നാം ഇ തിൽനിന്ന് ഊഹിക്കേണ്ടത്. അതുകൊണ്ടു പൂൎവ്വകവി പ്രയോഗം എന്റെ വാദത്തേയും കുട്ടം സഹായിക്കുന്നി ല്ലെന്നു പറവാൻ പാടില്ല. എന്നുതന്നെയല്ല, എഴുത്ത ച്ഛന്റെ ഭാരതം, ഭാഗവതം, നമ്പ്യാരുടെ തുള്ളപ്പാട്ടുകൾ, പഞ്ചതന്ത്രം മുതലായ കൃതികളിലെ മനോഹരവും ശുദ്ധ വുമായ മണിപ്രവാളരീതിയെ അനുസരിച്ചു മററുകവിക

ളെല്ലാം കവനംചെയ്തിരുന്നു എങ്കിൽ, എൻെറ ഈ പ്ര സംഗത്തിന്നുതന്നെ അവകാശം ഉണ്ടാവില്ലായിരുന്നു. അ ങ്ങിനെ ചെയ്യാതെ, ഇടക്കാലങ്ങളിലെ ഭാഷാകവികഠം, സംസ്കൃതവും മലയാളവുമല്ലാത്ത ഒരു കൃത്രിമഭാഷയിലാ ണ് കവിതയുണ്ടാക്കുവാൻ തുടങ്ങിയതു്. അവരുടെ പ്ര ധാനകൃതികളായ ആട്ടക്കഥകളേയും ചംബുക്കളേയും മ റവും മണിപ്രവാളകൃതികളെന്നു പറയുന്നുണ്ടെങ്കിലും, മ ണികളുടെ ഇടയിൽ നന്നെ സൂക്ഷിച്ചുനോക്കിയാൽ മാ ത്രമേ ഇടെക്കു് ഓരോ പ്രവാളം കണ്ടെത്തുവാൻ സാധി ക്കു. എന്നാൽ അവരിൽ പലരും നല്ല വിദ്വാന്മാരും വാ സനക്കാരുമായിരുന്നതിനാൽ അവരുടെ കൃതികഠം പല പ്രകാരത്തിലും ശ്ലാഘ്യങ്ങളാണെന്നു ഞാൻ ഹൃദയപൂർവ്വ മായി സമ്മതിക്കുന്നു. പക്ഷെ സ്വഭാഷാഭിമാനം കുറഞ്ഞ വരും ഭാഷാകവിതയെ ഒരു വെറും നേരംപോക്കായി വി ചാരിച്ചിരുന്നവരുമായ ആ കവികളുടെ ഭാഷാരീതി സ്വ ഭാഷാപരിഷ്കാരതല്പരന്മാരായ നമുക്കു് അനുകാരയോഗ്യമ ല്ലെന്നു മാത്രമേ ഞാൻ വ്യവഹരിക്കുന്നുള്ളൂ.

മേല്പറഞ്ഞ സംഗതികളിൽനിന്നു പൂർവ്വകവിപ്രയോ ഗം ഇരുകക്ഷിക്കാരുടേയും വാദത്തെ പിൻതാങ്ങുന്നുണ്ടെ ന്നു കാണുന്നു. എന്നാൽ കീഴ്നടപ്പുമാത്രം നോക്കുന്നവ രുടെ ഇടയിൽ പരിഷ്കാരവൃദ്ധി അസാദ്ധ്യമാകകൊണ്ടു കാൎയ്യത്തിൻെറ ഗുണാഗുണംപോലെ നാം ഈ സംഗതി തീൎച്ചയാക്കേണ്ടതാകുന്നു. സംസ്കൃതപ്രത്യയങ്ങളെ ഉപയോ ഗിക്കുന്നതു ഭാഷയുടെ ഐകരൂപ്യത്തിന്നു ബാധകവും പ്രഥമഗണനീയന്മാരായ പൂർവ്വകവികളുടെ രീതിക്കു വിരു ദ്ധവുമാണെന്നു നാം കണ്ടുവല്ലോ. ഇതുകൂടാതെ, ഈ സ

മ്പ്രദായം ഇതരഭാഷാവിലക്ഷണമാണെന്നുകൂടി പറയേണ്ടിയിരിക്കുന്നു. അന്യഭാഷകളിൽനിന്നു പദങ്ങളെ സ്വീകരിക്കാത്തതായ വല്ല ഭാഷയും ഉണ്ടോ എന്നു സംശയമാണു്. സംസ്കൃതം, ഗ്രീക്ക മുതലായ മൂലഭാഷകളിൽ ഈ സമ്പ്രദായം വളരെ കുറവും, മലയാളം, ഇംഗ്ലിഷ് മുതലായ മിശ്രഭാഷകളിൽ അതു ധാരാളവുമാണെന്ന ഭേദം മാത്രമേയുള്ളൂ. എന്നാൽ അങ്ങിനെ പദസ്വീകാരം ചെയ്യുന്നതോടുകൂടി ആ ഭാഷയിലെ പ്രത്യയങ്ങളേയും കൈക്കൊള്ളുന്ന സമ്പ്രദായം, എന്റെ അറിവിൽ പെട്ടേടത്തോളം, മലയാളത്തിലൊഴികെ മറ്റൊരുഭാഷയിലും ഇല്ല. സംസ്കൃതശബ്ദങ്ങളുടെ സഹായംകൂടാതെ ഭാഷാകവിതയുണ്ടാക്കുവാനും ഭാഷയ്ക്കു് അഭിവൃദ്ധിയുണ്ടാകുവാനും മിക്കവാറും അസാദ്ധ്യമാണെന്നു് എനിക്കും പൂർണ്ണസമ്മതമാകുന്നു. ഇംഗ്ലീഷിന്നു ലാററിൻഭാഷയുടെ സഹായവും ഇതുപോലെതന്നെയാണു്. എന്നാൽ നാം സംസ്കൃതപ്രത്യയങ്ങളെ സ്വീകരിക്കുന്നതുപോലെ ഇംഗ്ലീഷുകാർ ലാററീൻപ്രത്യയങ്ങളെ ഒരിക്കലും കൈക്കൊള്ളുന്നില്ല. നമ്മുടെ സമ്പ്രദായത്തിന്റെ ഫലം, സംസ്കൃതജ്ഞാനമില്ലാത്ത മലയാളികൾക്കും, മലയാളം അറിഞ്ഞുകൂടാത്ത സംസ്കൃതജ്ഞന്മാക്കും മനസ്സിലാകാത്ത ഒരുതരം കവിതയാണെന്നു നമുക്കു നിത്യാനുഭവമാണല്ലോ. ഇതു നിലനിൎത്തുവാൻയോഗ്യമാണോ എന്നു മാന്യന്മാരായ നിങ്ങൾ സശ്രദ്ധമായി ആലോചിപ്പാൻ ഞാൻ വിനയപൂൎവ്വം അപേക്ഷിച്ചുകൊള്ളുന്നു.

ഈ പ്രകൃതത്തിൽ ഒരു സംഗതിയെക്കുറിച്ചു് അല്പം പ്രസ്താവിപ്പാനുണ്ടു്. അതിനെപ്പററി, 'വർണ്ണവിന്യാസക്ര

മം' എന്ന തലവാചകത്തോടുകൂടി, 'ഭാഷാപോഷിണി' പത്രികയിൽ ഞാനൊരിക്കൽ സവിസ്താരമായി പ്രതിപാദിച്ചിട്ടുള്ളതിനാൽ ഇവിടെ അതിനെ നിർദ്ദേശിക്കമാത്രമേ ചെയ്യുന്നുള്ളു. നാം എഴുതുമ്പോൾ അക്ഷരവിന്യാസം ചെയ്യുന്നതിൽ ഒരു വ്യവസ്ഥയില്ലാത്തതു മലയാളപണ്ഡിതന്മാക്കു വളരെ അയശസ്കരമാണെന്നു ഞാൻ പറയേണമെന്നില്ലല്ലൊ. ഇന്ന അക്ഷരത്തിന്ന് ഇന്ന ഉച്ചാരണമെന്നു വ്യവസ്ഥയില്ലാത്ത ഇംഗ്ലീഷ് ഭാഷയിൽപോലും, വൎണ്ണവിന്യാസക്രമം വളരെ വ്യവസ്ഥിതമാക്കപ്പെട്ടിട്ടുണ്ട്. അതിൽ അല്പമായ വല്ല തെററുകൂടി വരുത്തുന്നതു് അവർ ഒരു വലിയ അപണ്ഡിതലക്ഷണമായി വിചാരിച്ചുവരുന്നു. എന്നിരിക്കെ, എല്ലാ ശബ്ദങ്ങളേയും കുറിക്കുന്നതിന്നു വെവ്വേറെ അക്ഷരങ്ങളുള്ള നമ്മുടെ ഭാഷയിൽ ഈ ന്യൂനത ഇത്രകാലം നിലനിന്നതും, ഇപ്പോഴും അതിനെ പരിഹരിപ്പാൻ ആരും ശ്രമിക്കാത്തതും വളരെ ആശ്ചൎയ്യകരമായിരിക്കുന്നു. ഭാഷയ്ക്കുള്ളതുപോലെ, വൎണ്ണവിന്യാസക്രമത്തിനും ദേശ്യഭേദമുള്ളതിനുംപുറമെ, അതിനു ഭാഷയ്ക്കില്ലാത്തതായ ആൾഭേദവും കാലഭേദവുംകൂടിയുണ്ടു്. എന്തുകൊണ്ടെന്നാൽ ഒരുവൻ എഴുതുന്നതുപോലെ തന്നെ മറെറാരുവൻ എഴുതുകയോ, ഒരുവൻതന്നെ എല്ലായ്പോഴും ഒരുപോലെ എഴുതുകയോ ചെയ്തുകാണുന്നില്ല. ഈ ന്യൂനത വേഗത്തിൽ പരിഹരിക്കേണ്ടതും എളുപ്പത്തിൽ പരിഹരിക്കാവുന്നതുമാണെന്നു പറയുന്നതിൽ ഞാൻ ഒട്ടുംതന്നെ സംശയിക്കുന്നില്ല. വൎണ്ണവിന്യാസത്തിനു മഹാന്മാരായ നമ്മുടെ പണ്ഡിതന്മാർ ഒരു വ്യവസ്ഥ വരുത്തേണമെന്ന ഉദ്ദേശ്യത്തിന്മേലാണ് ഞാൻ ഈ വിഷ

യത്തെപ്പററി 'ഭാഷാപോഷിണി'യിൽ പ്രസ്താവിച്ചതു്. എന്നാൽ അതിനെപ്പററി സാമാജികന്മാരോ, മററുവല്ലവരുമോ ഇതുവരെ യാതൊരഭിപ്രായവും പറഞ്ഞുകാണാത്തതിനാൽ, ഞാൻ വളരെ അത്ഭുതപ്പെടുകയും വ്യസനിക്കയും ചെയ്യുന്നു. സാമാജികന്മാരെല്ലാം ഇങ്ങിനെ മൌനം ദീക്ഷിക്കുന്നതായാൽ, കാൎയ്യങ്ങൾക്കു തീരുമാനമുണ്ടാകുന്നതു് എങ്ങിനെയെന്നു ഞാൻ അറിയുന്നില്ല.

ഈ വക കാൎയ്യങ്ങളെ തീരുമാനപ്പെടുത്തുന്നതിന്നു് ഉത്തമമായ മാൎഗ്ഗത്തെ അദ്ധ്യക്ഷൻ അവർകൾതന്നെ അവിടത്തെ പ്രശസ്തരീതിയിൽ നിർദ്ദേശിച്ചിട്ടുണ്ടു്. "ഭാഷാഭേദങ്ങളിൽ ത്യാജ്യം ഇന്നതെന്നും ഗ്രാഹ്യം ഇന്നതെന്നും എല്ലാദിക്കിലുള്ള പണ്ഡിതന്മാർ യോജിച്ചു് ആലോചിച്ചു തീൎച്ചപ്പെടുത്തേണ്ടതാണു്. വടക്കുദിക്കിൽ ഉണ്ടാക്കപ്പെടുന്ന പുസ്തകങ്ങളെ തെക്കുള്ള വിദ്വാന്മാരും ഈ ദിക്കിൽ നിൎമ്മിക്കപ്പെടുന്നവയെ വടക്കുള്ളവരും പരിശോധിച്ചു് അഭിപ്രായങ്ങളെ അന്യോന്യം ഗ്രഹിപ്പിച്ചു് ഉഭയസമ്മതപ്രകാരം ഒരു വ്യവസ്ഥ ഏൎപ്പെടുത്തണം". ഈ അഭിപ്രായത്തെപ്പററി ആൎക്കും ആക്ഷേപമുണ്ടാകുമെന്നു തോന്നുന്നില്ല. എല്ലാദിക്കിലുമുള്ള പണ്ഡിതന്മാർ യോജിച്ചു് ആലോചിക്കുന്നതും അവർ അഭിപ്രായങ്ങളെ അന്യോന്യം ഗ്രഹിപ്പിക്കുന്നതും എങ്ങിനെയെന്നു് ആലോചിപ്പാനുള്ളതാണു്. കൊല്ലത്തിൽ ഒരിക്കൽമാത്രം കൂടുന്നതും, എല്ലാദിക്കുകളിൽനിന്നും പ്രതിനിധികൾ വന്നെത്താത്തതുമായ സഭായോഗത്തിൽവെച്ചു, സഭ്യാചാരവിധികളും കവിതാപരീക്ഷകളും മററും കഴിഞ്ഞതിന്റെ

ശേഷം, ഈവക സംഗതികളെ എല്ലാം പൂൎണ്ണമായി വാദിച്ചു തീൎച്ചയാക്കുന്നതു് അസാദ്ധ്യമാണെന്നു നമുക്ക് അനുഭവമാണല്ലോ. സഭയിൽവെച്ചു് അവസാനത്തെ തീൎച്ചചെയ്യുന്നതിനു മാത്രമേ സാധിക്കയുള്ളു. അതുവരെ വേണ്ട ആലോചനകളും വാദങ്ങളും മററും പത്രികാമാൎഗ്ഗേണ നടത്തേണ്ടതാണെന്നാകുന്നു എന്റെ അഭിപ്രായം. 'ഭാഷാപോഷിണി' പത്രിക ഇപ്പോൾ നടത്തിവരുന്നവിധത്തിൽ, സഭയുടെ ഉദ്ദേശ്യസിദ്ധിക്കു വളരെ ഉപയുക്തമാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അതിൽ ചിലപ്പോൾ കാണുന്ന സഭാസംബന്ധമായ പ്രസ്താവങ്ങൾ കഴിച്ചാൽ, അതും 'വിദ്യാവിനോദിനി'യും തമ്മിൽ യാതൊരു വ്യത്യാസവും ഞാൻ കാണുന്നില്ല. പത്രിക ഇങ്ങിനെതന്നെ നടത്തിയാൽ മതി എന്നാണു് സഭയുടെ അഭിപ്രായമെങ്കിൽ, സഭാകാൎയ്യങ്ങൾ 'വിദ്യാവിനോദിനി'യിൽ പ്രസിദ്ധപ്പെടുത്തുന്നതിനോ 'വിദ്യാവിനോദിനി' സഭയിലേക്ക് ഒഴിഞ്ഞുകൊടുക്കുന്നതിനോ ഞാൻ സന്നദ്ധനായിരിക്കുന്നുണ്ടു്. അങ്ങിനെ ചെയ്യുന്നതായാൽ, അനാവശ്യമായ ശ്രമവും ധനവ്യയവും വളരെ കുറയ്ക്കാമായിരുന്നു. എന്നാൽ ഉത്തമപക്ഷം, ഇതു രണ്ടും ചെയ്യാതെ, സഭയുടെ വകയായി ഒരു പ്രത്യേകപത്രം നടത്തുന്നതുതന്നെയാണെന്നാകുന്നു ഞാൻ വിചാരിക്കുന്നതു്. എന്നാൽ അതു സഭാകാൎയ്യങ്ങളേയും സഭോദ്ദേശ്യസിദ്ധിക്കുവേണ്ട മാൎഗ്ഗങ്ങളുടേയും പ്രതിപാദിക്കുന്നതിനും പുതിയ പുസ്തകങ്ങളെക്കുറിച്ചു് അഭിപ്രായങ്ങൾ പറയുന്നതിനും മാത്രമായി, മാസംതോറും, പ്രസിദ്ധപ്പെടുത്തുന്ന ഒരു പത്രികയായിരിക്കണം. ഈ വിഷയങ്ങൾ മിക്കവാറും

അനന്തങ്ങളാകകൊണ്ടു് ഒരു പത്രികയ്ക്കു് വേണ്ടവക ധാരാളം ഉണ്ടായിരിക്കും. സാമാജികന്മാരും, മററു മഹാന്മാരും ആവശ്യപ്പെടാതെ അവരുടെ അഭിപ്രായം എഴുതി അയപ്പാൻ മടിക്കുന്നപക്ഷം, പത്രാധിപർ അവക്കു പ്രത്യേകമായി അപേക്ഷാപത്രം അയച്ചു് ഓരോ വിഷയത്തെപ്പററി അവരുടെ അഭിപ്രായം സമ്പാദിപ്പാൻ ശ്രമിക്കേണ്ടതാകുന്നു. ഇങ്ങിനെ ഒരു പുസ്തകം മാസംതോറും പുറത്തുവരുന്നതായാൽ സഭാവിഷയങ്ങളായ പ്രസ്താവങ്ങൾ എല്ലായ്പ്പോഴും ജനങ്ങളുടെ ദൃഷ്ടിയിൽ പെട്ടുകൊണ്ടിരിക്കുന്നതാണല്ലോ.

ഉത്തമരീതിയിൽ അധികം ഉപയുക്തങ്ങളായ പുസ്തകങ്ങളെക്കുറിച്ച് ഇതിനുമുമ്പിൽ വളരെ ഭംഗിയായും സയുക്തികമായും ചിലർ പ്രസ്താവിച്ചിട്ടുള്ളതിനാൽ ഞാൻ ഇവിടെ ഒരു വാക്കുമാത്രമെ പറയുന്നുള്ളു. നല്ല പുസ്തകങ്ങളെല്ലാം ഉപയോഗമുള്ളവയെങ്കിലും, വായനക്കാരെ സംബന്ധിച്ചേടത്തോളം, അവയെ രണ്ടു വകയായി തരംതിരിക്കാം — ജനങ്ങൾ വായിക്കേണ്ട പുസ്തകങ്ങളും അവർ വായിക്കുന്ന പുസ്തകങ്ങളും. ഉൽകൃഷ്ടവിഷയങ്ങൾ അടങ്ങിയിരിക്കുന്ന ചില പുസ്തകങ്ങൾ, കഴിയുന്നവരെല്ലാം വായിക്കേണ്ടതാണു്. വിനോദകരങ്ങളായ മററു ചില പുസ്തകങ്ങൾ, കഴിയുന്നവരെല്ലാം വായിക്കുന്നതുമാണു്. ഇംഗ്ലീഷ് സയൻസു പുസ്തകങ്ങളിൽ ചിലതിനെ, ഇയ്യിടെ ചിലർ മലയാളത്തിൽ പരിഭാഷപ്പെടുത്തീട്ടുണ്ടല്ലോ. അവയിൽ ഒന്നു് ഒരാൾ വായിച്ചിട്ടുണ്ടെങ്കിൽ, “ഇന്ദുലേഖയും” ‘മാർത്താണ്ഡവർമ്മാവും’ ആ

റാളുകഠം വായിച്ചിട്ടുണ്ടായിരിക്കും അതിനാൽ, വായിക്കേണ്ടതാണെന്നുള്ള ഗുണം മാത്രമുള്ള പുസ്തകങ്ങളെ നിമ്മിക്കുന്നതുകൊണ്ടു നമുക്കു തൃപ്തിപ്പെടുവാൻ പാടില്ല. ഒരു ഭക്ഷണം തയ്യാറാക്കിക്കൊടുത്താൽമാത്രം പോരാ. അവൻ ഭക്ഷിക്കുകയുംകൂടി ചെയ്യണമല്ലൊ. മലയാളത്തിൽ പുസ്തകങ്ങഠം വായിച്ചു രസിക്കുന്നവർ ചുരുക്കമാണ്. ബഹുജനങ്ങഠംക്കു പുസ്തകം വായിക്കുന്നതിൽ അഭിരുചി ജനിപ്പിക്കുന്നതുകൊണ്ടല്ലാതെ പരിഷ്കാരവദ്ധനത്തിന് മാഗ്ഗമില്ലാത്തതിനാൽ, അതിനുപകരിക്കുന്ന പുസ്തകങ്ങളെക്കാഠം ഉപയുക്തമായി തൽക്കാലം മറ്റൊന്നുമില്ല. 'നാടകവും നോവലുമല്ല, സയൻസാണ് നമുക്കുവേണ്ടത്' എന്നു കാലത്തിലും അകാലത്തിലും പ്രലപിക്കുന്നവർ ഈ സംഗതി എല്ലായ്പ്പോഴും ഓമ്മവെച്ചാൽ നന്നായിരുന്നു. വാസ്തവം ഇങ്ങിനെയാണെങ്കിലും, ശാസ്ത്ര ഗ്രന്ഥങ്ങളുടെ ഉല്പാദനത്തിലും പ്രചാരത്തിലും തന്നെയാണ് നമ്മുടെ സഭ ദൃഷ്ടിവെക്കേണ്ടത്. വിനോദകരങ്ങളായ പുസ്തകങ്ങഠം വാങ്ങുന്നതിന് ഇയ്യിടെ ആളുകഠം ധാരാളം ഉണ്ടായിത്തുടങ്ങീട്ടുള്ളതിനാൽ, അതുകഠംക്കു നമ്മുടെ സഹായം അത്ര ആവശ്യമില്ല. നാം അവയുടെ ഗുണദോഷപ്രഖ്യാപനം ചെയ്കയും ശ്ലാഘ്യങ്ങളായുള്ളവയ്ക്കു പ്രശംസാപത്രങ്ങഠം കൊടുക്കുകയും ചെയ്താൽ മതിയാകുന്നതാണ്. കൃഷ്ണൻപണ്ടാലയുടെ 'രസതന്ത്രം' പോലെ വളരെ ഉപയുക്തങ്ങളും ജനസാമാന്യത്തിൻെറ സംഭാവനക്കു തൽക്കാലം പാത്രമല്ലാത്തവയുമായ പുസ്തകങ്ങളുടെ പ്രകാശനത്തിനു മാത്രമേ, ഈ സഭ ഇനിമേലിൽ ധനസഹായം ചെയ്യേണ്ട ആവശ്യമുള്ളു.

മലയാളപദ്യപുസ്തകങ്ങൾക്കു സർവ്വസാധാരണമായി ഒരു ദോഷമുള്ളതിന്റെ നിവാരണത്തിന്ന് ഈ സഭക്കറെ ദൃഷ്ടിവെച്ചാൽ നന്നായിരിക്കുമെന്നു തോന്നുന്നു. പ്രാസത്തിനും പാദപൂരണത്തിനും വേണ്ടി യഥേഷ്ടം നിരൎത്ഥപദപ്രയോഗം ചെയ്യുന്ന സമ്പ്രദായം മലാളത്തിലുള്ളതുപോലെ മറേറതു ഭാഷയിലെങ്കിലും ഉണ്ടോ എന്നു സംശയമാണ്. ഈ ദോഷം ഭാഷാകവിതയുടെ ആദികാലം മുതൽക്കെ തുടങ്ങിയതാണെങ്കിലും, ഇയ്യിടെ അത് ദുസ്സഹമായ വിധത്തിൽ വൎദ്ധിച്ചുവന്നിരിക്കുന്നു. വായനക്കാരുടേയും സാഹിത്യത്തിന്റേയും പേരിൽ അശേഷം ആർദ്രത കൂടാതെ 'പെട്ടെന്നു, ചട്ടററ, ചൊല്ലാൻ, കെല്പാൻ, വിരവോടെ, പരിചോട്' ഇത്യാദി പദങ്ങളെ ഏതു സന്ദൎഭത്തിലും പ്രയോഗിക്കുന്നതിനു നമ്മുടെ ഭാഷാകവികൾ ലേശംപോലും ശങ്കിക്കുന്നില്ല. പാദപൂരണത്തിനുമാത്രമായി ഉപയോഗിക്കുന്ന പദങ്ങളിൽ ഓരോന്നിന്ന് ഓരോ പൈപീതം ആരെങ്കിലും കൊടുക്കുന്നതായാൽ ആധുനികഭാഷാകവികളിൽ ചിലർ അല്പകാലംകൊണ്ടു ലക്ഷപ്രഭുക്കളാകുമായിരുന്നു. ഭാഷാകവികളിൽ ചിലർ സംസ്കൃതകവികളുമാണ്. എന്നാൽ അവർ ഉണ്ടാക്കുന്ന സംസ്കൃതശ്ലോകങ്ങളിൽ സപ്രയോജനമല്ലാത്ത ഒരു പദമെങ്കിലും ഉപയോഗിക്കുന്നില്ല. ഭാഷാശ്ലോകം ഉണ്ടാക്കുമ്പോൾ അവരുടെ ഈ ദാക്ഷിണ്യം എവിടെപ്പോയി മറയുന്നു എന്നറിയുന്നില്ല. സംസ്കൃതകവിതയെ കുലീനയായ സഹധൎമ്മചാരിണിയെപ്പോലെ ആദരിക്കുന്നവർ, ഭാഷയെ കുത്സിതയായ വേശ്യയെപ്പോ

ലെ നിർദ്ദാക്ഷിണ്യമായി വിചാരിക്കുന്നത് മഹാ സങ്കടം തന്നെ. ഈ ന്യൂനതയില്ലാതെ എന്റെ കാലത്തിൽ 'മയൂരസന്ദേശം' ഒഴിച്ച് മറെറാരു കൃതിയും ഉണ്ടായിട്ടില്ലെന്നു തീച്ചയായി പറയാം.

'അപ്പോളുല്ലസന്നാമോദംപരിചൊടുതരസാ
കണ്ടുകെല്ലോട്ടക്കുടി-
ട്ടപ്പൊയ്യായാംകളിച്ചങ്ങഴകൊട്ടമരുവും
രാജഹംസാവലിംസഃ'

ഇത്യാദിശ്ലോകം മട്രിക്കുലേഷ്യൻ പരീക്ഷയ്ക്ക് ഒരിക്കൽ നിയമിക്കപ്പെട്ട പുസ്തകത്തിലുള്ളതാണ്. ഈ കവിയെപ്പോലെതന്നെ അപരാധികളായിട്ടുള്ളവർ വളരെ ചുരുക്കമാണെങ്കിലും, തീരെ നിരപരാധികളായിട്ടുള്ളവർ അതിലും ചുരുക്കമാണ്. 'ഭാഷാപോഷിണി'യിൽ പുതിയ പുസ്തകങ്ങളെക്കുറിച്ച് അഭിപ്രായം പറയുന്നതിൽ ഈ ദോഷത്തെ നിർദ്ദയമായി ചൂണ്ടിക്കാണിക്കുകയും ഈ ന്യൂനത അധികമായിട്ടുള്ള പുസ്തകങ്ങൾ, മററു ഗുണങ്ങളുണ്ടെങ്കിലും, പ്രശംസാപത്രത്തിന് അർഹങ്ങളല്ലെന്നു വിധിക്കുകയും ചെയ്യുന്നതുകൊണ്ടല്ലാതെ അതിന് ഉപശമം വരുത്തുവാൻ മാർഗ്ഗമില്ല. അതുകൊണ്ടു ഭാഷാസാഹിത്യബന്ധുക്കളായ സാമാജികന്മാർ അങ്ങിനെ ചെയ്യുന്നതിന് മടിക്കയില്ലെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

ഇങ്ങിനെ ഓരോ വിഷയത്തെപ്പററി പറഞ്ഞുകൊണ്ടിരുന്നാൽ അവസാനിക്കില്ല. ഇപ്പോൾതന്നെ ഈ പ്രസംഗം ഞാൻ വിചാരിച്ചതിലധികം ദീർഘിച്ചുപോ

യിരിക്കുന്നു. അതുകൊണ്ട് ഇത്രനേരം സംസാരിക്കുന്നതിന് എന്നെ സദയമായി അനുവദിച്ചതിനും, എന്റെ നിസ്സാരമായ പ്രലപനത്തെ നിങ്ങളുടെ വിലയേറിയ ശ്രദ്ധകൊണ്ട് ഇത്രയും ആദരിച്ചതിനും ഹൃദയപൂർവ്വമായി നന്ദിപറഞ്ഞുകൊണ്ടു ഞാൻ ഈ പ്രസംഗത്തെ ഉപസംഹരിച്ചുകൊള്ളുന്നു.

സി. അച്യുതമേനോൻ ബി. എ.

---

# നളിനി.

---

ലോകത്തിന്റെ നിലനില്പിനുവേണ്ടി സകല ജീവജാലങ്ങളുടേയും ഹൃദയത്തിൽ നിക്ഷിപ്തമായ ഒരു വികാരമാകുന്നു സ്നേഹം. ജീവികളിൽ സർവ്വപ്രകാരേണ പ്രാധാന്യം മനുഷ്യനായതുകൊണ്ടു മാനുഷഹൃദയത്തിലാണ് ഈ വികാരം പരമകാഷ്ഠയെ പ്രാപിക്കുന്നത്. ഒരു പൂമൊട്ടിനുള്ളിൽ നിക്ഷിപ്തമായ മധുബീജം കാലക്രമേണ വർദ്ധിച്ച് ആ പൂവിന്റെ വികാസദശയിൽ മധുപങ്ങൾക്ക് അനുഭവയോഗ്യമായിത്തീരുന്നതുപോലെ മനുഷ്യഹൃദയസ്ഥമായ ഈ വികാരം ചില രഹസ്യസന്ദർഭങ്ങളെ അപേക്ഷിച്ചു പെട്ടെന്ന് ഉജ്ജ്വലിക്കുകയും, ലോകത്തിന് ഉപയോഗകരമായി പരിണമിക്കുകയും ചെയ്യുന്നു. സ്നേഹം ഹൃദയത്തിനു നൈർമ്മല്യവും, മാർദ്ദവവും, സങ്കല്പശക്തിക്കു ദാർഢ്യവും, സ്വഭാവത്തിന്നു പരിശുദ്ധിയും, ലോകത്തിന്നു പ്രതിഷ്ഠയും നല്കുന്ന ഒരു വികാരമാകുന്നു. ഇതു് ഒരിക്കലും ക്ഷണഭംഗുരമല്ല. ദേശാനുരൂപമായ രൂപാന്തരപ്രാ

പ്തിയുണ്ടെങ്കിലും വൃദ്ധന്മാരേയും യുവാക്കന്മാരാക്കുന്നതിനുള്ള വൈഭവം അതിനുണ്ട്. സകല ജീവശക്തികളും ദൃഢതയേ പ്രാപിക്കുന്ന യൗവ്വനകാലത്തിൽ ഈ വികാരം സൌന്ദര്യം മുതലായ ചില പ്രത്യേകസംഗതികളേ അപേക്ഷിച്ചു തീപ്പൊരിപോലെ ഒരുവൻെറ ഹൃദയത്തിൽ കടന്നുകൂടി, ദേഹമാസകലം വ്യാപിച്ചു, ലോകം മുഴുവനും പ്രകാശിപ്പിക്കുകയും, പ്രകൃതിനിയമങ്ങളിൽ ഏററവും സാരവത്തായ ത്യാഗശീലത്തിന് ഒരു നിദാനമായിത്തീരുകയും ചെയ്യുന്നു. ഈ വികാരത്തിന് എപ്പോഴെങ്കിലും ഒരു മനുഷ്യൻ അടിമപ്പെട്ടുമ്പോൾ അയാൾക്ക് ആഷാഢനിശീഥിനി അന്ധകാരമയമല്ല; മരുഭൂമി നിർജ്ജലമല്ല; സമുദ്രം ദുസ്തരമല്ല; ആശാഭംഗത്തിന് അവകാശവുമില്ല.

പ്രകൃതിയുടെ മഞ്ജുളതയേയും, മാഹാത്മ്യത്തേയും നഗ്നവും, വ്യക്തവുമാക്കിക്കാണിക്കുകയും, കണ്ടുരസിക്കുകയും ചെയ്യുന്ന കവികൾക്ക് സ്നേഹം ആഹ്ലാദകരമായ ഒരു വിഷയമായിപ്പരിണമിച്ചതിൽ അത്ഭുതപ്പെടുവാനില്ല. മഹാകവി കാളിദാസൻെറ ലോകോത്തരമായ മാഹാത്മ്യത്തിനുള്ള ഒരു പ്രധാനകാരണം ഈ വിഷയത്തെ ലോകജീവിതത്തോടു ഘടിപ്പിച്ചു സർവ്വതോമുഖമായി പ്രതിപാദിക്കുന്നതിന് ആ ദിവ്യകവിക്കു സാധിച്ചതുകൊണ്ടാകുന്നു. നിർഭാഗ്യവശാൽ സ്നേഹത്തിൻെറ യഥാർത്ഥമായ ധർമ്മത്തിലും, മർമ്മത്തിലും കൈവയ്ക്കുന്നതിനു കാളിദാസൻെറ അനന്തരഗാമികളിൽ അധികംപേർക്കും സാധിച്ചിട്ടില്ല. അപരിമിതമായ പാണ്ഡിത്യവും വാസനയുമുള്ള പല സംസ്കൃതകവികളും, അവരേ സർവ്വത്ര അനുകരി

ക്കാൻ ശ്രമിച്ച ഭാഷാകവികളും സ്നേഹത്തിൻെറ ആഭ്യ ന്തരമാഹാത്മ്യത്തെ വിസ്മരിച്ച് കേവലം ബാഹ്യദശനം കൊണ്ടു് മതിമറന്നു് ഒരുതരം ആഭാസശൃംഗാരശ്ലോക ങ്ങൾ എഴുതി കവിതയേയും,കാവ്യത്തേയും ദൂഷിപ്പിച്ചിരി ക്കുന്നതു നമുക്കു കാണാവുന്നതാകുന്നു. അടുത്തകാലത്തു പ്രണയവിഷയമായി കവിത എഴുതിട്ടുള്ള മഹാകവിക ളിൽ പരേതനായ ശ്രീമാൻ കുമാരനാശാൻ അവർകൾ സവ്വഥാ പ്രഥമഗണനീയനാകുന്നു. ആ മഹാകവിയുടെ വിശാലഹൃദയം സ്നേഹമകരന്ദംകൊണ്ടു പരിപൂണ്ണമായ ഒരു കനകകുസുമമായിരുന്നു. അനശ്വരമായ അതിൻെറ സൌരഭ്യം മലയാളസാഹിത്യലോകത്തിൽ എന്നും നില നില്ക്കുന്നതാണു്. അതിൻെറ ഉത്തേജകവും പരിശുദ്ധ വുമായ മധു ആസ്വദിക്കുന്ന മഹാനുഭാവന്മാരായ സഹൃദ യന്മാക്ക് എന്നും ആനന്ദലഹരി അനുഭവിക്കുകയും ചെയ്യാം.

കുമാരനാശാനു് സ്നേഹത്തേക്കുറിച്ചുള്ള അഭിപ്രായ വും, അതിലുള്ള വിശ്വാസവും അത്യന്തം ഉൽകൃഷ്ടവും, ദൃഢവും ആയിരുന്നു. എന്നാൽ കാളിദാസനേപ്പോലെ വൃക്ഷലതാദികളിലും, പക്ഷിമൃഗാദികളിലും ഈ സ്നേഹ വികാരത്തിൻെറ വ്യാപാരത്തെ ദൃഷ്ടാന്തരൂപേണ കാണി ച്ചു സവ്വതോമുഖമായി പ്രതിപാദിക്കുന്നതിനു് കുമാരനാ ശാൻ യത്നിച്ചിട്ടില്ല. തന്നിമിത്തം 'ദൂരദേശവാസത്തി നായിപ്പോകുന്ന ഈ സഹോദരിയെ നിൻെറ കൊച്ചുശാ ഖകളാകുന്ന കൈകൾകൊണ്ടു് ഒന്നു് ആലിംഗനം ചെ യ്യണേ'യെന്നു മുല്ലയോടു യാചിക്കുകയും, അനുധാവനം ചെയ്ത കൃഷ്ണമൃഗത്തെ നോക്കി "അച്ഛൻ നിന്നെ നോക്കി

ക്കൊള്ളും; തിരിച്ചുപോ" എന്നു പറഞ്ഞു കരയുകയും, "മാൻപേട സുഖമായി പ്രസവിച്ചാൽ ആ വിവരം എന്നെ ഗ്രഹിപ്പിക്കുന്നതിന് ഒരാളെ അയയ്ക്കണമേ" എന്നു താതനോട്ട് അപേക്ഷിക്കുകയും മററും ചെയ്യുന്ന ഒരു ശകുന്തളയേയും, "കാന്തന്റെ മൈചാരി കൊമ്പിലിടത്തുകണ്ണാന്ധമാമാൻപേട"യേയും ആശാന്റെ കവിതകളിൽ കാണ്മാൻ സാധിക്കുകയില്ല. സ്ത്രീപുരുഷന്മാരെ അവലംബിച്ച യൗവ്വനം, സൌന്ദര്യം മുതലായ ഉദ്ദീപനങ്ങളാൽ സഹായിക്കപ്പെട്ടു വളൎന്ന്, മനുഷ്യഹൃദയത്തിൽ കത്തിക്കാളുന്ന പ്രണയദീപമാണ് പലപ്പോഴും അദ്ദേഹത്തിന്റെ കവിതാവിഷയം. ആ ദീപം പരഹൃദയത്തെ കൊളുത്തുകയും ലോകത്തെ ദീപ്രമാക്കുകയും ചെയ്യുന്നു.

സ്ത്രീപുരുഷന്മാരെ അവലംബിച്ച് ഉണ്ടാകാവുന്ന സ്നേഹത്തിനു രാഗം, പ്രേമം, പ്രണയം എന്നു മൂന്ന് അവസ്ഥാഭേദങ്ങൾ ഉണ്ടെന്നു ശാസ്ത്രവും, അനുഭവവും പ്രത്യക്ഷപ്പെടുത്തുന്നു. സ്വസുഖത്തിനുവേണ്ടി സ്ത്രീപുരുഷന്മാർ അന്യോന്യം സ്വാധീനത്തിൽ വന്നുചേരണമെന്നു ആഗ്രഹിക്കുന്ന സ്വാൎത്ഥപരമായ ഒരഭിലാഷമാകുന്നു രാഗം. സ്വസുഖത്തെ ബലികഴിച്ചും, പരസുഖത്തെ വൎദ്ധിപ്പിക്കണമെന്ന് സ്ത്രീപുരുഷന്മാൎക്ക് അന്യോന്യം ഉണ്ടാകുന്ന ഒരു വിചാരവിശേഷമാകുന്നു പ്രേമം. സ്ത്രീപുരുഷന്മാരുടെ ആത്മാവ് ദാമ്പത്യജീവിതംകൊണ്ട് ഏകീഭവിച്ച് ഒരാൾക്ക് മറെറാരാളെ തന്നിൽനിന്നും വിഭിന്നമായി വിചാരിക്കാൻ സാധിക്കാത്തവിധത്തിലുള്ള ഒരു സ്നേഹവിശേഷമാകുന്നു പ്രണയം. സാധാരണ കവികൾ ദാമ്പ

ത്യജീവിതത്തിലുള്ള ഈ ദശാവിശേഷങ്ങളെ പ്രത്യേകം വിഭജിച്ചു കാണിക്കുവാൻ ശ്രദ്ധിക്കാറില്ല. അവർ മിക്കവാറും രാഗാലാപനംകൊണ്ടു കഥ അവസാനിപ്പിക്കുന്നതായിട്ടാണ് കണ്ടുവരുന്നത്. പരിമിതമെങ്കിലും സുദീർഘമായ ഈ മാർഗ്ഗത്തിൽതന്നെയാണ് കുമാരനാശാൻെറ കവിതയും സഞ്ചരിക്കുന്നത്.

ആശാൻെറ നളിനി ആശാഭംഗപ്പെട്ട ഒരു അനുരാഗകഥയാണ്. 'കോരകത്തിൽ മധുവെന്നപോലെ യുവാത്താരിൽ' പ്രണയമാർന്നിരുന്ന ഒരു നായകിയുടെ യഥാർത്ഥമനഃസ്ഥിതി നായകൻ മനസ്സിലാക്കാതിരുന്നതു നിമിത്തം അവർ അകാലമരണത്തെ പ്രാപിക്കുന്നതായിട്ടാണ് ഇതിൽ കാണുന്നത്. ഇതിലെ നായികയായ നളിനി അഭിലാഷവിപ്രലംഭത്തിൻെറ ചക്ഷുഃപ്രീതി, മനസ്സംഗം, സങ്കല്പം, ജാഗരം, കാർശ്യം, വിഷയവൈമുഖ്യം, ലജ്ജാനാശം, ഉന്മാദം, മൂർച്ഛ, മരണം എന്നീ പത്തവസ്ഥാഭേദങ്ങളിലുംകൂടി കടന്നുപോയിട്ട് താൻ വളരെ പ്രയാസപ്പെട്ടു വഹിച്ചിരുന്ന അനശ്വരമായ സ്നേഹത്തെ നായകനായ ദിവാകരൻെറ ഹൃദയത്തിൽ നിക്ഷേപിച്ചു ശാന്തിപദത്തെ പ്രാപിക്കുന്നു.

നായികയുടെ ഈ സ്നേഹം, അല്ലെങ്കിൽ അനുരാഗം ചക്ഷുഃപ്രീതിയിൽനിന്നും ഉത്ഭവിക്കുന്നതാണെങ്കിലും, ആ ചക്ഷുഃപ്രീതി സ്കാട്ടിൻെറയും മററും ചില നായികമാരെപ്പോലെ ഒരു ദൂരദർശനംകൊണ്ടു പെട്ടെന്നു ഉണ്ടാകുന്നതല്ല. ബാല്യംമുതൽ ഒരുമിച്ചു വസിച്ചും, ഒരുമിച്ചു പഠിച്ചും, ഒരുമിച്ചു കളിച്ചും വളൎന്നുവന്ന നായികാനായ

കന്മാരുടെ ഹൃദയത്തിൽ മുളച്ചു തഴച്ചതും, ദൈവവൈപരീത്യംകൊണ്ടു ശിഥിലീഭവിച്ചു വിഭിന്നഗതിയെ പ്രാപിച്ചതുമായ ഒരു അനുരാഗകഥയേയാണ് കവി ഇവിടെ വൎണ്ണിക്കുന്നത്. നളിനിയെന്നും, ദിവാകരനെന്നും നായികാനായകന്മാൎക്കു കൊടുത്തിട്ടുള്ള നാമധേയങ്ങൾകൊണ്ടു പ്രകൃത്യാതന്നെ ഇവൎക്കുണ്ടാകാവുന്ന മനഃസ്ഥിതിയെ ചൂണ്ടിക്കാണിച്ചിട്ട് കവി, നായകൻ "ഉൽഫുല്ലബാലരവിപോലെ കാന്തിമാൻ" ആണെന്നും, നായിക "ഉഷസ്സന്ധ്യപോലെ ബന്ധുരാംഗരുചി"യാണെന്നും പറഞ്ഞ് ആ അഭിപ്രായത്തെ ഒന്നുകൂടി പ്രബലപ്പെടുത്തി. അവരുടെ കൎമ്മവാസനാവൈഭവവും ഒന്നുതന്നെയാണെന്ന് അവസാനത്തിൽ നായകനെക്കൊണ്ടു കവി പറയിപ്പിക്കുന്നു.

"ഉണ്ടു കൌതുകമുരയ്ക്കിൽ നാടതിൽ-
പ്പണ്ടിരുന്നതുമകന്നു കാടിതിൽ
കണ്ടുമുട്ടിയതുമെന്നുമല്ല, നാം
രണ്ടുപേരുമൊരു വൃത്തിയാന്നതും"

ഇപ്രകാരം ജന്മാന്തരാൎജ്ജിതസുകൃതവൈഭവംകൊണ്ട് ഇഹജീവിതത്തിൽ വാസനാരൂപമായി പരിണമിച്ചു പരിശോഭിക്കുന്ന സ്നേഹം എത്ര ഗാഢമായിരിക്കുമെന്നു വായനക്കാൎക്കു മതിയായ ഊഹം നൽകിയതിനുശേഷം കാവ്യത്തിന്റെ നിൎവ്വഹണത്തിൽ ആ സ്നേഹം അനശ്വരമാണെന്നും പ്രാപഞ്ചികവ്യവഹാരങ്ങളിൽനിന്നും വിരമിച്ചു സാത്വികഗുണത്തെ മാത്രം അവലംബിച്ചുനില്ക്കുന്ന അവസ്ഥയിലും അതു വൎദ്ധിച്ചുവരുന്നതാണെന്നും

കാണിച്ച് അവസാനത്തിലെ അന്ധകാരമയമായ ആശാഭംഗത്തേയും കവി പ്രകാശസംമിശ്രമാക്കിത്തീക്കുന്നു.

കാവ്യത്തിന്റെ പ്രാരംഭം നായികാനായകന്മാർ അവസാനമായി കണ്ടുമുട്ടുന്ന ഒരു പ്രഭാതശോഭിതമായ വനാന്തരത്തിൽ ആണ്. അവിടെവച്ചു പൂർവ്വസ്മരണയിൽ നിന്നും നായിക വിവരിക്കുന്നു.

"ഉച്ചയായ് തണലിലാഞ്ഞു പുസ്തകം
വെച്ചു മല്ലികയറുത്തിരുന്നതും
മെച്ചമാന്ന ചെറുമാല കെട്ടിയെൻ
കൊച്ചുവാർമുടിയിലങ്ങണിഞ്ഞതും;

എണ്ണിട്ടന്നൊളിച്ചിൽ വന്നു പിഡയാം-
വണ്ണമെൻ മിഴികൾ പൊത്തിയെന്നതും
തിണ്ണമങ്ങതിൽ വലഞ്ഞു കേഴുമെൻ
കണ്ണുനീരു കനിവാൽ തുടച്ചതും"—

മററുമായ നായകന്റെ അനുരാഗചാപല്യകഥയിൽനിന്നും അവരുടെ പരസ്പരാനുരാഗം വിരഹദശയിൽ ഒന്നു രണ്ടുപടി (ചക്ഷുഃപ്രീതി, മനസ്സംഗം) കടന്നിട്ടുണ്ടെന്നു മനസ്സിലാക്കാൻ സാധിക്കുന്നതാണ്. കമ്മവാസനകൊണ്ടും, രാഗബന്ധംകൊണ്ടും ഈ ദശയെ പ്രാപിച്ച നളിനി പിതാവിന്റെ ആജ്ഞാനുസരണം മറെറാരു ഭത്താവിനെ സ്വീകരിക്കുന്നതിനേക്കാൾ ആത്മഹത്യയാണു സ്തുത്യഹമെന്നു വിചാരിച്ചതിൽ യാതൊരു അസാംഗത്യവുമില്ല. വിധിവൈഭവംകൊണ്ട് ആ സാഹസത്തിൽ നിന്നും രക്ഷപ്പെട്ടതിനുശേഷം,

"പഞ്ചവൃത്തികളടക്കിയനു്ഹം
നെഞ്ചുവച്ചരുതപോമയം ധനം
സഞ്ചയിപ്പതിനു ഞാൻ തുടങ്ങിപി-
ന്നഞ്ചുവട്ടമിഹ പൂത്തു കാനനം.

സന്ന്യസിച്ചളവുമാസ്ഥയാ ഭവാൻ-
തന്നെയോത്തിഹ തപസ്സിൽ വാണു ഞാൻ"

എന്നു നളിനി പറയുന്നതിൽനിന്നും കഴിഞ്ഞ അഞ്ചു കൊല്ലത്തിലെ തൻെറ തപശ്ചർയ്യക്കിടയിലും അവറം സങ്കല്പജാഗരങ്ങളെക്കൊണ്ടുതന്നെ ദിവസങ്ങറം കഴിച്ചുപോന്നെന്നു മനസ്സിലാക്കാം. പ്രഭാതത്തിൽ സ്നാനപരിശുദ്ധയായെങ്കിലും നിത്യകമ്മാനുഷ്ഠാനങ്ങളിൽപോലും വിമുഖിയായിട്ടു് ഉദയസൂർയ്യൻെറ കിരണസമ്മേളനം കൊണ്ടു് അല്പാല്പം വിടന്നും മന്ദമാരുതകരപരിലാളനം കൊണ്ടു ചാഞ്ചാടിയും നില്ക്കുന്ന താമരപ്പൂക്കളെക്കൊണ്ടു നിറഞ്ഞ പൊയ്കയെക്കണ്ടു വികാരപരവശയായി അവറം ഇപ്രകാരം ഗാനംചെയ്യുന്നു.

"സ്വാമിയാം രവിയെ നോക്കിനില്ക്കുമെൻ-
താമരേ, തരളവായുവേററു നീ
ആമയം തടവിടായ്ക, തൽക്കര-
സ്തോമമുണ്ടു തിരിയുന്ന ദിക്കിലും

സന്തതം മിഹിരനാത്മശോഭയും
സ്വാന്തമാം മധു കൊതിച്ചവണ്ടിനും
ചന്തമാന്നരുളി നില്ക്കുമോമലേ,
ഹന്ത! ധന്യമിഹ നിൻെറ ജീവിതം"

ഇതിൽ താമരയെ സമാധാനപ്പെടുത്തുന്ന ഒന്നാമ ത്തെ ശ്ലോകത്തിൽ അനവരത വിരഹദുഃഖമനുഭവിക്കുന്ന തൻെറ സ്ഥിതി എത്രയോ അധികം പരിതാപകരമാണെന്നും, രണ്ടാമത്തെ ശ്ലോകത്തിൽ സൌന്ദര്യം ഭർത്താവിനും, സൽഗുണം ബന്ധുക്കൾക്കും അനുഭവക്ഷമമാക്കിച്ചെയ്യുന്ന സ്ത്രീകൾ ഭാഗ്യവതികളാണെന്നും വ്യഞ്ജിപ്പിക്കുന്നതുകൊണ്ടു തൻെറ ദുർഭാഗ്യം എത്ര ഭയങ്കരമാണെന്നും നായിക പറയുന്നതിനോടുകൂടി സന്നിഹിതമായ ഭത്തൃസന്ദശനത്തേയും, അടുത്ത മുഹൂത്തത്തിൽ ആത്മാവിനെ പരബ്രഹ്മത്തിലും, സ്നേഹത്തെ ഒരുകാലത്തു തന്നിൽ അനുരക്തനായിരുന്ന ഭർത്താവിലും സമപ്പിച്ച് ഇഹലോകവാസം കൈവിട്ടു താനും ധന്യപദം പ്രാപിക്കാൻ പോകുന്ന സംഗതിയേയും "ഇളകാ വിധിപോലെ" മങ്ങിയും മറഞ്ഞും അവളെ പിൻതുടരുന്ന കമ്മവാസനകൊണ്ടു ബാധയായപോലെ അവൾ ചൂണ്ടിക്കാണിക്കുന്നു. സന്യാസി നായികയെ കാണുന്ന ക്ഷണത്തിൽ,

"ഹാ കൃശാ തരുതലത്തിലിന്ദുവി-
നോകരശ്മിയതുപോലെയാരിവൾ?"

എന്നു സംശയിക്കുന്നതുകൊണ്ട് ആൾ കണ്ടാലറിയാത്ത വിധം കാശ്യം എന്ന അവസ്ഥയേയും അവൾ പ്രാപിച്ചിരുന്നുവെന്ന് ഊഹിക്കാം. ഇങ്ങനെ സ്വകമിതാവിൻെറ അവസാനസന്ദശനസമയത്തിൽ അവൾ അഭിലാഷവിപ്രലംഭത്തിൻെറ ആറു ദശാഭേദങ്ങളിൽകൂടി കടന്നു കഴിഞ്ഞിരുന്നു.

ദശ്നമാത്രയിൽ അവാം സന്ന്യാസിയുടെ പാദത്തി ങ്കൽ മുഗ്ദ്ധഹേമയഷ്ടിപോലെ സുന്ദരവും, മുദുലവും, ജഡ വുമായ ദേഹത്തെ പതിപ്പിച്ചു. നളിനിയുടെ തൽക്കാല സംതൃപ്തിയെ കവി ഇപ്രകാരം വണ്ണിക്കുന്നു.

"ഒററയായിടകുരുങ്ങി വാച്ച തൻ-
കററവാർകുഴലു തല്പദങ്ങളിൽ
ഉററരാഗമൊടടിഞ്ഞു കാൺകയാൽ
മുററുമോത്തു കൃതകൃത്യയെന്നവാം"

കാമിനീകാമുകന്മാരുടെ പരസ്പരസ്പശം അവക്കു സു ഖകരംതന്നെയാണു്. എന്നാൽ അതു് ത്വഗിന്ദ്രിയത്തെ വിട്ടു നഖശിഖാദികളിലായാൽ ആ സ്പശസുഖം അനുഭ വിക്കാൻ സാധിക്കുന്നതല്ല. ഇവിടെ നായികയുടെ കേ ശമാത്രത്താൽ നായകപാദങ്ങളെ സ്പശിക്കുന്നതിനു് ഇട യായതുപോലും അവളെ കൃതകൃത്യയാക്കുന്നു. ഇതിലധി കം അവളുടെ മനഃസ്ഥിതിയെ എങ്ങനെയാണു വ്യക്ത മാക്കുന്നതു്?

നളിനി സ്വവൃത്താന്തം പറഞ്ഞു കോപ്പിച്ച നായ കനു തന്നിൽ ദയതോന്നിക്കുന്നതിനു പരിശ്രമിച്ചെങ്കി ലും പ്രാപഞ്ചികവ്യവഹാരങ്ങളിൽനിന്നു മിക്കവാറും വി മുക്തനായ ആ യോഗി അതുകൊണ്ടൊന്നുമിളകാതെ അ ല്പം വേദാന്തസാരവും പറഞ്ഞുകോപ്പിച്ചു് അവിടെനി ന്നു നിഷ്ക്രമിക്കുന്നതിനു സന്നദ്ധനായി.

"കാട്ടിലങ്ങൊരു മഹാനുഭാവതൻ-
കുട്ടിലായ് ഭവതി, ഭാഗ്യമായി, ഞാൻ

പോട്ടെ, ശാന്തി, വിധി യോഗമിന്നിയും
കൂട്ടിയാകിലഥ കാൺകയാം ശുഭേ!"

സന്ന്യാസിയുടെ ഈ വാക്കുകൾ നളിനിയുടെ മമ്മങ്ങളെ ഭേദിച്ചു. അവൾ തൽക്ഷണം "ലജ്ജാനാശ"മെന്നുള്ള അടുത്ത അവസ്ഥയെ പ്രാപിച്ചു.

"എന്റെയേകധനമങ്ങു, ജീവന-
ങ്ങെന്റെ ഭോഗമതുമെന്റെ മോക്ഷവും
എന്റെയീശ, ദൃഢമിപ്പദാംബുജ-
ത്തിന്റെ സീമയിതുപോകിലില്ല ഞാൻ"

എന്നുപറഞ്ഞു് ഉദ്വേഗത്തോടുകൂടി സന്ന്യാസിയുടെ കാലിൽ കടന്നുപിടിച്ചു. സന്ന്യാസിയാകട്ടെ,

"പാവനാംഗി, പരിശുദ്ധസൗഹൃദം
നീ വഹിപ്പതതിലോഭനീയമാം;
ഭാവിയാസ്സതു ചിതാശവങ്ങളിൽ
പൂവുപോലശുഭമന്യശാരങ്ങളിൽ"

എന്നുപദേശിച്ചു വീണ്ടും പിന്മാറുകയാണു ചെയ്തതു്. ഈ ആശാഭംഗം സഹിക്കുന്നതിനുള്ള ശക്തി നളിനിക്കുണ്ടായില്ല. അവൾ മൂർച്ഛിച്ചു. നിലത്തു പതിക്കുവാൻപോയ അവളുടെ ദേഹത്തെ സന്ന്യാസി സഹസ്തങ്ങളിൽ സ്വീകരിച്ചു. ഉടൻതന്നെ അവൾ "ചരമമേഘവൃഷ്ടിപോൽ" കണ്ണുനീർ പൊഴിച്ചു. അപ്പോൾതന്നെ,

"ഓമലാൾമുഖമതിന്നു നിർഗ്ഗമി-
'ച്ചോ'മിതി ശ്രുതിനിഗൂഢവൈഖരി;
ധാമമൊന്നുടനുയന്നു മിന്നൽപോൽ
വ്യോമമണ്ഡലമണഞ്ഞു മാഞ്ഞിതേ"

ചരമമേഘവൃഷ്ടിക്കുശേഷം ജീവജ്യോതിസ്സ് മിന്നൽപോലെ ഉയൎന്ന് ആകാശമണ്ഡലത്തിൽ ലയിക്കുകയും സന്ന്യാസിയേയും ലോകത്തേയും അന്ധകാരമയമായ ആശാഭംഗത്തിലും അത്ഭുതത്തിലും നിമഗ്നമാക്കുകയും ചെയ്തു. നളിനിയുടെ ജീവിതംകൊണ്ടു സാധിക്കാത്ത സംഗതി അവൾ മരണംകൊണ്ടു സാധിച്ചു. വിഷയവിമുഖനായിരുന്ന സന്ന്യാസിയുടെ ശുഷ്കഹൃദയത്തിലും അവൾ പ്രണയപ്രദീപം കൊളുത്തി. ജീവശക്തികൾ എണ്ണപോലെ അവസാനിച്ചു. ദേഹം തിരിപോലെ നിഷ്പ്രയോജനമായി. ആത്മാവു ജ്വാലപോലെ അന്തൎദ്ധാനം ചെയ്തു. പ്രണയദീപം കെട്ടു. എന്നാൽ അതിൻെറ പ്രഭാപൂരം ഇനിയും നിലനില്ക്കുന്നു.

കാവ്യവിഷയം, ബന്ധനരീതി, ആദൎശശുദ്ധി മുതലായവയിൽ കുമാരനാശാൻതന്നെയും ഇതിലധികം ഉയരുന്നതിനു സാധിച്ചിട്ടില്ല. ഇവിടെ അദ്ദേഹം ഗരുഡനെപ്പോലെ തൻെറ ദിവ്യവാസനാപക്ഷങ്ങൾ വീശി ലോകാലോകങ്ങളെ അവലോകനംചെയ്ത് ആകാശത്തിൽ വളരെ ഉയരത്തിൽ സഞ്ചരിക്കുകയും, മനോഹരകൂജനംകൊണ്ടു മനുഷ്യഹൃദയത്തിൽ അമൃതസേചനം ചെയ്യുകയും ചെയ്യുന്നു.

ആശാൻെറ കവിതാരീതിയെപ്പററി ചിന്തിക്കുന്ന യാതൊരാൾക്കും നളിനിയെ വിസ്മരിക്കാൻ സാധിക്കുകയില്ല. അദ്ദേഹത്തിൻെറ കവിത എപ്പോഴും വ്യംഗ്യപ്രധാനമാണ്. നളിനിയുടെ ഏകാന്തഗാനത്തിൽ അന്തൎഭവിച്ചിരിക്കുന്ന ആശയത്തിൻെറ വ്യംഗ്യഭംഗി നാം അ

ന്ദ്യത്ര പ്രസ്താവിച്ചുകഴിഞ്ഞു. ലേഖനദൈൎഘ്യത്തിൽ ഭയന്നു് ആ വിഷയത്തിലേയ്ക്കു് ഇനിയും ഞാൻ പ്രവേശിക്കുന്നില്ല. ഹൃദയംഗമങ്ങളായ ചില അലങ്കാരഭംഗികളെക്കൂടി എടുത്തു കാണിച്ചുകൊള്ളട്ടെ. നളിനിയുടെ ശ്രവണമനോഹരമായ ഗാനം കേട്ടപ്പോഠം വനത്തിൽ ഉണ്ടായ അവസ്ഥ നോക്കുക.

'ഹാ! വിശിഷ്ടമൃദുഗാനമിന്നി നീ
കൂവിടായ്ക കുയിലേ, യനക്ഷരം;
ഏവമോതിയലയും മരങ്ങഠംതൻ-
പൂവെഴും തല തളിൎത്തശാഖയും.'

അത്യന്തം സരസമായ ഒരു ഉൽപ്രേക്ഷയാണു് ഇതു്. ഇതിലെ 'അനക്ഷരം' എന്ന പ്രയോഗമാണു നമ്മെ ആദ്യമായി ആകൎഷിക്കുന്നതു്. കുയിലിൻെറ ഗാനം അക്ഷരരഹിതമാണു്. അതുകൊണ്ടു നളിനിയുടെ വൈഖരീവിലാസത്തെ ജയിക്കുന്നതിനു് അതിനു ശക്തിയില്ല. അനക്ഷരത്തിനു തെറവു് എന്നും അൎത്ഥമുണ്ടല്ലോ. സ്വരങ്ങളുടെ ആരോഹണാവരോഹണങ്ങളും രാഗങ്ങളിൽ ചില സ്വരങ്ങഠംക്കു മാത്രം പ്രാധാന്യം കൊടുക്കുന്ന സമ്പ്രദായവും ബാല്യകാലത്തിൽ നല്ലവണ്ണം അഭ്യസിച്ചു ശീലിച്ചിട്ടുള്ള നളിനിയുടെ കണ്ഠത്തിൽനിന്നും വികാരപാരവശ്യത്തോടുകൂടി പുറപ്പെടുന്ന മനോഹരമായ ഗാനത്തിൻെറ സാന്നിദ്ധ്യത്തിൽ കുയിലിൻെറ ശബ്ദം ഒരുതരം അപസ്വരമായി തോന്നുന്നതുനിമിത്തം അതു തെറവുതന്നെയാണു്. ഉത്തരാൎദ്ധത്തിൽ,

'ഏവമോതിയലയും മരങ്ങൾതൻ
പൂവെഴും തല തളിർത്ത ശാഖയും' എന്ന ഭാഗത്തിൽ കാണുന്ന ഓതി എന്നുള്ള ക്രിയ തലയ്ക്കും, ശാഖയ്ക്കും ചേർക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇവ രണ്ടും ഒരേ സംഗതിയല്ല ഓതിയതു്. 'മരങ്ങൾതൻപൂവെഴുംതല' കാററിൽ ഉലയുന്നതുകണ്ടാൽ അതു് 'ഹാ വിശിഷ്ടമുഗ്ഗാനം' എന്നു തലകുലുക്കി സമ്മതിക്കുകയായിരുന്നു. പൂവെഴുംതല എന്നു പറഞ്ഞതുകൊണ്ടു വൃക്ഷങ്ങൾ ശൃംഗാരപ്രിയന്മാരും അനുഭവരസികന്മാരുംകൂടിയാണെന്നു സൂചിപ്പിക്കുന്നു. ഗാനത്തെ അഭിനന്ദിക്കുന്നതിനുള്ള അർഹത നിശ്ചയമായും അവക്കു് ഉണ്ടു്. ഇനി തളിർത്ത ശാഖകൾ എന്താണു ചെയ്തതു്. അവയാണു കുയിലിനോടു് 'അനക്ഷരം കൂവിടായ്ക' എന്നു വിലക്കിയതു്. ഹൃദയംഗമമായ ഒരു ഗാനം കേട്ടുകൊണ്ടിരിക്കുമ്പോൾ മററൊരു സ്ഥലത്തുനിന്നും ഒരു അപസ്വരം പുറപ്പെട്ടാൽ ഒരു സഹൃദയനുണ്ടാകുന്ന അനുഭവമാണു് ഇവിടെ വൃക്ഷങ്ങൾക്കുണ്ടാകുന്നതു്. ഗാനത്തിന്റെ മനോഹരതയിൽ തലയാട്ടി രസിക്കുന്നു. ശ്രവണശല്യമായ അപസ്വരത്തെ കൈകൾകൊണ്ടു് അരുതു് എന്നു നിഷേധിക്കുകയും ചെയ്യുന്നു. തളിർത്ത എന്ന പദത്തിന്റെ പ്രയോഗം കൈകളുടെ അരുണവർണ്ണത്തെ സൂചിപ്പിക്കുന്നതിനാണു്. നോക്കു, എത്ര ഹൃദയംഗമമായ ഉൽപ്രേക്ഷയാണു് ഇതെന്നു്! ഇതുപോലെയുള്ള ഉൽപ്രേക്ഷകൾ പ്രസ്തുത ഗ്രന്ഥത്തിൽ വേറെയും ധാരാളമുണ്ടു്. പക്ഷെ അവയെ ഉദ്ധരിച്ചു വ്യാഖ്യാതാവിന്റെ ഭാരം ഞാൻ ചുമക്കാൻ വിചാരിക്കുന്നില്ല.

അപ്രത്യക്ഷമായ ഒരു സംഗതികൂടെ പറഞ്ഞു് ഇപ്പോഠംതന്നെ ദീഘമായ ഈ ലേഖനം അവസാനിപ്പിക്കട്ടെ. വരാൻപോകുന്ന സംഭവങ്ങഠം അവയുടെ നിഴലുകളെ മുൻകൂട്ടി സമപ്പിക്കുന്നുവെന്നു ചിലർ വിശ്വസിക്കുന്നു. സത്യസ്വരൂപവും, നിമ്മലവുമായ ഒരു ഹൃദയത്തിൽ അതു കണ്ണാടിയിലെന്നപോലെ പ്രതിഫലിച്ചെന്നും വന്നേയ്ക്കാം. എങ്കിലും മനുഷ്യൻെറ ബുദ്ധിശക്തി അത്യന്തം പരിമിതമായതുകൊണ്ടു് അവയുടെ സാരം ഗ്രഹിക്കുന്നതിന്നു് അതു തുലോം അസമത്ഥമായിത്തന്നെയിരിക്കും. എന്നിട്ടും ചില സമയങ്ങളിൽ ധ്രുവനക്ഷത്രംപോലെ അതിദൂരത്തിൽ അതു മങ്ങിമങ്ങി പ്രകാശിക്കുകയും, മനുഷ്യൻെറ വാക്കുകളേയും, പ്രവൃത്തികളേയും, അങ്ങോട്ടുതന്നെ ആകഷിക്കുകയും ചെയ്യേക്കാം. ഹൃദയാകാശത്തിൽ ഉദിക്കുന്ന അതികൃശമായ ജ്യോതിഷ്ഷണികയെ കണ്ടുപിടിച്ചു വചോമാഗ്ഗമായി പുറത്തേയ്ക്കുദ്വമിപ്പിക്കുന്ന ചിന്താശീലന്മാരായ പല കവികളും ഇപ്രകാരം അവരുടെ അന്ത്യദശയെ ചൂണ്ടിക്കാണിച്ചു് 'അറം' എന്നുള്ള ദോഷത്തിന്നടിമപ്പെട്ടിട്ടുള്ളതായി കേരളത്തിൽ പല ഐതിഹ്യങ്ങളും നിലനിന്നുവരുന്നുണ്ടു്. കമ്മശക്തിയിൽ വിശ്വാസമുള്ളവനും, നിമ്മലഹൃദയനും, വിചാരശീലനും, മഹാകവിയുമായ കുമാരനാശാൻ അവർകളും കേരളീയക്കാകമാനം സന്താപകരമായ അദ്ദേഹത്തിൻെറ ചരമത്തെ ജന്മവാസനയുടെ പ്രേരണകൊണ്ടു് ഒന്നിലധികം കാവ്യങ്ങളിൽ ചൂണ്ടിക്കാണിച്ചുവെന്നു വിശ്വസിക്കരുതോ? 'ദുരവസ്ഥ'യിൽ ഒരു ഭാഗത്തു് ഇപ്രകാരം കാണുന്നു.

"എന്തുചെയ്യേണ്ടതെങ്ങോട്ടു പോകേണ്ടതീ-
യന്ധകൂപത്തിലടിഞ്ഞതഹോ ഞാൻ
അന്തമില്ലാതുള്ളോരാഴത്തിലേയ്ക്കിതാ
ഹന്ത, താഴുന്നു താഴുന്നു, കഷ്ടം!
പിന്തുണയും പിടിയും കാണാതുൾഭയം
ചിന്തി ദുസ്സ്വപ്നത്തിലെന്നപോലെ
പൊന്താനുഴറുന്നു കാൽനില്ക്കുന്നില്ലെൻറ
ചിന്തേ, ചിറകുകൾ നൽകണേ നീ."

ഇതുപോലെതന്നെ 'കരുണ'യിലും 'ചിന്താവിഷ്ടയായ സീത'യിലുംകൂടി കാണുന്നുണ്ട്. 'ലീല'യിൽ നായകനും നായികയും നദിയിൽ ചാടി മരിക്കുന്നു. നളിനി വെള്ളത്തിൽ ചാടി മരിക്കാൻ ഭാവിക്കുന്നു. ഇങ്ങനെ അദ്ദേഹത്തിൻെറ കാവ്യകഥകളിൽ പലതിലും പ്രതിബിംബിച്ചുകാണുന്നതു ജന്മാന്തരകർമ്മവാസനാഫലത്തിൻെറ അവ്യക്തച്ഛായതന്നെയല്ലയോ?

നളിനി മലയാളസാഹിത്യത്തിലെന്നപോലെ കുമാരനാശാൻെറ കവിതകളിലും ഒരു പ്രധാനസ്ഥാനം അർഹിക്കുന്നു. ആശാൻെറ ഭാഷാരീതി പ്രായേണ ക്ലിഷ്ടമാണെന്നും അദ്ദേഹത്തിൻെറ കവിതകളിൽ ആലങ്കാരികന്മാർ കാവ്യദോഷങ്ങളായി പറഞ്ഞിട്ടുള്ളവ സകലതും കണ്ടുമുട്ടാൻ സാധിക്കുമെന്നും പലക്കും അഭിപ്രായം ഉണ്ട്. നളിനിയിലും അപ്രകാരമുള്ള പലതും ഉണ്ടായിരിക്കാം. എന്നാൽ ആ മനോഹരകാവ്യം വായിച്ചു മതിമറന്നു രസിച്ചതിനുശേഷം ആ വക ദോഷങ്ങളെപ്പററി ചിന്തിക്കുന്നതു്, ഒരു ഒന്നാന്തരം സദ്യ വയറുനിറച്ചു് ഉണ്ടതിനു ശേഷം അതിനെപ്പററി ദുഷിക്കുന്നതിനു തുല്യമാണു്.

തന്നതില്ല പരനുള്ളകാട്ടവാ-
നൊന്നുമേ നരനുപായമീശ്വരൻ;
ഇന്നു ഭാഷയതപൂർണ്ണമിങ്ങഹോ
വന്നുപോം പിഴയുമത്ഥശങ്കയാൽ.

എന്നു നളിനിയിൽ കാണുന്ന ശ്ലോകം കവി തന്റെ കവിതയെപ്പററി ചെയ്യുന്ന വിനയപൂർവ്വമായ ഒരു വിമശനമാണെന്നു ധരിച്ചാൽ മതി.

ഡി. പത്മനാഭനുണ്ണി എം. എ.

## സംസ്കൃതനാടകങ്ങളുടെ അഭിനയ യോഗ്യത.

സ്മരണീയാപദാനനായ പ്രൊഫസ്സർ വിൻറർനിററ്സ് ഒരിടത്തു പറഞ്ഞിട്ടുണ്ട്, സംസ്കൃതനാടകങ്ങളിൽ അധികവും അനുവാചനമാത്രക്ഷമങ്ങളാണെന്ന്. ഭാരതീയ സാഹിത്യത്തിലെ ഭാസുരാംശങ്ങളെക്കുറിച്ചു പറയുമ്പോഴും പാശ്ചാത്യന്മാർ തെററിപ്പോകാറുണ്ടെന്നുവെച്ച്, ഈ അഭിപ്രായം അബദ്ധമെന്നു വിധിക്കുവാൻ ധൈര്യംപോരാ. ഇതഃപര്യന്തം കണ്ടിട്ടുള്ള സംസ്കൃതരൂപകങ്ങളും അവയെ ഭരിക്കുന്ന വിധിനിഷേധങ്ങളും സൂക്ഷിച്ചു പഠിക്കുന്നവക്കു വിൻറർനിററ്സ് തീരെ അകാര്യകഥനം ചെയ്തിട്ടില്ലെന്നു സമ്മതിക്കേണ്ടിവരും.

എന്തെല്ലാമാണ് സംസ്കൃതത്തിലെ മൌലികങ്ങളായ അഭിനയവിധികൾ? നടനമെന്നുവെച്ചാൽ അവ

സ്ഥാനുകരണമാണെന്നു് ഭരതമഹർഷി പറഞ്ഞിരിക്കുന്നു. ഇതിലെ അവസ്ഥാശബ്ദം ഉണ്ടാക്കിയിട്ടുള്ള 'കണ്ടാമണ്ടി'കഠം കുറച്ചൊന്നുമല്ല. അനേകം നിശ്ചലാവസ്ഥകളുടെ സന്ദർഭമാണു് നാടകമെന്നു വന്നപ്പോഠം അതിൻെറ ക്രിയാത്മകത്വം പൊയ്പ്പോയില്ലേ എന്നാണു് ഒരു ഭാഗക്കാരുടെ വാദം. ക്രിയാവൈചിത്ര്യമില്ലെങ്കിൽ, നാടകം, വിരുദ്ധശക്തികളുടെ ബഹിരന്തർമ്മത്സരങ്ങഠംക്കു് രംഗമാകാൻ പ്രയാസം. അതു്, പിന്നെ അഭിനയക്ഷമമാകുന്നതെങ്ങനെ എന്നവർ ചോദിക്കുന്നു. നാടകീയമായ ക്രിയാംശത്തെ സർവ്വോപരിഷ്ഠമായെണ്ണുന്ന പാശ്ചാത്യന്മാരുടെ നാടകങ്ങഠം ഗത്യാത്മകങ്ങളെങ്കിൽ (Dynamic) അവസ്ഥാനുകരണവ്രതന്മാരായ പൌരസ്ത്യന്മാരുടെ രൂപങ്ങഠം സ്ഥിത്യാത്മകങ്ങളാണെന്നാകുന്നു (Static) വാദത്തിൻെറ സംക്ഷേപം. പക്ഷേ ഇവിടെ ഒരു തത്വം വിസ്മരിക്കപ്പെട്ടിരിക്കുന്നു. പൃഥക്കരിച്ചാൽ നിശ്ചലപ്രായങ്ങളായ അനേകം അവസ്ഥകളുടെ അനുക്രമമായ മേളനമല്ലേ ഒരു ക്രിയ അഥവാ ഒരു സംഭവമായിത്തീരുക? സിനിമയിൽ ശതക്കണക്കിനു് നിശ്ചലാവസ്ഥകളുടെ പ്രതിരൂപങ്ങഠം ത്വരിതക്രമേണ പ്രദർശിപ്പിക്കുമ്പോഴെ പ്രേക്ഷകന്മാക്കു ക്രിയാമയമായ രംഗത്തിൻെറ പ്രതീതി ഉണ്ടാവുന്നുള്ളു. ആ നിലക്കു്, അവസ്ഥാനുകരണം എന്നുള്ള ലക്ഷണം അവലംബിച്ചു് സംസ്കൃതനാടകങ്ങഠം ക്രിയാപ്രധാനങ്ങളല്ലെന്നു വാദിച്ചാൽ സാഹസമായിരിക്കും. പരമാത്ഥത്തിൽ ക്രിയാംശക്കുറവു് സംസ്കൃതനാടകങ്ങളിൽ പലതിനും ഉണ്ടു്. അതിനുള്ള കാരണം എന്തെന്നു് വേറെ വഴിക്കുവേണം അന്വേഷിക്കുവാൻ.

അഭിനയത്തെ സാത്വികാംഗികവാചികാഹാൎയ്യങ്ങളെന്നു നാലായി വേൎതിരിക്കയും, നാടകത്തിലെ അൎത്ഥപ്രകൃതികളും അവസ്ഥകളും അഞ്ചായി വിഭജിക്കയും, തദുഭയസംബന്ധത്തിന് പഞ്ചസന്ധികൾ വിധിക്കയുംചെയ്ത ഭരതാദികൾക്ക് നാടകകലാരഹസ്യങ്ങൾ നിശ്ശേഷം മനസ്സിലായിരുന്നിരിക്കണം. പക്ഷേ അവർ നാടകാഭിനയം സാത്വികാംശത്തെ പ്രമുഖീകരിച്ചായിരിക്കണമെന്ന് നിൎബന്ധിക്കാനിടയായി. (നട അവസ്ഥന്ദ ഇത്യസ്മാദ്ധാതോരീഷച്ചലനാൎത്ഥാത് ണ്യത് പ്രത്യയേ നാട്യമിതി വ്യുത്പത്യാ സാത്വികാഭിനയ ബാഹുല്യം സൂച്യതെ.) സാത്വികാഭിനയമാണെങ്കിൽ രസഭാവനിൎഭരമാണെന്നു പറയേണ്ടല്ലൊ. (രസവിഷയം സാത്വികബഹുലം നാട്യം.) ആംഗിക വാചികാഹാൎയ്യങ്ങൾ സാത്വികത്തെ ഉപസ്കരിക്കയേ വേണ്ടൂ. അപ്പോൾ ഒരു മാതിരി മാനസികാഭിനയത്തിൽ കലാശിക്കും നാടകം. സകല വികാരോപശമരൂപമാണെന്നു പറഞ്ഞ് ശാന്തരസത്തിന് നാടകത്തിൽ സ്ഥാനം നിഷേധിച്ച മഹാശയന്മാർ തീൎച്ചയായും നാടകത്തെ സാത്വികൈകവിരാജിതമായി എണ്ണിയിരുന്നിരിക്കണം. അഭിനയം മാനസികമായിത്തീൎന്നാൽ വിരുദ്ധശക്തികളുടെ ബഹിസ്സംഘട്ടനം എന്നൊന്നു നാടകത്തിൽ കടക്കുകയില്ല. ശരീരക്രിയോപനിബദ്ധങ്ങളായ സംഭവങ്ങൾ നിസ്സാരമായിരിക്കും. സംഭാഷണങ്ങളും തഥൈവ. ഭാവനിൎഭരങ്ങളായ കവിതകൾക്കാവട്ടെ അവസരം വളരെക്കാണും. അങ്ങനെയുള്ള നാടകം, വിൻറർനിററ്സ് പറഞ്ഞപോലെ, വായിച്ചു രസിക്കാനല്ലേ അധികം ഉപകരിക്കുക?

കരുന്ന സംശോധിതമായ സ്നേഹത്തിന്റെ പരഭാഗത്തോ ളം എത്തിയിട്ടുള്ള ഉത്തരരാമചരിതം നോക്കേണ്ട താമസമേയുള്ളു. ഈ വാസ്തവം ഗ്രഹിക്കുവാൻ. ദ്വിജേന്ദ്ര ലാൽറായി അഭിപ്രായപ്പെട്ടപോലെ, ഉത്തരരാമചരിതത്തിൽ രണ്ടേരണ്ടു സംഭവങ്ങളേയുള്ളു—സീതാരാമന്മാരുടെ വിശ്ലേഷ സംശ്ലേഷങ്ങൾ മാത്രം. ബഹിരാഘാത പ്രത്യാഘാതങ്ങൾക്ക് അതിലിടമില്ല. ഒന്നും ഏഴും ഒഴിച്ചുള്ള അങ്കങ്ങളിൽ രാമഹൃദയത്തിലെ വികാരമത്സരമാണ് പ്രതിപാദ്യം. അതശേഷം ഒന്നാന്തരം കവിതയായിപ്പകർന്നിരിക്കുന്നു. പക്ഷെ ഉത്തമസഹൃദയന്മാക്കു മാനസികാഭിനയംകൊണ്ടുമാത്രം തൃപ്തിപ്പെടാൻ കഴിഞ്ഞേക്കാം. അവക്ക് ഉത്തരരാമചരിതംപോലെയുള്ള നാടകങ്ങൾ അരങ്ങേറിക്കണ്ടാലും അരോചകമായെന്നു വരില്ല. പക്ഷെ അങ്ങനെയുള്ള സഹൃദയന്മാർ ജോലിത്തിരക്കുകൊണ്ടു വല്ലാതെ വിഷമിക്കുന്ന ഇന്നത്തെ ലോകത്തിൽ ഒരു കോണിലെങ്ങാനും ഒതുങ്ങാനല്ലെ ഉള്ളു?

മധ്യമസഹൃദയന്മാരെക്കൊണ്ട് നിറഞ്ഞ ലോകത്തിൽ ആംഗിക വാചികാഭിനയങ്ങൾക്ക് പ്രാമുഖ്യം കല്പിച്ചുള്ള നാടകങ്ങളെ അരങ്ങത്ത് ശോഭിക്കൂ. കുറഞ്ഞപക്ഷം സാത്വികത്തോടൊപ്പമെങ്കിലും ആംഗിക വാചികങ്ങൾക്ക് സ്ഥാനം ഉണ്ടായിരിക്കണം. അന്തഃകരണസംഭവങ്ങൾക്കെന്നപോലെ ബഹിരംഗകൃതങ്ങളായ സംഭവങ്ങൾക്കും നാടകത്തിൽ ധാരാളം പ്രസക്തി വേണമെന്നു സാരം. ശ്രവണമാത്രത്താൽ അത്ഥം ഗ്രഹിക്കാൻ സൌകയ്യമില്ലാത്ത ശ്ലോകങ്ങളേക്കാളധികം

കൊച്ചുകൊച്ചു വാചകങ്ങളിലുള്ള സ്വാഭാവികമായ സംഭാഷണങ്ങളാണാവശ്യം. നീട്ടിപ്പിടിച്ചുള്ള വൎണ്ണനങ്ങൾ ചിലപ്പോൾ സീനുകളുടെ അഭാവത്തിലും മററും വേണ്ടിവരുമെങ്കിലും കഴിയുന്നത്ര ഉപേക്ഷിക്കേണ്ടവയാണു്. തമിഴൻ ഭാഗവതന്മാർ നിന്നനില്പിൽ കുടുകുടെ വിയത്തൊലിക്കുമാറു് കണ്ഠക്ലേശം ചെയ്തു് രാഗാലാപകലാപത്തിലേർപ്പെട്ടിട്ടുണ്ടാകുന്ന വൈഷമ്യങ്ങൾ അറിയുന്നവൎക്കു് ഇക്കാൎയ്യം പണ്ടേ മനസ്സിലായിക്കാണും. നായികാനായകന്മാർ ധീരോദാത്തരും മററുമാണെന്നു് നൊറിയിൽ എഴുതിപ്പതിച്ചാൽ പോരാ, സ്വന്തം കൎമ്മങ്ങൾകൊണ്ടും സ്വഭാവം വെളിവാക്കുകയും വ്യക്തിത്വം പരിരക്ഷിക്കുകയുംകൂടി വേണം. കഥയാണെങ്കിൽ രണ്ടു ബിന്ദുക്കളെ തമ്മിൽ ഘടിപ്പിക്കുന്ന ഋജുരേഖയെപ്പോലെ ശീഘ്രഗതിയായിരിക്കണം. ഏകാഗ്രതക്കു് ഭംഗം ചെയ്യുന്ന യാതൊന്നും വയ്യ. നേരെമറിച്ചു, വീട്ടിൽനിന്നു രാവിലെ പുറപ്പെട്ടു് കണ്ടദിക്കിലെല്ലാം കയറിയിറങ്ങി സമയംകളഞ്ഞു് ഒടുവിൽ ഉദ്ദിഷ്ടസ്ഥാനത്തെത്താതെ കുഴങ്ങുന്ന ഒരുവക ആളുകളെപ്പോലെയോ, പത്തോ ഇരുപതോ വാണക്കുററികൊണ്ടു നേരം വെളുപ്പിക്കുന്ന വെടിക്കെട്ടുപോലേയോ കഥയായിപ്പോയാൽ നാടകം കാണാൻ ആളുണ്ടാകയില്ല. ഇപ്പറഞ്ഞ വസ്തുതകൾ നാടകത്തെ സ്വാഭാവികമാക്കുവാൻ മാത്രമല്ല, ഷ്ലീഗൽ പറയുംപോലെ, പ്രേക്ഷകന്മാർ പരസ്പരം വൎത്തമാനത്തിലേപ്പെട്ടു് വ്യപനീതമാകാൻ ഇടയുള്ള അവരുടെ ശ്രദ്ധയെ സമാകൎഷിച്ചു് രംഗത്തിൽ കേന്ദ്രീകരിക്കാൻ പൎയ്യാപ്തമാംവണ്ണം വിരുദ്ധശക്തികളുടെ ബഹിൎമ്മത്സരത്തെ അടി

ക്കടി വളൎത്തിക്കൊണ്ടുപോകാൻകൂടി ഉതകുന്നവയാകു ന്നു. സംസ്കൃതനാടകങ്ങളിൽ ഈ ലക്ഷണമൊത്ത കൃതി കളില്ലെ? കുറച്ചെണ്ണം ഉണ്ട്. ഭാസകൃതികളെന്നു വി ചാരിക്കപ്പെടുന്ന സ്വപ്നവാസവദത്തം, പ്രതിജ്ഞായൗ ഗന്ധരായണം, ഊരുഭംഗം, മദ്ധ്യമവ്യായോഗം മുതലായ വയും മൃച്ഛകടികവും, ശാകുന്തളവും — അത്രയേയുള്ളു. പഴംകഥകളാണെന്നുവെച്ച് അവയെ കുഴിച്ചുമൂടാൻ വെമ്പുന്നവരുണ്ടാകാം. യഥാൎത്ഥത്തിൽ അവയ്ക്കുള്ള നാ ടകീയമായ മേന്മ കാലദേശാതിവൎത്തിയാണ്. ഭാസകൃ തികൾ വിശേഷിച്ച് അഭിനയക്ഷമങ്ങളായിട്ടുണ്ട്. അ ടിക്കടി അമരകോശം ചൊല്ലിക്കുന്ന പദങ്ങളോ കൌമു ദിനോക്കിക്കുന്ന വികടപ്രയോഗങ്ങളോ, തല്ലിപ്പൊട്ടിക്കേ ണ്ടുന്ന ഉല്ലേഖങ്ങളോ, സ്വപ്നവാസവദത്താദികളിൽ കാണാത്തതിനാൽ അവയുടെ കൎത്താവ് വലിയൊരു ക വിയെ അല്ലെന്നു വിധി പറയുന്നവർ ഇല്ലെന്നില്ല. എ ന്നാൽ കവിതയുടെ തികവ് സാമഗ്രികളെ യഥോ ചിതം വിനിവേശനംചെയ്ത് നാടകത്തെ ജീവിതത്തി ൻെറ ഉജ്വലചിത്രമാക്കിത്തീൎക്കുന്നതിലാണെന്നു വിശ്വ സിക്കുന്ന സചേതസ്സുകൾ ഭാസനെ കാളിദാസ വചസ്സു കളിൽ മുക്തകണ്ഠം സ്തുതിച്ചുകൊള്ളും. ഉദയനൻ, വാ സവദത്ത, യൌഗന്ധരായണൻ, ദുൎയ്യോധനൻ, ദുജ്ജ യൻ, ലക്ഷ്മണൻ, ബ്രാഹ്മണാത്മജൻ, കൃഷ്ണൻ, കൎണ്ണൻ എന്നിങ്ങനെ പഴയപഴയ പേരുകളിൽ ഭാസൻ സൃഷ്ടി ച്ച സജീവങ്ങളും ഭിന്നഭിന്നങ്ങളുമായ പാത്രങ്ങൾ, നാട കരംഗത്തിൽ വന്നുപൊയ്ക്കൊണ്ടിരിക്കുമ്പോൾ ‘ബലേ

ഷേഷ്' വെച്ചുകൊടുക്കാത്തവർ ഇന്നും വരാകന്മാർതന്നെയായിരിക്കും.

"ബഹുശോ/പ്യുപദേശേഷു
തയാമാമീക്ഷമാണയാ
ഹസ്തേനസ്രസ്തകോണേന
കൃതമാകാശവാദിതം".

"നമോചയാമിരാജാനം
നാസ്മിയൌഗന്ധരായണഃ"

"സമം ബാഷ്പേണപതതാ
തസ്യോപരിമമം പൃധഃ
പിതുർമ്മേക്ലേദിതൌപാദൌ
മമാപിക്ലേദിതംശിരഃ".

ഇത്യാദി പ്രസന്നകോമളങ്ങളും അതിവാഗ്രസ്വങ്ങളുമായ പദ്യങ്ങൾകൊണ്ടു കൈകാര്യംചെയ്ത ഭാസന്റെ നടനകലാജ്ഞാനം എത്ര അഭിനന്ദനീയം! ശാകുന്തളം അഭിനയംകൊണ്ടെന്നപോലെ വായനകൊണ്ടും സഹൃദയന്മാരെ പരമാനന്ദശൌണ്ഡരാക്കുന്ന വിശേഷാത്തരനിബന്ധമാണെന്നു അനുഭവസിദ്ധമാണല്ലോ. ആദ്യത്തെ വരി എഴുതിയപ്പോൾ ഒടുവിലെ വരിവരെ കാളിദാസൻ സ്വരൂപണം ചെയ്തിരിക്കണമെന്നും അക്കഥ വായനക്കാരിൽനിന്നു് അദ്ദേഹം മനഃപൂർവ്വം മറച്ചുവെച്ചിരിക്കയാണെന്നും പറയുകയാണെങ്കിൽ കാളിദാസകലാവിലാസത്തിന്റെ ബോധപൂർവ്വകതവും സുകുമാരതവും ഊഹിക്കാം. ഭാസൻ അനുഭവോപജീവിയെങ്കിൽ കാളിദാസൻ കല്പനോപജീവിയാണു്. ഒരാൾ അനുഭവത്തെ

കല്പനാത്മകമാക്കുവാനും മറേറയാ൦ കല്പനയെ അനുഭവാത്മകമാക്കുവാനും ശ്രമിക്കുന്നതായി തോന്നും. മൃച്ഛകടികം ധാരാളം ക്രിയാവൈചിത്ര്യവും പാത്രവൈവിധ്യവും ബഹിരന്തർമ്മത്സര സാന്നിധ്യവും ഉള്ളോരു നിബന്ധനമാണ്. കണക്കുവിട്ട് നീണ്ട് പ്രകരണമായിപ്പോയിട്ടുണ്ടെങ്കിലും അരങ്ങത്ത് അകൃതി അസ്സലായിരിക്കും. പ്രൊഫസ്സർ വിൽസൺ അതിനെക്കുറിച്ചു പറയുന്നതിപ്രകാരമാണ്. "The Mrichakatika is in many respects the most *human* of all the Sanskrit plays. There is something strikingly Shakesperian in the skilful drawing of characters, the energy and life of the large number of personages in the play, and in the directness and clearness of the plot itself".

സംസ്കൃതത്തിൽ ഇനിയും നാടകങ്ങ൦ ഒട്ടുവളരെയുണ്ട്. പല കാരണങ്ങളാലും അവ അഭിനേയങ്ങളല്ലാതായിരിക്കുന്നു. സാത്വികാഭിനയപ്രധാനത മാത്രമാണ് കാരണമെങ്കിൽ വേണ്ടില്ലെന്നു വെക്കാം. പക്ഷെ മററു കാരണങ്ങ൦ അതിലും വലിയവയായിട്ടുണ്ട്. പരിണയാന്ത പ്രേമപ്രതിപാദകങ്ങളായ നാടകങ്ങളിൽ ഒട്ടുമുക്കാലും ഒരേ അച്ചിൽ വാർത്തവയാണ്. പാത്രങ്ങ൦ക്കോ സംഭവങ്ങ൦ക്കോ അനുരാഗത്തിൻെറ ഉൽപത്തി പരിണാമങ്ങ൦ക്കോ വിചിത്രത വരുത്താൻ തൽക്കർത്താക്ക൦ക്കു കഴിഞ്ഞിട്ടില്ല. എല്ലാം സങ്കേതമയം. ജീവിതത്തെ നേരിട്ടു നിരീക്ഷിക്കുന്നതിനുപകരം പൂർവ്വാചാര്യക

ഥന്ദങ്ങളിൽനിന്നു പകൎത്താനെ ഓരോ കവിയും ശ്രമി ച്ചിട്ടുള്ളു. ഇന്ദുലേഖയെ അനുകരിച്ച് മലയാളത്തിൽ മേൽക്കുമേൽ എഴുതപ്പെട്ട ·വിവാഹനോവലുകൾകൊ ണ്ടെങ്ങനാൽ പ്രസ്തുത നാടകങ്ങൾക്ക് നഷ്ടം നേരിടുകയി ല്ല. ചിലതിൽ അസാംഗത്യങ്ങൾതന്നെ ധാരാളം കട ന്നുപററിയിട്ടുണ്ട്. മുദ്രാരാക്ഷസത്തിന്നു പറയത്തക്ക ദോ ഷങ്ങളുണ്ടെന്നു പറഞ്ഞുകൂടാ. പക്ഷെ അതിലെ കെട്ടു പിണഞ്ഞ ഉപജാപങ്ങളും രാഷ്ട്രമീമാംസാതത്വങ്ങളും അതിനെ 'തനിഗൌരവ'ക്കാൎക്കു പററിയൊരു കൃതിയാ ക്കിയിരിക്കുന്നു. പ്രേമത്തിനും വിനോദത്തിനും മററും അ തിന്നരികേപോയാൽ പനിപിടിക്കും. മുട്ടുലവികാരങ്ങ ളുടെ അഭാവംനിമിത്തം മുദ്രാരാക്ഷസം അരങ്ങത്ത് ഒരു മാതിരി 'ബോറാ'കാനാണ് എളുപ്പം. ചരിത്രജ്ഞാന മില്ലാത്ത കാണികൾ ചാണക്യതന്ത്രങ്ങളിൽപെട്ട് വല്ലാ തെ കുഴങ്ങിപ്പോകും.

സംസ്കൃതനാടകങ്ങളുടെ വിശേഷധൎമ്മങ്ങളെക്കുറി ച്ച് ഇനിയും വളരെ പറയാനുണ്ട്. എന്നാൽ അവയു ടെ അഭിനയയോഗ്യത എത്രയുണ്ടെന്നു ധരിക്കുവാൻ ഇതേവരെ പറഞ്ഞ കാൎയ്യങ്ങൾ മതിയാകുമെന്നു വിശ്വ സിക്കുന്നു. വിൻറർനിററ്സ് പുറപ്പെടുവിച്ച അഭിപ്രാ യം കണ്ണടച്ച് അംഗീകരിക്കുവാൻ പാടില്ലെങ്കിലും അ ത് തീരെ നിരാധാരമാണെന്നു പറയുന്നത് കുറച്ചാലോ ചിച്ചു വേണമെന്ന് സൂചിപ്പിച്ചുകൊള്ളട്ടെ!

ജോസഫ് മുണ്ടശ്ശേരി എം. എ.